V. PAPERS LAID ON THE TABLE

Revenue Minister **(Smt. K. R. Gouri):** Sir, I lay on the Table a copy of the Notification G.O.(P)117/PD dated 24th April 1969 (S.R.O. No. 187/69) issued by the Government under sub-section (1) of section 2 of the Kerala Public Services Act, 1968 (Act 19 of 1968) containing amendment to the Kerala General Subordinate Service Miscellaneous posts in the Secretariat Special Rules.

Education Minister **(Shri C. H. Mohammed Koya):** Sir, I lay on the Table a copy of the Notification G.O.(P)No. 215/69/Edn. dated 22nd May 1969(S.R.O. No. 218/69) issued by the Government under section 36 of the Kerala Education Act, 1958 (6 of 1959) containing amendment to the Kerala Education Rules, 1959.

VI. LEGISLATIVE BUSINESS

THE KERALA LAND REFORMS (AMENDMENT) BILL 1968—*(contd.)*

Clause 54

Deputy Speaker: Now we will take up clause 54.

Revenue Minister **(Smt. K. R. Gouri):** We can take it up afterwards.

Clause 56

ഡെപ്യൂട്ടി സ്പീക്കർ: ക്ലോസ് 56 എടുക്കാം. ഇന്നലെ ശ്രീ. ചന്ദ്രശേഖര ശാസ്ത്രി സംസാരിക്കുവാൻ എഴുന്നേററുനിന്നപ്പോഴാണ് സഭ പിരിഞ്ഞത്. ഇന്ന് അദ്ദേഹത്തിനു സംസാരിക്കാം.

ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: സർ, ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ അനുകൂലിക്കുവാൻ നിർവാഹമില്ല. ഒരു കുടികിടപ്പുകാരനെ മാററി താമസിപ്പിക്കുമ്പോൾ അത് അഞ്ചു മൈലിനകത്തായിരിക്കണം എന്നാണ് സെലക്ററു കമ്മിററിയിൽ അഭിപ്രായം ഉണ്ടായതെന്നാണ് എൻെറ ഓർമ്മ. പക്ഷെ, സെലക്ററു കമ്മിററി റിപ്പോർട്ടു ചെയ്ത ബില്ലിൽ വന്നിരിക്കുന്നതു പതിനാറു കിലോമീററർ അകലെ എന്നാണ്. പതിനാറു കിലോമീററർ എന്നു പറയുന്നത് പത്തു മൈലാണ്. ശ്രീ. ചന്ദ്രശേഖരൻ നായർ ആവശ്യപ്പെടുന്നത് അഞ്ചു കിലോമീററർ അകലെ ആയിരിക്കണമെന്നാണ്, അതായത് മൂന്നു മൈൽ ഒരു ഫർലോംഗ് ആണ്. കാർഷികത്തൊഴിലാളികൾക്ക് അവരുടെ താമസസ്ഥലത്തുനിന്നും........

ശ്രീമതി കെ. ആർ. ഗൗരി: ഇതു കുടികിടപ്പുകാരനെ മാററിത്താമസിപ്പിക്കുന്ന പ്രശ്നമല്ല. ഇതു പുതുതായിട്ട് മൂന്നു സെൻറ്, അഞ്ചു സെൻറ്, പത്തു സെൻറ് ഇങ്ങനെ ഒരേക്കറിൽ താഴെയുള്ളവർക്കു കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടിവരുമ്പോൾ അതു എവിടെ ആയിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചാണ്.

ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: അത് അവരുടെ ജോലിയെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം എന്നാണ് എനിക്കു പറയുവാനുള്ളത്. മറെറാരു കാര്യം, നമ്മുടെ രാജ്യത്തെ മൂന്നായി തരംതിരിച്ചു കണ്ടിട്ട് ഇങ്ങനെ മൂന്നു സെൻറ്, അഞ്ചു സെൻറ്, പത്തു സെൻറ് എന്നു കാണണം. മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തരംതിരിച്ചു കാണണം. തീരപ്രദേശത്തെ ഒരു സെൻറ് സ്ഥലത്തിൻെറ വില കൊടുത്താൽ മലംപ്രദേശത്തു പത്തു സെൻറ് വാങ്ങാൻ കഴിഞ്ഞു എന്നു വരാം. അതുപോലെതന്നെ തീരപ്രദേശത്തെ ഒരു സെൻറ് സ്ഥലത്തെ വില കൊടുത്താൽ ഇടനാട്ടിൽ ചിലപ്പോൾ അഞ്ചു സെൻേറാ ആറു സെൻേറാ സ്ഥലം വാങ്ങാൻ കിട്ടി എന്നു വരാം. കുടികിടപ്പുകാരൻ എന്നു പറയുമ്പോൾ സാധാരണ ഒരു കുടികിടപ്പു മാത്രമായിരിക്കുകയില്ല. ഭൂമിയോടു ബന്ധമുള്ള കർഷകത്തൊഴിലാളികൾ വിശേഷിച്ചും ഹരിജൻ വിഭാഗത്തിൽപ്പെട്ട ആളുകൾ ഭൂമിയുടെ രക്ഷിതാക്കളാണ്, ഭൂമിയുടെ അഭിവൃദ്ധിക്ക് എല്ലാ വിധത്തിലും ഉത്തരവാദപ്പെട്ടവരാണ്. അതുകൊണ്ട് ഇങ്ങനെ ഭൂമി കൊടുക്കുമ്പോൾ അവർക്കു തീരപ്രദേശത്താണെങ്കിൽ പത്തു സെൻറും, ഇടനാടുകളിലുള്ള പഞ്ചായത്തുകളിൽ 15 സെൻറും, മലനാടുകളിലെ പഞ്ചായത്തിലാണെങ്കിൽ 20 സെൻറും കൊടുക്കണമെന്ന് ഇതിൽ മാററംവരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വേറൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുവാനുള്ളത്, 1955-ൽ പി. എസ്. പി. ഗവൺമെൻറിൻെറ കാലത്ത് ഇതുപോലെ ഒരു ബിൽ കൊണ്ടുവന്നെങ്കിലും അതു അവതരിപ്പിച്ചു ചർച്ചനടത്താൻ കഴിയാതെപോയി, ആ കാലംമുതൽ വൈരനിര്യാതനബുദ്ധിയോടുകൂടി, പരമ്പരാഗതമായി തലമുറകളായി കുടികിടപ്പുകാരായി കഴിയുന്ന ആൾക്കാരോടു പാട്ടച്ചീട്ടു വാങ്ങുകയും വാടകച്ചീട്ടു വാങ്ങുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള കരണങ്ങൾക്ക് വിധേയരായ കുടികിടപ്പുകാർക്ക് രക്ഷ കിട്ടുവാൻ ഈ ബില്ലിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്യണം എന്നഭ്യർത്ഥിക്കുകയാണ്. മറെറാരു കാര്യം എനിക്കു സൂചിപ്പിക്കുവാനുള്ളത്, പട്ടികജാതി പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളമാണ്. ഈ ബിൽ നിയമമായി വന്നുകഴിഞ്ഞാൽ യാതൊരു കാരണവശാലും, പോലീസിൻെറ പിടിയിലാകാനോ കോടതിയിൽ കയറാനോ ഇട നൽകുന്ന, ഈ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു കാര്യവും ഈ നിയമത്തിൽ ഉണ്ടാകാൻ പാടില്ല. അതു നിർബന്ധമായി കരുതേണ്ട കാര്യമാണ്. കാരണം, ഈ ചർച്ചചെയ്യുന്ന ബില്ലിൽ കുടികിടപ്പുകാരൻ എന്നു പറഞ്ഞിരിക്കുന്നത് ഇവരെ സംബന്ധിച്ചിടത്തോളം വെറും കുടികിടപ്പുകാരൻ എന്ന അർത്ഥത്തിലല്ല. ഭൂമിയോടു ബന്ധമുള്ള, മണ്ണുമായിബന്ധമുള്ള, ഹരിജനങ്ങൾക്ക് ഈ രാജ്യത്ത് ഒരു സെൻറ് ഭൂമിക്കുപോലും ഉടമാവകാശം ഇല്ലാതിരിക്കുന്ന സ്ഥിതിക്ക്—അവരുടെ കൃഷിസ്ഥലങ്ങളെ പാട്ടം എന്നു മാത്രമല്ല പറയുക, ഞങ്ങളുടെ കൊല്ലം ജില്ലയിൽ മേലടിയെന്നും പറയും—അങ്ങനെയുള്ളവരെ ഒഴിപ്പിക്കാൻ കോടതി കയററുവാൻ പാടില്ലാത്ത വ്യവസ്ഥകൾ ഇതിൽ ഉൾപ്പെടുത്തണം.

ശ്രീ. ഗോപിനാഥൻ പിള്ള: നാം എത്രതന്നെ ആലോചിച്ചാലും കോടതിയിൽ കേസു ഫയൽ ചെയ്താൽ അതിൻെറ വിധി ആകുന്നതുവരെ നമുക്കു എന്തു ചെയ്യാൻ പററും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി: കോടതിയിൽ കയറുന്നതു ഒഴിവാക്കാമോ എന്നു നാം പരിശ്രമിച്ചുനോക്കണം. മററൊരു കാര്യം: തലമുറ തലമുറയായി കുടികിടക്കുന്നവരിൽ ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരംഗം ഭാഗ്യവശാലോ നിർഭാഗ്യവശാലോ വിദ്യാഭ്യാസം ചെയ്തു ഒരു ഉദ്യോഗസ്ഥനായിപ്പോയാൽ അയാൾക്കു കിട്ടുന്ന ശമ്പളം ഉപയോഗിച്ചു സ്വന്തം സഹോദരരേയും അച്ഛനമ്മമാരേയും സഹായിക്കുന്നതിനു ശ്രമിച്ചു എന്നു വരാം. അതുപോലെതന്നെ അവർ വല്ല കൂലിപ്പണിക്കും പോയി കിട്ടുന്ന കാശു സംഭരിച്ച് ഈ കുടികിടപ്പിനടുത്തുതന്നെ പത്തോ പതിനഞ്ചോ ഇരുപതോ സെൻറുസ്ഥലം വിലയ്ക്കു വാങ്ങിച്ചിട്ടുണ്ടെങ്കിൽ ആ കാരണത്താൽ ആ കുടുംബത്തിനു കുടികിടപ്പവകാശം ഇല്ലെന്നു പറയുന്നതു ഖേദകരമാണ്. വിദ്യാഭ്യാസം കഴിഞ്ഞ് അയാൾക്കു ഒരു ഉദ്യോഗം ലഭിച്ചുകഴിഞ്ഞാൽ അയാൾ കല്ല്യാണം കഴിഞ്ഞുവരുമ്പോൾ അയാളുടെ പണം കൊടുത്തു വാങ്ങിയിട്ടുള്ള സ്ഥലം അയാളുടെ പേർക്ക് എഴുതി അച്ഛൻ കൊടുത്തു എന്നു വരാം. മൂത്ത മകനാണെങ്കിൽ അങ്ങനെ കൊടുത്തു എന്നു വരാം. എനിക്ക് അങ്ങനെ എഴുതി തന്നിട്ടുണ്ട്. അങ്ങനെ എന്നെങ്കിലും ഒരു സ്ഥലം സ്വന്തമായി ഉണ്ടായാൽ പരമ്പരാഗതമായി കിട്ടുന്ന കുടികിടപ്പവകാശം ഇല്ലാതാകുന്ന നിയമം ഒന്നു മാററണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. പരമ്പരാഗതമായി തലമുറതലമുറകളായി ആ ഭൂമിയിൽ ഉണ്ടാകുന്ന ഉൽപ്പന്നങ്ങളുടെ എല്ലാത്തിൻേറയും കർത്താവായ കർഷകത്തൊഴിലാളികളെ വെറും കുടികിടപ്പുകാരനായി കണ്ടാൽ പോരാ. ഒരു കൊട്ടിലു കെട്ടി അടുത്തുള്ള വ്യവസായശാലകളിൽ പണിയെടുത്ത്, അല്ലെങ്കിൽ മററന്തെങ്കിലും ജോലിചെയ്തു, കഴിയുന്ന വെറും കുടികിടപ്പുകാരനായി ഇവരെ കരുതാൻ പാടില്ല. മണ്ണിനോടുമാത്രം ബന്ധമുള്ള കർഷകത്തൊഴിലാളികൾ എന്നുള്ള കാര്യം മാത്രം കണക്കിലെടുത്തുകൊണ്ട് അവർക്കു വേറെ എത്ര സ്ഥലമുണ്ടായിരുന്നാലും വസ്തുവിൻെറ അവകാശം ദേഹണ്ഡം എന്നുള്ള നിലയിൽ അവർക്കു കുടികിടപ്പവകാശം ഉണ്ടായിരിക്കണം എന്ന കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: സബ്ക്ലോസ് (4)-ൽ ഒരു സംശയമുണ്ട്. അതിനൊരു വിശദീകരണം നൽകണം. കുടികിടപ്പുകാരനെ ഒഴിപ്പിക്കുവാനുള്ള കാരണങ്ങളിൽ ഒരു കാരണമായി പറയുന്നത് that he has another kudikidappu or has obtained ownership and possession of land which is fit for erecting a homestead within a distance of sixteen kilometres from his kudikidappu എന്നാണ്. ഇതിൽ 16 കിലോമീററർ എന്നുള്ളതിനെപ്പററിയല്ല ഞാൻ പറയുന്നത്. കുടികിടപ്പുകാരനു പുരവയ്ക്കുവാൻ കൊള്ളാവുന്ന ഭൂമി എവിടെയെങ്കിലും വാങ്ങിക്കുകയോ സ്വന്തമായി ഉടമസ്ഥാവകാശം കയ്യിൽ കിട്ടുകയോ ചെയ്താൽ കുടികിടപ്പിൽനിന്നും അയാളെ ഒഴിപ്പിക്കാം എന്നാണ് ഇതിൽ പറയുന്നത്. അതു കുടികിടപ്പുകാരൻ എന്ന നിർവചനത്തിനുതന്നെ വിരുദ്ധമാണ്. കുടികിടപ്പുകാരനെ ഒഴിപ്പിക്കുകയാണെങ്കിൽ മൂന്നുസെൻറ്, അഞ്ചുസെൻറ്, പത്തുസെൻറ്, ഇങ്ങനെ കൈവശം വയ്ക്കുവാൻ അവകാശം ഉണ്ട്. ആ വകുപ്പിനെതിരായിട്ടു നിൽക്കുന്നതാണിതെന്നു പ്രഥമദൃഷ്ട്യാ തോന്നിപ്പോകും. അതുകൊണ്ട് അയാൾക്ക് എവിടെയെങ്കിലും ഭൂമിയിൽ ഉടമാവകാശം ഉണ്ടാകുകയാണെങ്കിൽ പുരവയ്ക്കുന്നതിനുവേണ്ടി അതു ഒഴിപ്പിക്കാം എന്നു പറയുന്നതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി: അതിലേയ്ക്ക് ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ്: സർ, 56-ാം വകുപ്പു് 4-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം that he has another kudikidappu or has obtained ownership and possession of land which is fit for erecting a homestead within a distance of sixteen kilometres from his kudikidappu. ചെറിയ തോതിലുള്ള ഭൂമിയിൽ ഉടമസ്ഥനായി വരുന്ന ആളുകളെ അവർ കുടികിടപ്പുകാരനല്ലാതാകുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളവും ശ്രീ. ചന്ദ്രശേഖര ശാസ്ത്രി പറഞ്ഞതുപോലെ ഹരിജനങ്ങളും പട്ടികവർഗ്ഗക്കാരും ഭൂമി കൈവശമുള്ള ആളാണെങ്കിൽതന്നെയും അൽപംകൂടി ഭൂമിയുടെ ഉടമസ്ഥനായി മാറുകയാണെങ്കിൽ അയാളുടെ കുടികിടപ്പവകാശം നഷ്ടപ്പെടുത്തി അയാളെ ഒഴിപ്പിക്കപ്പെടരുതെന്ന് എനിക്കഭിപ്രായമുണ്ട്, ഇന്നലെ മററു ക്ലോസുകളെ സംബന്ധിച്ചു സംസാരിച്ച അവസരത്തിൽ പരിധിക്കപ്പുറം ഭൂമി കൈവശം വയ്ക്കുന്നവരുടെ വക്താവായി സംസാരിക്കുവാൻ വ്യഗ്രത കാണിച്ച റവന്യൂമന്ത്രി ഇവരുടെ കാര്യത്തിൽ മററുള്ളവരുടെ തോതും മാനദണ്ഡവും വയ്ക്കാതെ അൽപ്പം ഭൂമിയുടെ ഉടമയാണെങ്കിൽ തന്നെയും ഹരിജനങ്ങളാണെങ്കിൽ അവരുടെ കുടികിടപ്പവകാശം നഷ്ടപ്പെടുകയില്ലെന്നും അതു ഒഴിപ്പിക്കുന്നതിനുള്ള കാരണമാകുകയില്ല എന്നും ഉള്ള ഭേദഗതി ഈ നിയമത്തിൽ വരുത്തണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതു സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ശ്രീ. ചന്ദ്രശേഖരൻ നായർ ക്ലോസ് 56-ന് അവതരിപ്പിച്ചിട്ടുള്ള രണ്ട് ഭേദഗതികൾ ഞാൻ അംഗീകരിക്കുകയാണ്. അതായത് In clause 56, sub-clause (a) (i) (iv), delete the word 'sixteen' and substitute the word "five". In clause 56, proviso to sub-clause (a) (i) (iv), delete the word 'sixteen' and substitute the word "five". എന്നീ ഭേദഗതികളാണ് അംഗീകരിക്കുന്നത്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: എൻെറ ഭേദഗതിയിൽ വരുന്നുണ്ട്. പിന്നെ ശ്രീ. ചന്ദ്രശേഖരൻ നായരുടെ അടുത്ത ഭേദഗതി ഒരു ഏക്കർ വസ്തു ഉടമസ്ഥന് അപേക്ഷ കൊടുക്കുന്നതിനുള്ള കാലാവധി മൂന്നു കൊല്ലം വച്ചിരിക്കുന്നത് ഒരു കൊല്ലമാക്കി കുറയ്ക്കണമെന്നാണ്. എനിക്കു പറയുവാനുള്ളത് അങ്ങനെ ഒരു കൊല്ലമാക്കി കുറച്ചാൽ ബുദ്ധിമുട്ടുണ്ടാകുമെന്നാണ്. കാരണം ഈ നിയമം പാസ്സാക്കി നടപ്പിലാക്കുന്നതിനു തന്നെ ഒരു കൊല്ലത്തോളം വേണ്ടിവരും. അതുകൊണ്ട് മൂന്നു കൊല്ലം എന്ന് ബില്ലിൽ ചേർത്തിരിക്കുന്നത് രണ്ടു കൊല്ലമാക്കാൻ ഞാൻ ഭേദഗതി അവതരിപ്പിക്കുന്നുണ്ട്. ഒരു കൊല്ലമായാൽ practical ആയിട്ട് ബുദ്ധിമുട്ടുണ്ടാകും. ബില്ലിൽ ഒരേക്കറിന് താഴെയുള്ള വസ്തു ഉടമസ്ഥൻമാർക്ക് അപേക്ഷ കൊടുക്കുന്നതിന് മൂന്നു കൊല്ലത്തെ കാലാവധി വച്ചിരിക്കുന്നത് മാററിയിട്ട് രണ്ടു കൊല്ലത്തിനിടയിൽ അപേക്ഷിക്കണമെന്നാക്കുകയാണ്. These are the amendments.

In clause 56, in sub-section (1) of section 75 proposed to be substituted by clause (a), in clause (ii), the words "for a period of not less than two years" shall be inserted at the end;

In clause 56, in sub-section (3) of section 75 proposed to be substituted by clause (c), in the proviso, for the words " three years " the words " two years " shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്]

ശ്രീ. ടി. കെ. കൃഷ്ണൻ കൊടുത്തിരിക്കുന്ന ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ പല അനോമലികളും വരും. ഈ ബില്ലിന്റെ സെലക്ട് കമ്മിററി മിക്കവാറുമുള്ള ആളുകളുടെ അഭിപ്രായത്തെ ആദരിച്ചുകൊണ്ടാണ് ഈ വ്യവസ്ഥ എഴുതി ചേർത്തിട്ടുള്ളത്; സബ്ലീസ് എന്ന സ്ഥലത്ത് ഏതെങ്കിലും ഒരു ഭാഗം that he has rented or leased out his entire kudikidappu to another person എന്നാക്കിയത്. അതിൽ ഒരു കാലപരിധികൂടി വയ്ക്കുന്നത് നല്ലതാണെന്നാണ് എന്റെ അഭിപ്രായം. അതായത് that he has rented or leased out his entire kudikidappu to another person for a period not less than two years at a stretch എന്നാക്കണം. പക്ഷെ that he has ceased to reside in the kudikidappu continuously for a period of two years; ഇതിൽ വലിയ അബദ്ധമൊന്നുമില്ല. അതിന്റെ എക്സ്പ്ലനേഷനിൽ

Explanation II: For the purposes of this sub-section, a kudikidappukaran shall not be deemed to have ceased to reside in a kudikidappu, notwithstanding the fact that he was not actually residing therein, if any of his near-relatives who was residing with him in the kudikidappu continues to reside in the kudikidappu; and in such a case, the near relative who continues to reside in the kudikidappu shall be liable for the rent payable by the kudikidappukaran; and ' near relative' shall mean husband or wife, children, grand children, father, mother, brother, sister or children of brother or sister " എന്നു പറയുന്നുണ്ട്. കുടികിടപ്പുകാരൻ താമസിക്കുന്നില്ലെങ്കിൽ നിയർ റിലേററീവ്സ് താമസിച്ചാലും മതിയാകുന്നതാണ്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ചില പ്രദേശങ്ങളിൽ പ്യൂൺസും മററ് എൻ. ജി. ഒ. മാരും കുടികിടപ്പുകാരായിട്ടുണ്ട്. അവർക്ക് എവിടെയെങ്കിലും സ്ഥലം മാററം കിട്ടുകയാണെങ്കിൽ കുടികിടപ്പിൽനിന്നും പോകേണ്ടിവരും. അങ്ങനെ കുടികിടപ്പു വിട്ടു ഉദ്യോഗസ്ഥലത്ത് പോയാൽ ചുരുങ്ങിയത് മൂന്നുകൊല്ലമെങ്കിലും അവിടെ ജോലിനോക്കിയിട്ടേ അയാൾക്ക് അയാളുടെ സ്വന്തം സ്ഥലത്തേക്ക് വരാൻസാധിക്കുകയുള്ളു. അതിനിടയ്ക്ക് മാററം കിട്ടുകയില്ല. അങ്ങനെ പോകുന്ന കുടികിടപ്പുകാർക്ക് അവരുടെ കുടികിടപ്പിൽ താമസിപ്പിക്കുന്നതിന് അടുത്ത ബന്ധുക്കളാരും തന്നെ ഇല്ലെങ്കിൽ അവർ മൂന്നു കൊല്ലം ഉദ്യോഗവും നോക്കിയിട്ടു തിരിയെ വരുമ്പോൾ കുടികിടപ്പു നഷ്ടപ്പെടുന്ന വിധത്തിലാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ഇത്തരം ആളുകളുടെ കുടികിടപ്പു നഷ്ടപ്പെടാതിരിക്കുന്നതിന് അവരുടെ കാര്യം കൂടി പ്രത്യേകം പരിഗണിക്കണമെന്നാണ്.

ശ്രീമതി കെ. ആർ. ഗൗരി: നമ്മുടെ സംസ്ഥാനത്ത് കുടികിടപ്പുകാർ എന്ന് പറയുന്നതു കർഷകത്തൊഴിലാളികളും പണിക്കാരുമാണ്. ലക്ഷക്കണക്കിനു വരുമാനമുള്ളവരേയും ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെയുമല്ല, Agricultural labourers ആണ്. കുടികിടപ്പുകാരന്റെ നിർവ്വചനം വിപുലപ്പെടുത്തി കുടികിടപ്പു കൈമാററം ചെയ്യലും ഒരു വരുമാനപരിധിവച്ച് അവർക്കാണെങ്കിൽ കുടികിടപ്പവകാശം കിട്ടും. Parent Act-ൽ അങ്ങനെയുള്ള കൈമാററങ്ങൾ നിരോധിച്ചിരുന്നു. ഇപ്പോഴാണെങ്കിൽ ആണ്ടിൽ രണ്ടായിരം രൂപയിൽ കുറവു വരുമാനമുള്ളവരാണെങ്കിൽ കുടി

LIBRARY ARCHIVES Kerala Legislative Assembly

കിടപ്പവകാശം കിട്ടുന്ന വകുപ്പ് പുതുതായിച്ചേർത്ത് ആ വിധത്തിൽ രണ്ടുകൊല്ലം ഒരാൾ അയാളുടെ കുടികിടപ്പിൽനിന്നും മാറി താമസിക്കുകയാണെങ്കിൽ, അതിൽ മററാരേയും താമസിപ്പിക്കുന്നില്ലെങ്കിൽ അയാൾക്ക് ആ കുടികിടപ്പിനുള്ള അവകാശം നഷ്ടപ്പെടുന്നത് മാററണമെന്നില്ല. അതുകൊണ്ടാണ് "he has rented or leased out his entire kudikidappu to another person for not less than two years" എന്നുള്ളത് ഇവിടെ എഴുതിച്ചേർത്തത്.

ശ്രീ. ഇ. അഹമ്മദ്: കുടികിടപ്പ് ആർക്കെല്ലാം ഉണ്ടെങ്കിലും അവർക്കെല്ലാം തന്നെ അതിനുള്ള അവകാശം കൊടുക്കണം......

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ പറയുന്നത് ലളിതമായിട്ട് തള്ളിക്കളയരുത്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മന്ത്രി പറയുന്നതിനെ അനുകൂലിച്ചുകൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിനു വരുമാനമുള്ള ആളുകൾ അന്യരുടെ ഭൂമിയിൽ താമസിക്കുന്നുണ്ട്. മുമ്പാണെങ്കിൽ ഒരു കുടികിടപ്പുകാരന് അവൻ താമസിക്കുന്ന കെട്ടിടത്തിനു മാത്രമേ അവകാശം ഉണ്ടായിരുന്നുള്ളു. അതായത് ഭൂ ഉടമസ്ഥന് കുടികിടപ്പുകാരനെ ചില വ്യവസ്ഥകൾക്ക് അനുസരണമായി ഒഴിപ്പിക്കുവാനെ അധികാരമുണ്ടായിരുന്നുള്ളു. ഇപ്പോൾ അത് മാററിയിട്ട് കുടികിടപ്പുകാരന് കോർപ്പറേഷൻ ഏരിയായിലാണെങ്കിൽ മൂന്നു സെൻറും മേജർ മുനിസിപ്പാലിററികളിലാണെങ്കിൽ അഞ്ചു സെൻറും പഞ്ചായത്തുകളിലാണെങ്കിൽ പത്തു സെൻറും വിലയ്ക്കു വാങ്ങുന്നതിനും ഈസ്മെൻറ് റൈററും ലൈററ് ഇടാനും മററുമുള്ള അവകാശവുമെല്ലാം ഈ നിയമപ്രകാരം ലഭ്യമാകുന്നുണ്ട്. ഞാൻ മുൻപു പറഞ്ഞതുപോലെ കുടികിടപ്പുകാരൻെറ വ്യാഖ്യാനം വിപുലപ്പെടുത്തി അവരെ ഒഴിപ്പിച്ചുകൂടാ എന്നെഴുതി purchase ന് അവകാശം നൽകി വിപുലമായി മററവകാശങ്ങൾ easement rights and other rights which are necessary in life such as light for electric connection, etc., has been granted.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ശ്രീ. എ. എസ്. പുരുഷോത്തമൻ പറഞ്ഞ കാര്യം വളരെ ശ്രദ്ധേയമായ ഒന്നാണ്. No kudikidappukaran shall be liable to be evicted from his kudikidappu except on the following grounds, namely:—

എന്നു പറഞ്ഞതിനുശേഷം അതിൻെറ മൂന്നാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള സംഗതിയെ സംബന്ധിച്ചിടത്തോളമാണ് ശ്രീ. എ. എസ്. പുരുഷോത്തമൻ സംസാരിച്ചത്. അതായത് that he has ceased to reside in the kudikidappu continuously for a period of two years; എന്നുള്ളതിനെപ്പററിയാണ്. ഒരു കുടികിടപ്പുകാരൻ രണ്ടുകൊല്ലം തുടർച്ചയായി അവൻെറ കുടികിടപ്പിൽ താമസിക്കുന്നില്ലെങ്കിൽ അവന് കുടികിടപ്പവകാശം നഷ്ടപ്പെടുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ വ്യവസ്ഥ ഉൾക്കൊള്ളിക്കുകയാണെങ്കിൽ രണ്ടുകൊല്ലമായി ഒരു കുടികിടപ്പിൽ കുടികിടപ്പുകാരൻ താമസിക്കുന്നില്ലെന്നുള്ള വ്യാജമായ രേഖകൾ ഉണ്ടാക്കി കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതിനുള്ള സാഹചര്യം വസ്തു ഉടമസ്ഥന്മാർക്ക് ഉണ്ടാകുമെന്നുള്ളകാര്യം കണക്കിലെടുക്കേണ്ടതാണ്. അത്തരത്തിലുള്ള ഒരു സാഹചര്യം

2/8—3

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്ജ്]

ഈ രാജ്യത്തെ വസ്തു ഉടമസ്ഥൻമാർക്ക് ഉണ്ടാകരുതെന്ന് അനുശാസിക്കുന്ന രീതിയിലായിരിക്കണം ഈ ഉപവകുപ്പ് ഉൾക്കൊള്ളിക്കേണ്ടത്. That he has ceased to reside in the kudikidappu.......... ... എന്നുള്ളതു മാററിയിട്ട് that he has abandoned his kudikidappu എന്നാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അങ്ങനെയാണെങ്കിൽ കുടികിടപ്പുകാരെ വസ്തു ഉടമസ്ഥൻമാർക്ക് വ്യാജമായ കാരണങ്ങൾ പറഞ്ഞ് ഒഴിപ്പിച്ചു വിടുന്നതിന് സാധിക്കുകയില്ല.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: ഒരാൾ ജോലി നോക്കുന്നതിനോ മറേറാ ദൂരസ്ഥലങ്ങളിൽ പോയിരുന്നാൽ തന്നെ അവർ ഓണത്തിനും മററു വിശേഷദിവസങ്ങളിലും ഒന്നുംതന്നെ താമസിക്കുന്നിടത്ത് വരികയില്ലേ?

ശ്രീ. കെ. ടി. ജോർജ്ജ്: ചിലപ്പോൾ രണ്ടു കൊല്ലവും വീട്ടിലേക്ക് വരാൻ കഴിഞ്ഞില്ലെന്നു വരാം. അക്കാരണത്താൽ ഒരു കുടികിടപ്പുകാരനായിരുന്നവന് അവൻെറ കുടികിടപ്പിനുള്ള അവകാശം നഷ്ടപ്പെടുത്തത്തക്ക രീതിയിലുള്ള ഉപവകുപ്പ് എഴുതിച്ചേർക്കുന്നത് ശരിയാണോ? അതുകൊണ്ട് ഇതിൽ 'അബാൻഡൻഡ്'' എന്ന് ഭേദഗതി ചെയ്താൽ തരക്കേടില്ലെന്നാണ് എനിക്കു പറയുവാനുള്ളത്,

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇതൊരു നിഴൽയുദ്ധമാണ്. ഈ വകുപ്പ് കുടികിടപ്പുകാരന് ഫിക്സിററി കൊടുക്കുന്നതിനുവേണ്ടിയുള്ളതാണ്. പർച്ചേസ് റൈററ് ഇന്നത്തെ നിലയിൽ കിട്ടാത്ത വിഭാഗക്കാരുണ്ട്. ശ്രീ. ജോർജ്ജ് പറയുന്നതു കേട്ടാൽ തോന്നും അദ്ദേഹം കുടികിടപ്പുകാർക്ക് വേണ്ടി അങ്ങേയററം വാദിക്കുകയാണെന്ന്. ഇന്നലെ തന്നെ അദ്ദേഹം മീൻപിടിക്കുന്ന lessees-ൻെറ അവകാശങ്ങൾക്കുവേണ്ടി ഘോരഘോരം പ്രസംഗിച്ചിട്ട് ഇന്ന് എട്ടിലൊന്ന് എന്നുള്ളത് എട്ടിൽ മൂന്നായി വർദ്ധിപ്പിച്ചു കോമ്പൻസേഷൻ കൊടുക്കണമെന്നു പറഞ്ഞ് ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. അതുപോലെയാണ് സർ ഈ ' അബാൻഡൻഡ്''ൻെറ കാര്യവും. ശ്രീ. കെ. ടി. ജോർജ്ജ് പറയുന്നതുപോലെ വ്യവസ്ഥ ചെയ്യുകയാണെങ്കിൽ അതുകൊണ്ട് ഭൂ ഉടമസ്ഥൻമാർക്ക് കുടികിടപ്പുകാരെ വേഗം ഒഴിപ്പിക്കുന്നതിനുള്ള ചാൻസാണ് ഉണ്ടാകുന്നത്. ഞാൻ മുമ്പു പറഞ്ഞതുപോലെ ഇതിനെപ്പററി വലിയ ഒരു സമരമാക്കേണ്ട, ഇവിടെയും that he has rented or leased out his entire kudikidappu to another person for not less than two years എന്ന് ചേർത്താൽ മതി.

ശ്രീ. കെ. ടി. ജോർജ്ജ്: ഇത്തരം സന്ദർഭങ്ങളിൽ നിയമപരമായ കാര്യങ്ങളെപ്പററി തർക്കം വരുന്ന അവസരത്തിൽ നിയമ വിദഗ്ദ്ധൻമാരുടെ അഭിപ്രായം തേടുന്നതിനുള്ള സന്ദർഭം ഉണ്ടായിരിക്കേണ്ടതാണ്.

ഡെപ്യൂട്ടി സ്പീക്കർ: നിയമവിദഗ്ദ്ധൻമാരായ മെമ്പർമാർ ഇവിടെയുണ്ടല്ലോ ?

ശ്രീമതി കെ. ആർ. ഗൗരി: ലാ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ പുറകിൽ ഇരിക്കുന്നുണ്ട്. എല്ലാ ദിവസവും ഇവിടത്തെ ചർച്ചകൾ കഴിഞ്ഞതിനുശേഷം ഞാൻ അവരുമായി ഇവിടെ നടന്ന കാര്യങ്ങളെപ്പററി ചർച്ച ചെയ്യുകയും അതനുസരിച്ച് കാര്യങ്ങൾ നടത്തുകയും ചെയ്യാറുണ്ട്. ഇപ്പോഴത്തെ ഭേദഗതിയിൽ ഒരു നിയമവശവും ഇല്ലതാനും. അവകാശംകൊടുക്കുന്ന പ്രശ്നം നയപ്രശ്നമാണ് നിയമപ്രശ്നമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ്: സർ, എന്റെ പരിമിതമായ നിയമ പരിജ്ഞാനം വച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യു മിനിസ്റ്റർ എടുത്തിട്ടുള്ള നിലപാട് എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. 'അബാൻഡൻഡ്' എന്നെഴുതിച്ചേർത്താൽ അത് കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഗുണകരമായിരിക്കുമെന്നുള്ള ഒരൊററ അഭിപ്രായത്തിൽ ഞാൻ ഉറച്ചു നിൽക്കുകയാണ്. അല്ലാതെ അവിടെ വിളക്കു കത്തിക്കുന്നത് കണ്ടില്ല എന്നും മററുമുള്ള കാരണം പറഞ്ഞു കുടികിടപ്പുകാരൻ രണ്ടു കൊല്ലമായിട്ട് അവിടെ വരുന്നില്ലെന്നു കാണിച്ച് കുടികിടപ്പവകാശം നിഷേധിക്കുന്ന രീതിയിലുള്ള വ്യവസ്ഥകരം എഴുതിച്ചേർക്കുന്നത് ശരിയായിരിക്കുകയില്ല. കൂടുതൽ തെളിവുകരം വേണ്ടതാണ്. രണ്ടുകൊല്ലമായിട്ടു കുടികിടപ്പുകാരൻ ആ കുടികിടപ്പിൽ താമസിക്കുന്നില്ലെന്നുള്ളതിന് വ്യക്തമായ തെളിവുകരം ഭൂ ഉടമസ്ഥൻ ഹാജരാക്കേണ്ടതാണ്. അതുകൊണ്ട് that he has ceased to reside in the kudikidappu continuously for a period of two years ; എന്നുള്ളതിൽ that he has ceased to reside in the kudikidappu and has abandoned his kudikidappu continuously for a period of two years എന്നും കൂടി കൂട്ടിച്ചേർത്ത് കുടികിടപ്പുകാർക്ക് കൂടുതൽ പരിരക്ഷകൊടുക്കേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കെ. ടി. ജോർജ്ജിന് കുടികിടപ്പുകാരോടു ഇപ്പോഴുള്ള സ്നേഹത്തിന് നന്ദിരേഖപ്പെടുത്തുകയാണ്. രണ്ടുകൊല്ലമായിട്ടു കുടികിടപ്പുകാരൻ കുടികിടപ്പിൽ താമസിക്കുന്നില്ലെന്നുള്ളതിന് ഇപ്പോരം നിലവിലുള്ള രണ്ടുമൂന്ന് കാര്യങ്ങരംതന്നെ മതിയാകുന്നതാണ്. രണ്ടുകൊല്ലം താമസിക്കുന്നില്ലെന്ന് വ്യക്തമായ നിലയിൽ വന്നെങ്കിൽ മാത്രമേ ഒഴിപ്പിക്കാൻ പാടുള്ളു. ഇപ്പോരം വച്ചിരിക്കുന്നതു തന്നെ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം വളരെക്കൂടുതൽ ആനുകൂല്യമാണ്. അതുകൊണ്ട് ശ്രീ. കെ. ടി. ജോർജ്ജ് പറഞ്ഞ അഭിപ്രായം സ്വീകരിക്കുന്നില്ല.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഏററവും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണ് ഇവിടെ ചർച്ച ചെയ്യുന്നതെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ഇതിനെപ്പററി ഇവിടെ പറയുന്ന അഭിപ്രായങ്ങളെല്ലാംതന്നെ ബഹുമാനപ്പെട്ട മന്ത്രി ചെവിക്കൊള്ളേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കെ. ടി. ജോർജ്ജ് ഇതിന് ഭേദഗതി കൊടുത്തിട്ടില്ലല്ലോ.

ശ്രീ. കെ. ടി. ജോർജ്ജ്: എങ്കിലും എനിക്ക് ഇതിനെപ്പററി സംസാരിക്കാനുള്ള അവകാശമുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ മൂന്നു പ്രാവശ്യം എഴുന്നേററുനിന്ന് ഇതിനെപ്പററി സംസാരിച്ചതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അബാൻഡൻഡ് എന്നുള്ള വാക്ക് മന്ത്രി സ്വീകരിക്കുന്നില്ലെന്ന് വ്യക്തമാക്കിക്കഴിഞ്ഞു, ആ നിലയ്ക്ക് ഇനിയും ആവർത്തിക്കുന്നത് ശരിയാണോ? വേണമെങ്കിൽ ഒരിക്കൽകൂടി അതിനെപ്പററി സംസാരിക്കുന്നതിനു സമയം തരാം.

ശ്രീ. കെ. ടി. ജോർജ്ജ്: ഇതൊരു നിയമനിർമ്മാണമാണ് എന്നുള്ള നിലയിൽ ഞങ്ങൾക്ക് സംസാരിക്കാൻ അവകാശമുണ്ടായിരിക്കണം. ഈ ബില്ലിനെക്കുറിച്ച് എന്തെങ്കിലും പഠിച്ചിട്ടുള്ള ആളുകൾ സംസാരിക്കുമ്പോൾ അത് കേൾക്കുകയില്ലെന്നുള്ള നില സ്വീകരിക്കുന്നത് ശരിയല്ല. അല്ലെങ്കിലും ഞങ്ങൾ പറയുന്നത് പലതും സ്വീകരിക്കാറില്ല, സ്വീകരിക്കുമെന്നുള്ള അഭിപ്രായവും ഞങ്ങൾക്കില്ല, വിശ്വാസവും ഞങ്ങൾക്കില്ല. പക്ഷേ ഇതൊരു വളരെ പരമപ്രധാനമായ നിയമനിർമ്മാണമാണെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് ഇത് പാസ്സാക്കുന്നതിന് യാതൊരു തടസ്സങ്ങളും സൃഷ്ടിക്കാതെ ഏതു സമയത്തും വേഗം പാസ്സാക്കണമെന്നുള്ള ചിന്താഗതിയോടുകൂടി സഹകരിച്ചുവരുന്ന ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇനിയും കൂടുതൽ അഭിപ്രായം പറയേണ്ട എന്നു ബഹുമാനപ്പെട്ട റവന്യു മന്ത്രി പറയുകയാണെങ്കിൽ ഞങ്ങൾ ഒന്നും പറയുന്നില്ല. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി അതു സമ്മതിക്കുമോ എന്നു അറിയണം.

ഡെപ്യൂട്ടി സ്പീക്കർ: മിസ്റ്റർ ജോർജ്ജിന് പറയാനുള്ളത് പറയണം.

Shri K. Moideenkutty Haji: Sir, we may also be permitted to speak.

Deputy Speaker: I am not allowing him to speak. Mr. George, you may ask the clarification.

ശ്രീ. കെ. ടി. ജോർജ്ജ്: ഒരൊറ്റ കാരും മാത്രമേ എനിക്ക് പറയാനുള്ളു. റവന്യു മന്ത്രിക്ക് സൗകര്യമുണ്ടെങ്കിൽ അതു കേട്ടാൽ മതി. ഞാൻ പറഞ്ഞ രീതിയിലുള്ള ഒരു ചെറിയ വാക്കുകൂടി ഉൾപ്പെടുത്തുകയാണെങ്കിൽ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം കൂടുതൽ പരിരക്ഷ ലഭിക്കുന്നതാണ്. അങ്ങനെ പരിരക്ഷ നൽകാൻ തയ്യാറില്ലെങ്കിൽ ഞാൻ വാദിച്ചിട്ടു കാര്യമില്ല. വേണ്ടി വന്നാൽ അതേ സംബന്ധിച്ചിടത്തോളം നിയമവകുപ്പിന്റെ അഭിപ്രായം കൂടി തേടണം. കുടികിടപ്പുകാരൻ തുടർച്ചയായി രണ്ടുകൊല്ലം ഒരു സ്ഥലത്തു താമസിച്ചില്ലെന്ന ഒരൊറ്റ കാരണത്താൽ ഒഴിപ്പിക്കപ്പെടാൻ ഇട വരരുത്. അതിനപ്പുറത്ത് അത് വസ്തു ഉടമസ്ഥൻ പ്രൂവ് ചെയ്യുകയും വേണം. രണ്ടുകൊല്ലക്കാലമായി വീട് ഉപേക്ഷിച്ച് പോയതാണെന്നുള്ള കാര്യംകൂടി ഉടമസ്ഥൻ പ്രൂവ് ചെയ്തെങ്കിൽ മാത്രമേ ഒഴിപ്പിക്കാൻ പാടുള്ളൂ എന്ന രീതിയിൽ കൂടുതൽ പരിരക്ഷ നൽകുന്ന ഭേദഗതി ഈ വകുപ്പിൽ വരുത്തണം. ഇതാണ് എനിക്ക് പറയാനുള്ളത്.

Mr. Deputy Speaker: The point is the same. It is a clarification. I am not going to allow it.

The following amendment (No. 14), moved by Smt. K. R. Gouri viz., in clause 56 [in sub-section (1) of section 75 of the principal Act, proposed to be substituted by clause (a)], in the proviso, for, the words "Provided that", the words "Provided further that" shall be substituted and before that proviso, the following proviso shall be inserted, namely:—

"Provided that the kudikidappukaran shall not be liable to be evicted on the ground mentioned in sub-clause (iv) if the extent of the land over which he has obtained ownership and possession

LIBRARY ARCHIVES Kerala Legislative Assembly

is not more than three cents if it is in a city or major municipality or five cents, if it is in any other municipality or ten cents if it is in a panchayat area or township.''

was put and carried.

The following amendments (Nos. 132 and 133,) moved by Shri E. Chandrasekharan Nair namely:—

(No. 132) In clause 56, sub-clause (a) (i) (iv), delete the word 'sixteen' and substitute the word 'five'.

(No. 133) In clause 56, proviso to sub-clause (a) (i) (iv), delete the word 'sixteen' and substitute the word 'five'

were put and carried.

ശ്രീ. ടി. കെ. കൃഷ്ണൻ: ഞാൻ ഒരു ഭേദഗതി കൊണ്ടു വന്നിരുന്നു. അത് എന്തായി എന്നറിഞ്ഞാൽ കൊള്ളാം.

ഡെപ്യൂട്ടി സ്പീക്കർ: അതിനുപകരമാണ് ബഹു: മന്ത്രി ഓറൽ അമെൻഡുമെൻറ് കൊണ്ടു വന്നത്. അതായത് in clause 56 in sub-section (1) of section 75 proposed to be substituted by clause (a), in clause (ii), the words "for a period of not less than two years" shall be inserted at the end;

In clause 56 in sub-section (3) of section 75 proposed to be substituted by clause (c), in the proviso, for the words "three years", the words "two years" shall be substituted. ശ്രീ. കൃഷ്ണൻെറ അഭിപ്രായമനുസരിച്ചു ആ ക്ലോസ്സ് ഡിലീററ് ചെയ്യേണ്ട എന്നാണ് മന്ത്രിയുടെ അഭിപ്രായം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ബഹു: മന്ത്രി കൊണ്ടുവന്ന ഭേദഗതി അപകടകരമാണെന്നാണ് എൻെറ അഭിപ്രായം.

'that he has rented or leased out his entire kudikidappu to another person for a period not less than two years' എന്നു പറഞ്ഞാൽ അത് കുഴപ്പമാണ്. അതനുസരിച്ച് കുടികിടപ്പുകാർക്ക് അവരുടെ അവകാശം ചോദിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇപ്പോഴുള്ളതു പോലെ കിടക്കുന്നതാണ് നല്ലത്.

ശ്രീമതി കെ. ആർ. ഗൗരി: ചെറിയ തൂപ്പുകാരോ അതുപോലുള്ള മററാളുകളോ അവരുടെ സ്ഥലം വേറെ ആളുകൾക്ക് വാടകയ്ക്ക് കൊടുത്തിട്ട് സ്ഥലം വിട്ടുപോയിട്ടുണ്ടെങ്കിൽ അവർക്കുകൂടി കുടികിടപ്പവകാശം കിട്ടണമെന്നുള്ള തരത്തിലാണ് ഈ വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ വകുപ്പ് മുൻപുണ്ടായിരുന്നത് 'that he has rented or leased out his kudikidappu to another person' ഈ വിധത്തിലായിരുന്നു. അത് പിന്നീട് ഡിലീററ് ചെയ്തു. അതിനുശേഷം സെലക്ടു കമ്മിററിയിൽ ചർച്ച കഴിഞ്ഞതിനുശേഷമാണ് 'that he has rented or leased out his entire kudikidappu to another person' എന്നു എഴുതിച്ചേർത്തത്. കുടികിടപ്പുകാരെ സംബന്ധിച്ചത്രയും ഈ അടുത്ത കാലത്തായി രേഖയും മററും ഉണ്ടായിട്ടുണ്ട്. വീടിൻെറ നമ്പർ അടിക്കുകയും, അത് ആരുടെ പേരിലാണെന്നുള്ളത് പഞ്ചായത്തു റിക്കാർഡിലും മററും ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ആ നിലയ്ക്ക് നോക്കുമ്പോൾ വളരെ കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

അവർക്കുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിന് രണ്ടു കൊല്ലമെങ്കിലും വേണം. അതുകൊണ്ടാണ് 'for a period not less than two years' എന്നു ചേർത്തത്. അതായതു ആ കാലാവധി ഒരു കൊല്ലം എന്നായിരുന്നതു രണ്ടുകൊല്ലമാക്കിയിരിക്കുകയാണ്. ഈ നിയമം പാസ്സായി വന്നുകഴിഞ്ഞാൽ അയാൾക്ക് ഷിഫ്റ്റ് ചെയ്യാനും അപേക്ഷിക്കാനും ഒരു കൊല്ലംകൊണ്ട് സാധിക്കുകയില്ല. അതുകൊണ്ടാണ് രണ്ടുകൊല്ലം എന്നാക്കിയിരിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇതിന്റെ സാങ്കേതിക വശങ്ങൾ മുഴുവൻ നോക്കിയിട്ടാണോ ഇതു കൊണ്ടുവന്നത് ?

ശ്രീമതി കെ. ആർ ഗൗരി: അതെ.

The following amendments moved by Smt. K. R. Gouri, viz.,

In clause 56, in sub-section (1) of section 75 proposed to be substituted by clause (a), in clause (ii), the words "for a period not less than two years" shall be inserted at the end;

in Clause 56 in sub-section (3) of section 75 proposed to be substituted by clause (c), in the proviso, for the words "three years" the words "two years" shall be substituted.

were put and carried.

The amendments (Nos. 146 and 147) moved by Shri T. K. Krishnan were, by leave, withdrawn

The amendment (No. 134) moved by Shri E. Chandrasekharan Nair was put and lost.

The question that Clause 56, as amended, stands part of the Bill was put and carried.

Clause 56, as amended, was added to the Bill.

Clauses 57 *to* 60

The question that Clauses 57 to 60 stand part of the Bill was put and carried.

Clauses 57 to 60 were added to the Bill.

Clause 61

Shri O. Koran: Sir, I move:

(No. 274) In clause 61, [in section 79A (1) proposed to be inserted in the principal Act] the words 'accrued to him by custom, usage or agreement and' shall be omitted.

LIBRARY ARCHIVES Kerala Legislative Assembly

നാട്ടാചാരം, കീഴ്‌വഴക്കം എന്നുള്ളത് മാററിയിട്ട് 'മുൻകാലത്ത് കിട്ടിയിരുന്ന' എന്ന വാക്ക് ഉപയോഗിക്കണമെന്നുള്ളതാണ് എൻെറ ഭേദഗതി. നാട്ടാചാരം എന്നു പറഞ്ഞാൽ അതിൽ പല കാര്യങ്ങളും അന്തർലീനമായിരിക്കുകയാണ്. വിവാഹിതരാകുന്ന ഹരിജന ഭാര്യാഭർത്താക്കൻമാർ ആദ്യമായി തമ്പുരാൻെറ അടുക്കൽ ചെല്ലണമെന്ന നാട്ടാചാരമുണ്ട്. അതു ഇന്നും ഒരു കീഴ്‌വഴക്കമായി തുടർന്നു പോകുകയാണ്. ഇത് ഒരു അടിമത്വത്തിൻെറ ദൃഷ്ടാന്തമാണ്. ഈ കീഴ്‌നടത്തിപ്പിന് വിരുദ്ധമായി ചെയ്താൽ അത് ചോദ്യം ചെയ്യാം. അതുകൊണ്ട് ഈ വാക്കുകൾക്കു പകരം മുൻകാലത്തു കിട്ടിയിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കാൻ പാടില്ലെന്നു ഉൾപ്പെടുത്തിയാൽ മതിയാകും. നാട്ടാചാരവും, കീഴ്‌നടപ്പും എന്നു പറയുമ്പോൾ അതിനു പലവിധ അർത്ഥങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടാകും. അതുകൊണ്ട് ആ വാക്കുകൾ തീർച്ചയായും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. അവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ യാതൊരു കാരണവശാലും നഷ്ടപ്പെടാൻ പാടില്ല. അതുകൊണ്ട് ഈ പദങ്ങൾ അതിൽനിന്നു നീക്കം ചെയ്യണം. ഈ ഭേദഗതി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് വിരോധമുണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: ഒരു കാര്യം പറയാനുണ്ട്. ക്ലോസ്സ് 61-ൽ—

"Notwithstanding anything contained in any law, or in any judgment, decree or order of court the kudikidappukaran shall be entitled to all rights accrued to him by custom,."

എന്നുള്ളത് കുറച്ചുകൂടി വ്യക്തമാക്കാൻവേണ്ടി 'all rights accrued to him by custom, usage or agreement and' എന്നുകൂടി പറയേണ്ടത് ആവശ്യമാണെന്നു തോന്നുന്നു. എന്തുതരം റൈററാണ്, എന്തുതരം കസ്ററമാണ് എന്നുള്ളത് വ്യക്തമല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇതു വേണമെന്നില്ല. Custom എന്നു പറയുമ്പോൾ usage, agreement എല്ലാം വരും.

ആ വിധത്തിൽ വരുമ്പോൾ ഇതാവശ്യമില്ല. ശ്രീ. കോരൻ പറഞ്ഞത് all rights accrued to him അല്ലാതെ അങ്ങോട്ടു ചെയ്യാനുള്ളതല്ല. അങ്ങോട്ടു ചെയ്യാനുള്ളതിനെപ്പററിയൊന്നും പറഞ്ഞിട്ടില്ല. "that is all rights accrued to him" ഇതു മാററിക്കളഞ്ഞാൽ ഈ അവകാശമൊന്നും നിയമപ്രകാരമോ ഏതെങ്കിലും വിധത്തിലുള്ള സ്ററാററ്യൂട്ടു അനുവദിച്ചു വരുന്നതായ കോമൺ ലാ പ്രകാരമോ അംഗീകരിച്ചിട്ടുള്ളതല്ല. അംഗീകരിക്കപ്പെട്ടിടത്തോളം ആനുകൂല്യം നിയമത്തിൽ എഴുതിയില്ലെങ്കിൽ അവർക്കു കിട്ടാനുള്ള അവകാശം കിട്ടുകയില്ല. അതു വളരെ അപകടമുള്ളതാണ്. നമ്മൾ വിചാരിയ്ക്കുന്നതായ അവകാശം കിട്ടുകയില്ലെന്നല്ല ഒന്നും കിട്ടുകയില്ല.

ശ്രീ. ഒ. കോരൻ: നാട്ടാചാരവും, കീഴ്‌നടപ്പും എന്നു പറഞ്ഞാൽ അതേപടി ജീവിച്ചാലാണ് അത് കിട്ടുന്നത്. വയനാട്ടിൽ ക്ഷേത്രങ്ങളിൽ പോയി ജോലി ചെയ്യാമെന്ന നിബന്ധന അംഗീകരിച്ചെങ്കിൽ മാത്രമേ നാട്ടാചാരപ്രകാരം കിട്ടാനുള്ളതു കിട്ടുകയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: ഹിൽ ട്രൈബ്സിനെ സംബന്ധിച്ച് ഒരു പുതിയ നിയമമുണ്ട്. അടിമത്വവും മററുമൊക്കെ ഇന്നത്തെ നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. ഇനിയും അതു വെച്ചു നടത്തുന്ന ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

പിടിച്ച് പ്രോസിക്യൂട്ടു ചെയ്യേണ്ടതാണ്. വളരെ കൂടുതൽ കാലത്തേക്ക് ജയിലിൽ വയ്ക്കണം. ആ വിധത്തിലല്ലാതെ ഇവിടെ പറഞ്ഞിട്ടു കാര്യമില്ല. ഇത് ഡിലീററു ചെയ്തുകളയണമെന്നാണ് ഭേദഗതി വന്നിരിക്കുന്നത്. the words 'accrued to him by custom, usage or agreement and' shall be omitted. എന്നാണ് എഴുതിയിരിക്കുന്നത്. ഇങ്ങനെ ചെയ്താൽ എന്താണ് സംഭവിക്കുന്നതെന്നുവച്ചാൽ ഉദ്ദേശിച്ച ആനുകൂല്യം ലഭിക്കാതെ പോകും. അതാണ് ഞാൻ മൂവു ചെയ്യേണ്ടെന്നു പറഞ്ഞത്. ശ്രീ. കോരന്റെ ഉള്ളിൽ ഉദ്ദേശിക്കുന്നതെന്താണെന്ന് എനിക്കു മനസ്സിലായി. അതുകൊണ്ടാണ് മൂവു ചെയ്യേണ്ട എന്നു പറഞ്ഞത്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ശ്രീ. കോരനും, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും ഒന്നുതന്നെയാണ്. ശ്രീ. കോരൻ പറയുന്നത്, 'all rights accrued to him by custom or usage' ആ നിലയിൽ അവർക്ക് തുടർന്നു കിട്ടണമെന്നുണ്ടെങ്കിൽ ചിലത് അങ്ങോട്ടു ചെയ്യണം. അങ്ങനെ ചില നടപടിക്രമങ്ങൾ ഉണ്ട്. അങ്ങോട്ട് ചിലതു നടത്തിയാൽ മാത്രമേ ഇങ്ങോട്ടും അവകാശം കിട്ടുകയുള്ളു. അത് ഡിലീററു ചെയ്യണമെന്നാണ് കോരൻ പറയുന്നത്. നാട്ടാചാരപ്രകാരവും, കീഴ്നടപ്പും എന്നുള്ളത് ദോഷകരമാണെന്നാണ് ശ്രീ. കോരൻ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അടിമക്കച്ചവടം നിറുത്തൽ ചെയ്തിട്ടുണ്ടെന്നാണ്. ഡിപ്പാർട്ടുമെൻറിന്റെ കണക്കനുസരിച്ച് കേരളത്തിൽ അടിമക്കച്ചവടമില്ല. എന്നാൽ വയനാട്ടിൽ ഇന്നും ചിലതു നടക്കുന്നുണ്ട്. അത് അടിമക്കച്ചവടം എന്നുള്ള രൂപത്തിൽ അല്ലെങ്കിൽത്തന്നെയും ഈ വർഷം മുതൽ അടുത്ത വർഷംവരെ മുതലാളിക്കു വേണ്ടിയിട്ട് താനും തന്റെ കുടുംബവും അല്ലെങ്കിൽ താനും തന്റെ കീഴിലുള്ള ഇത്ര കുടുംബവും പണീ ചെയ്യാമെന്ന് സത്യപ്രതിജ്ഞ നടത്തുന്നു. ഇത് അതിന്നായുള്ള ഒരു പ്രത്യേക ചന്തയിൽ വെച്ചാണ് നടക്കുന്നത്. ഇന്നും ഈ സംപ്രദായം നിലവിലുണ്ട്. അടിമക്കച്ചവടം എന്നു പറയുന്നില്ലെങ്കിൽ തന്നെയും ഈ സംപ്രദായമനുസരിച്ച് മുതലാളിമാരുടെ കീഴിൽ ജോലിചെയ്യാൻ നിർബന്ധിതരാകാറുണ്ട്. ഇങ്ങനെയുള്ള ചില സംപ്രദായങ്ങൾ കേരളത്തിൽ അലിഖിതമായി നടപ്പിലുണ്ട്. അതില്ലെന്നു പറഞ്ഞിട്ടു കാര്യമില്ല. അതുകൊണ്ട് ശ്രീ. കോരന്റെ ഭേദഗതിയുടെ കാര്യം പരിശോധിക്കേണ്ടതാണ്. എഴുതിപിടിപ്പിക്കുന്നത് ഈ സമുദായത്തിന് ദോഷം വരുകയാണെങ്കിൽ അതനുസരിച്ചുള്ള ഭേദഗതികൾ വരുത്തേണ്ടതാണ്.

ശ്രീ. എം. രാഘുണ്ണി: സർ, ശ്രീ. കോരൻ ഉന്നയിച്ച ഭേദഗതികൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത് നേടാൻ സാദ്ധ്യമല്ല. ഈ ഭേദഗതികൊണ്ടുണ്ടാകാൻ പോകുന്നത് വല്ല ആനുകൂല്യങ്ങളും കിട്ടുകയാണെങ്കിൽ അതുപോലും നഷ്ടപ്പെടുക എന്നതാണ്. സാമുദായിക ജീവിതത്തിൽ കാണുന്ന ധാർമ്മികമായ അധഃപതനത്തെപ്പററിയാണ് അദ്ദേഹം പറഞ്ഞത്. അത് ഇത്തരം ഒരു നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ ഒരു ഭേദഗതിമൂലം സാദ്ധ്യമല്ല. അതുകൊണ്ട് ഈ ഭേദഗതി അവതരിപ്പിക്കാതിരിക്കുകയാണ് നല്ലത്. മററത് സ്വാഭാവികമായി ഉള്ളതാണ്. അത് നിയമനിർമ്മാണത്തിന്റെ ഭാഗമായി വരുന്നതല്ല. സാമുദായിക ജീവിതത്തിന്റെ ധാർമ്മികമായ ദോഷവശമാണ്. അത് നിയമനിർമ്മാണത്തിന്റെ ഭാഗമായി വന്നാൽ കിട്ടുന്ന ആനുകൂല്യങ്ങൾ പോലും കിട്ടാതാവുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എസ്. പുരുഷോത്തമൻ: ശ്രീ. കോരന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നതെന്തായാലും ആ ഭേദഗതി അംഗീകരിച്ചുകഴിഞ്ഞാൽ കുടികിടപ്പുകാരന് കൂടുതൽ ദോഷകരമായിത്തീരും. ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് കുടികിടപ്പുകാർക്ക് വച്ചിരിക്കുന്ന ആനുകൂല്യങ്ങൾക്ക് നിയമപ്രാബല്യം കൊടുക്കുകയാണ്. ഈ ഭേദഗതി കുടികിടപ്പുകാർക്ക് അനുകൂലമല്ല. ഇവിടെ ചെയ്യുന്നത് കുടികിടപ്പുകാർക്കു കിട്ടേണ്ട അവകാശങ്ങളെ സംബന്ധിച്ച് നിയമപ്രാബല്യം കൊടുക്കലൊണ്. അതുകൊണ്ട് ഈ ഭേദഗതി അദ്ദേഹം പിൻവലിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ഇതിൽ customary right എന്നല്ല എഴുതിയിരിക്കുന്നത്; accrued by custom എന്നാണ്. കസ്റ്റമറി റൈററ് എന്ന വാക്ക് ഉപയോഗിക്കാതിരുന്നതുതന്നെ ഈ പറഞ്ഞ കാരണംകൊണ്ടാണ്. അത് പ്രത്യേകം മനസ്സിലാക്കണം. കസ്റ്റമറി റൈററ് എന്ന വാക്കുപയോഗിക്കാതെ accrued by custom എന്ന നിലയിലാക്കിയതു തന്നെ അവർക്കു കിട്ടാനുള്ളതു കിട്ടണമെന്നുവെച്ചാണ്. ആ നിലയിൽ ശ്രീ. കോരൻ പറയുംപോലെ ഇങ്ങോട്ടു കിട്ടണമെങ്കിൽ അങ്ങോട്ടും സംഭാവന ചെയ്യണമെന്നുള്ള വിധത്തിൽ യാതൊന്നുംതന്നെയില്ല. ഈ വാക്ക് ഈ വിധത്തിൽ ഉപയോഗിക്കാനുണ്ടായ കാരണംതന്നെ അതാണ്. ശ്രീ. കോരന് യാതൊരുവിധത്തിലുള്ള ആശങ്കയും വേണ്ട.

ശ്രീ. ഒ. കോരൻ: ചില സ്ഥലങ്ങളിൽ തമ്പുരാൻപടി എന്നുപറയുന്ന സംപ്രദായമുണ്ട്. ആദ്യമായി വിവാഹിതരാകുന്ന വധുവരൻമാർ തമ്പുരാൻ പടിയ്ക്കൽ ചെല്ലണമെന്ന് ഒരു കീഴ് നടപ്പുണ്ട്, ഇത് ചിലരുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന സംപ്രദായമായതുകൊണ്ടാണ് ഭേദഗതി അവതരിപ്പിച്ചത്. നാട്ടാചാരവും, കീഴ്നടപ്പും അനുസരിച്ച് ആനുകൂല്യം കിട്ടുന്ന ആളുകളുമുണ്ട്. അതുകൊണ്ട് നാട്ടാചാരവും, കീഴ് നടപ്പുമെന്നു പറയാതെ മുൻകാലത്തു കിട്ടിയിരുന്ന ആനുകൂല്യങ്ങൾ എന്നുമാത്രം ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. ചില സംപ്രദായങ്ങൾ ഇന്നും നാട്ടിൻപുറങ്ങളിലുണ്ട്. പഴയകാലത്ത് നാട്ടിക ഫർക്കയിൽ പെണ്ണുങ്ങൾ സാരിയുടുക്കാനോ, ശീലക്കുട പിടിക്കാനോ, ബ്ലൗസിടാനോ പാടില്ലായിരുന്നു. ഇങ്ങനെ എന്തെങ്കിലും ചെയ്താൽ അത് നാട്ടാചാരത്തിനും, കീഴ്നടപ്പിനും എതിരായിവരും. ഗവൺമെൻറ് ഇപ്പോൾ ഹരിജനങ്ങൾക്ക് ഓടിട്ടവീടൊക്കെ വച്ചുകൊടുക്കുന്നുണ്ടെങ്കിലും നാട്ടിൻ പുറങ്ങളിൽ ഇന്നും

"അങ്ങടുത്തായ് മേഞ്ഞു നാളേറെയായ് നിറം-
മങ്ങിപ്പതിഞ്ഞ പാഴ് പുല്ലുമാടം"

എന്ന് വർണ്ണിച്ചിട്ടുള്ള രീതിയിൽ കൂണുമാതിരിയുള്ള കുടിലിൽ നാട്ടിൻപുറങ്ങളിലുള്ള ആളുകൾ താമസിക്കുന്നുണ്ട്. അവർക്ക് നല്ല വീടു വയ്ക്കാൻ പാടില്ല. അങ്ങനെവച്ചാൽ അത് നാട്ടാചാരത്തിനു വിരുദ്ധമാണ്. അതിനെ ജൻമിമാർ ചോദ്യം ചെയ്യും. ഇന്നും അവിടത്തെ ആളുകൾക്ക് മുട്ടു മറയ്ക്കാൻ പാടില്ല, മീശവയ്ക്കാൻ പാടില്ല, ചെരിപ്പിടാൻ പാടില്ല. അവിടത്തെ ഒരാൾ മീശ വച്ചതിന്റെപേരിൽ മീൻമുറിക്കുന്ന കത്തികൊണ്ട് മീശ വടിപ്പിച്ചുകളഞ്ഞ സംഭവംവരെ ഉണ്ടായിട്ടുണ്ട്. ഒരു ഹരിജന്റെ കുട്ടി സ്കൂളിൽ പോയപ്പോൾ ജൻമി പറഞ്ഞു, ആരു പറഞ്ഞു സ്കൂളിൽ അയയ്ക്കാൻ, അങ്ങനെ സ്കൂളിലയയ്ക്കാൻ പാടില്ല, പാടത്ത് പണി എടുക്കാൻ പറഞ്ഞയയ്ക്കണം എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: ഈ രാജ്യത്ത് ഇങ്ങനത്തെ സംഗതികൾ ഇപ്പോഴും നടക്കുന്നുണ്ടെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്.

ശ്രീ. ഒ. കോരൻ: അവിടങ്ങളിൽ പല സംപ്രദായമുണ്ട്. ഇതെല്ലാം സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുന്നതാണ്. ഇന്നും നാട്ടിൻ പുറങ്ങളിൽ നാട്ടാചാരത്തിനും കീഴ്നടപ്പിനും വിരുദ്ധമായി പെരുമാറാൻ ഭയമാണ്. എന്റെ അമ്മ ഇന്നും മുട്ടുമറയുന്ന മുണ്ടുടുക്കാറില്ല; ഭയമാണ്, നാട്ടാചാരമാണ്, അതിനെതിരായി നിൽക്കാൻ പാടില്ല. ഇതൊന്നും അറിയാതെ പല പ്രസംഗങ്ങളും ഇവിടെയൊക്കെ നടക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ നാട്ടാചാരം, കീഴ്നടപ്പ് എന്നിങ്ങനെയൊക്കെ പറഞ്ഞാൽ പലതരത്തിലും ദുർവ്യാഖ്യാനം കൊടുക്കാറുണ്ട്. ജാത്യാചാരം എന്ന് പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ഒരു കഥയാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മ വരുന്നത്. ഒരു സായ്പ്പുജഡ്ജിയുടെ ബട്ട്ലറായി ഒരാളുണ്ടായിരുന്നു. അയാൾ ഒരു ദിവസം മാർക്കററിൽ പോയിവരുമ്പോൾ അമ്പലത്തിൽനിന്നും പൂജച്ചോറു കൊണ്ടുവരുന്ന നായരെ കാണുകയും അയാളുടെ അരികെ കൂടി പോയപ്പോൾ ബട്ട്ലറും നായരുമായി വാക്കുതർക്കം ഉണ്ടാവുകയും ചെയ്തു. ഒടുവിൽ ഇക്കാര്യം ജഡ്ജിയുടെ അരികെ എത്തി. നായർ പറഞ്ഞു, ''ഞാൻ ബട്ട്ലറുമായി വഴക്കിട്ടത് ഞാൻ കൊണ്ടുപോയിരുന്ന പൂജച്ചോറ് അയിത്തമാക്കി എനിക്കും കുടുംബത്തിനും ഭക്ഷിക്കാൻ പററാതെയാക്കിയതുകൊണ്ടാണ്.'' അതെന്താണെന്നു ചോദിച്ചപ്പോൾ ബട്ട്ലറും ഞാനും അന്യോന്യം അയിത്തം ആചരിക്കുന്നവരാണ്. അയാൾ തൊട്ടചോറ് ഞാൻ ഭക്ഷിക്കില്ല എന്നു പറഞ്ഞു. എന്തെന്നു ചോദിച്ചപ്പോൾ നാട്ടാചാരപ്രകാരമുള്ള സംപ്രദായത്തെ വിശദീകരിച്ചു. എന്നാൽ ഞാൻ കൊണ്ടുവന്നിട്ടുള്ള ചോറ് ബട്ട്ലറും ഞാനും കൂടെ ഭക്ഷിക്കുകയാണെങ്കിൽ എനിക്കു സമ്മതമാണെന്നു പറഞ്ഞു. എന്താ വിരോധമുണ്ടോ എന്ന് ജഡ്ജി ബട്ട്ലറോടു ചോദിച്ചപ്പോൾ അയാളും സമ്മതിച്ചു. പക്ഷേ ചോറു പാത്രംകൊണ്ടുവന്നിട്ടുള്ളത് ഒരു പുലയനാണെന്നു മനസ്സിലായപ്പോൾ ബട്ട്ലറും വിസമ്മതിച്ചു. കാരണം അന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞത് ജാത്യാചാരപ്രകാരം, പുലയൻ തൊട്ടാൽ താൻ ഭക്ഷിക്കയില്ലെന്നാണ്. അപ്പോൾ നായർ പറഞ്ഞു ഞാനും ഇതു തന്നെയാണ് പറഞ്ഞത്. ഇതാണ് നാട്ടാചാരപ്രകാരം നടക്കുന്നത്. അതുകൊണ്ട് ''നാട്ടാചാരം'', ''കീഴ്നടപ്പ്'' ഇവ മാററിയിട്ട് മുൻകാലത്തു കിട്ടിയിരുന്ന ആനുകൂല്യങ്ങൾ എന്നുമാത്രം എഴുതിവച്ചാൽ മതി.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: ഈ വകുപ്പുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഒരാൾ കുടികിടക്കുന്ന വസ്തുവിൽ കസ്ററമറി ആയോ യൂസേജനുസരിച്ചോ ഉണ്ടായിരുന്ന അവകാശങ്ങൾ തുടർന്ന് നൽകണമെന്ന് വ്യക്തമാക്കുകയാണ്. അത് കൂടുതൽ വ്യക്തമാക്കാൻ ഞാൻ പറഞ്ഞ ചെറിയ ഭേദഗതി അംഗീകരിക്കുന്നത് നന്നായിരിക്കും.

He shall be entitled to all rights over the property on which the kudikidappu is situate

എന്നു പറഞ്ഞാൽ വളരെ വ്യക്തമാകും. അതുകൊണ്ട് ഇത് അംഗീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഇതിൽ രണ്ടുകാര്യങ്ങൾ കൂടി കൂട്ടിച്ചേർത്താൽ നന്നായിരിക്കും. ലാട്രിൻ പണിയുന്നതിനും യൂറിനൽ പണിയുന്നതിനും കുടികിടപ്പുകാർക്ക് അവകാശം ഉണ്ടായിരിക്കണം.

ഭൂ ഉടമസ്ഥൻമാർ ഇന്ന് അത് അനുവദിക്കുന്നില്ല. അതുകൊണ്ട് ഇതുകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ്: ഇതെങ്ങനെ ഇതിൽ വരും ?

ശ്രീമതി കെ. ആർ. ഗൗരി: സർ, ശ്രീ. കോരൻ ഇത്രയും നാൾ അനുഭവിച്ച അടിമത്തത്തിൻെറ അനുഭവസ്ഥനെന്നുള്ള നിലയിൽ അദ്ദേഹത്തിൻെറ പ്രതികരണം പറയുകയായിരുന്നു. ഇന്നാട്ടിൽ അടിമത്തം ഇല്ല എന്നു പറഞ്ഞാലും ഇപ്പോഴും ഉണ്ട് എന്നു നാം സമ്മതിക്കണം. പല സ്ഥലങ്ങളിലും ഇപ്പോഴും ഇത് നിലവിലുണ്ട്. ശ്രീ. കോരൻ അതിൻെറ അടിസ്ഥാനത്തിൽ പറയുകയായിരുന്നു. എന്നാൽ അതിന് വളരെക്കൂടുതൽ നിയമവുമായി ബൻധമുണ്ടെന്നു വിചാരിക്കരുത്. ഇതെല്ലാം നിർത്തണമെന്ന് ശ്രീ. കോരൻ പറയുകയുണ്ടായി. നിയമപ്രകാരം നിരോധിച്ചിരിക്കുന്ന അയിത്തവും മററു സംഗതികളും നിർത്തണമെങ്കിൽ ആദിവാസികളുടെയുംമററും ഇടയിൽ ഇതിനെല്ലാം എതിരായി ഒരു ബോധമുളവാക്കി റസിസ്ററു ചെയ്യിക്കണം. എങ്കിൽ മാത്രമേ ഇതെല്ലാം നിൽക്കുകയുള്ളു. ആ നിലയിലുള്ള ഒരു പ്രതിരോധം ഉണ്ടാകണം. അതാണ് പ്രധാനം. ഇവിടെ നിയമത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത് ? പഴയകാലത്ത് ആരെങ്കിലും ആദ്യം തമ്പുരാൻെറ അടുക്കൽപോയി കാഴ്ചവയ്ക്കണം. ഇതൊന്നും ഇതിൽ പറഞ്ഞിട്ടില്ല. ഇംഗ്ലീഷ് വാക്കുകൾ അങ്ങോട്ടു മിങ്ങോട്ടും മാററിയെഴുതിയാൽ ചില പ്രത്യേക അർത്ഥമുണ്ടാകും. കസ്ററമറി റൈററ് എന്നു പറഞ്ഞിരുന്നുവെങ്കിൽ വേറെ വല്ലതും നമുക്കു പറയാമായിരുന്നു. അതുകൊണ്ടാണ് ആ വാക്കുകൾ മാററിയിട്ട് rights accrued to him എന്നു പറഞ്ഞിരിക്കുന്നത്. 'All rights accrued to him' എന്നു പറയുകയാണെങ്കിൽ ഇങ്ങോട്ടു കിട്ടിയിട്ടുള്ളതല്ലാതെ അങ്ങോട്ടു കൊടുക്കണമെന്നുള്ള സാധ്യതയില്ല. അതു മനസ്സിലാക്കിയാൽമതി. ഇങ്ങോട്ടു നമുക്കു കിട്ടിയിരുന്ന അവകാശം നമുക്കു തുടർന്നു കിട്ടും. പക്ഷേ അങ്ങോട്ട് അതിന് പ്രതിഫലമായി എന്തെങ്കിലും ചെയ്യണമെങ്കിൽ ആ ബാധ്യത നമുക്കില്ല. അതുകൊണ്ടുമാത്രമാണ് മുൻപ് കസ്ററമറി റൈററ് എന്നെഴുതിവച്ചിരുന്നതു മാററിയിട്ട് All rights accrued to him എന്നെഴുതിയിരിക്കുന്നത്.

ശ്രീ. ഇ. അഹമ്മദ്: "All rights accrued to him" എന്നു വേണമോ ? സംശയംകൊണ്ടു ചോദിക്കുകയാണ്.

ശ്രീമതി. കെ. ആർ. ഗൗരി: വേണം. കസ്ററമറി റൈററ് എന്നുപറഞ്ഞാൽ അങ്ങോട്ടുമിങ്ങോട്ടും വേണ്ടിവരും. എന്നാൽ All rights accrued to him എന്നുപറഞ്ഞാൽ അവനു മാത്രമേയുള്ളു. അങ്ങോട്ടു കൊടുക്കുന്നതിനുള്ള ബാധ്യതയില്ല. സാധാരണയായി വയനാട്, അട്ടപ്പാടി പ്രദേശങ്ങളിൽ ഓണക്കാലത്തും വിഷുവിനും വാവിനും എല്ലാം കാഴ്ച കൊടുക്കണം. അതു സാധാരണ നിലയിൽ എഴുതിക്കാണുകയില്ല. പറഞ്ഞ എഗ്രിമെൻറും കാണുകയില്ല. എങ്കിലും തുടർന്നുവരികയാണ്.

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: നമുക്കു കിട്ടിയിട്ടുള്ള റൈററിന് യാതൊരു വീട്ടുവിഴ്ചയും ഇല്ലാതെ കിട്ടണമെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ഒരു ഭൂ ഉടമയും ഒരു കർഷക കുടുംബത്തിൽ ജനിച്ച ആളുമാണ്. ആ നിലയിൽ ഭൂ ഉടമയ്ക്കുള്ള അവകാശം നിലനിർത്തണമെന്നാണോ ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. കെ. ആർ. ഗൗരി: ഞാൻ ഒരു താൽപര്യത്തെ പ്രതിനിധാനം ചെയ്യുന്ന ആളാണെന്ന കാര്യം ഓർമ്മിച്ചാൽ മതി. കുടികിടപ്പുകാരന്റെ അവകാശം സംരക്ഷിക്കണമെന്നു പറഞ്ഞാൽ അതു കൃഷിക്കാരന്റെയോ ജൻമിയുടെയോ അവകാശ സംരക്ഷണമാണെന്നു വരുന്നില്ല. ഓണത്തിന് കാഴ്ച വാങ്ങിക്കുന്ന ആളല്ല ഞാൻ എന്നുമാത്രം തൽക്കാലം മനസ്സിലാക്കിയാൽ മതി. ശ്രീ. കോരന്റെ സംശയം മനസ്സിൽ നിന്നും മാററാൻ വേണ്ടി പറയുകയാണ്. ഈ വകുപ്പ് മാററിയെഴുതിയതിനുണ്ടായ കാരണം ഇതാണ്. അതുകൊണ്ട് ഇത് സാററിസ്ഫാക്ഷൻ ഉണ്ടാക്കുമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ പ്രോപ്പർട്ടിയെന്നു പറയേണ്ട. കുടികിടപ്പുകാരനു കിട്ടാനുള്ള അവകാശം അവന് തുടർന്നുകിട്ടുമെന്നുള്ള നിലയിലാണ് ഇതു ഭേദഗതി ചെയ്തിട്ടുള്ളത്.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: മലയാളം തർജ്ജിമയിലുള്ള കുഴപ്പം കൊണ്ടാണ് ശ്രീ. കോരൻ ഇങ്ങനെ പറഞ്ഞിട്ടുള്ളത്. മലയാളം തർജ്ജിമ നോക്കുകയാണെങ്കിൽ കസ്ററമറി റൈററ്സ് വരുമെന്നു എഴുതിച്ചേർത്തിരിക്കുന്നതായി കാണാം. അത് ട്രാൻസ്ലേഷനിലുള്ള കുഴപ്പമാണ്.

The amendment (No. 274) moved by Shri O. Koran was, by leave, withdrawn.

The question that Clause 61 stands part of the Bill was put and carried.

Clause 61 was added to the Bill.

Clause 62

The question that Clause 62 stands part of the Bill was put and carried.

Clause 62 was added to the Bill

Clause 63

Revenue Minister **(Smt. K. R. Gouri)**: Sir, I move:

15. In Clause 63 (In section 80 C of the principal Act, proposed to be inserted by the clause) after sub-section (3), the following sub-section shall be inserted, namely:

"(3A) After the issue of the certificate of purchase in respect of any land under sub-section (3), the Land Tribunal may, on application by the kudikidappukaran, put him in possession of that land, if need be by removing any person who refuses to vacate the same".

സർ, ഇതിൽ after the issue of the certificate of purachase in respect of any land under sub-section (3) എന്നാണു പറഞ്ഞിരിക്കുന്നത്. അത് " under sub-section (2)" എന്നു തിരുത്തി വായിക്കണം.

Shri V. S. Achuthanandan: Sir, I move:

(No. 275) In Clause 63 [in section 80A (9) proposed to be inserted in the principal Act] for the words "considers that the portion to be purchased is so located as to cause inconvenience to him, the

words "considers that the portion is necessary for construction of building for the landlord or members of his family who has no residential building" shall be substituted.

(No. 276) In clause 63, [in section 80A (7) proposed to be inserted in the principal Act], the following proviso shall be added:

"Provided that if the landlord is a person having land up to or over the celing area the purchase price payable by the kudikidappukaran need be only one rupee".

Shri E. Chandrasekharan Nair: Sir, I move:

(No. 329) In clause 63 (new section 80A proposed to be inserted) in sub-clause (2), delete the words "three years" and substitute "one year".

(No. 330) In clause 63 [sub-section (4) of section 80A, proposed to be insterted], re-cast sub-clause (4) as follows:

"(4) Notwithstanding anything contained in sub-section (3) where in the lands held by a person either as owner or as tenant in possession there are more kudikidappukars than one the extent of land which each of the kudikidappukaran is entitled to purchase under this section shall be three cents in a city or major municipality or five cents in any other municipality or ten cents in a panchayat area or township:

Provided that where the land available for purchase in the land in which the kudikidappu is situate or the land in which the kudikidappu is situate is less than the extent necessary for purchase by at the kudikidappukars under this sub-section each of the kudikidappukaran shall be entitled to purchase only so much extent of land as is obtained by dividing the total extent of land by the total number of kudikidappukars in the land:

Provided however that if the landlord is also residing in the same land in which there are more than one kudikidappu, the landlord shall be entitled to ten cents of land where his house is situate and if the extent of land remaining is not sufficient for purchase under this sub-section by all the kudikidappukars the extent of land each kudikidappukaran shall be entitled to purchase shall be the extent obtained by dividing the total extent of land excluding ten cents by the total number of kudikidappukarans in the land".

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u> : ഒരു വസ്തു ഉടമയുടെ ഭൂമി കുടികിടപ്പുകാരൻ വിലയ്ക്കു വാങ്ങിക്കുമ്പോൾ വസ്തു ഉടമയ്ക്കു അസൗകര്യമുണ്ടെങ്കിൽ വസ്തുവിന്റെ ഒരു ഭാഗത്തേയ്ക്കു കുടികിടപ്പുകാരനെ മാററാൻ വസ്തു ഉടമ നിർബന്ധിച്ചാൽ അങ്ങനെ ചെയ്യണമെന്നുള്ള ഒരു വകുപ്പാണിത്. അതിനുള്ള ഒരു ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. കുടികിടപ്പുകാരൻ ഇന്നു താമസിച്ചുകൊണ്ടിരിക്കുന്ന സ്ഥലം ജൻമിയുടെ ഭൂമിയുടെ മധ്യഭാഗത്തോ മധ്യഭാഗത്തോടു തൊട്ടുകിടക്കുന്ന സ്ഥലങ്ങളിലോ ആണെങ്കിൽ വസ്തു ഉടമയ്ക്കു അതിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വി. എസ്. അച്യുതാനന്ദൻ]

താമസിക്കാൻ, സ്വന്തമായിപുരവയ്ക്കാൻ ആണെങ്കിലും അതുപോലെത്തന്നെ വസ്തു ഉടമയുടെ വീട്ടുകാർക്കു താമസിക്കുവാൻ പുരവയ്ക്കാനാണെങ്കിലും അതിനു അസൗകര്യമായിട്ടാണ് കുടികിടപ്പു നിൽക്കുന്നതെങ്കിൽ മാത്രമേ കുടികിടപ്പുകാരനെ ഒരു അരികിലേക്ക് മാററാൻ പാടുള്ളു. അതിനല്ലാതെ എന്തിനാണ് കുടികിടപ്പുകാരനെ ദ്രോഹിക്കുന്നതെന്നാണ് എന്റെ സംശയം. അതുകൊണ്ട് വസ്തു ഉടമയ്ക്കു പുരവയ്ക്കാനല്ലെങ്കിൽ അവനെ മാററരുതെന്നാണ് എന്റെ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്, ഇത് അംഗീകരിക്കുവാൻ വൈഷമ്യമുണ്ടാകുമെന്ന തോന്നുന്നില്ല.

മറെറാരു ഭേദഗതി പർച്ചേസിംഗ് റൈററിനെ സംബന്ധിച്ചാണ്. കുടികിടപ്പുകാരന് അവൻ താമസിക്കുന്ന ഭുമിയുടെ ഉടമാവകാശം വിലയ്ക്കു വാങ്ങിക്കാനുള്ള ഒരു കാര്യത്തെപ്പററി നമ്മുടെ ബില്ലിൽ പറഞ്ഞിട്ടുണ്ടെന്നുള്ളത് കുടികിടപ്പ് എന്നുള്ള ഒരു അടിമത്തബോധം ജനിപ്പിക്കുന്ന ആ സംപ്രദായത്തിനുതന്നെ വിരാമമിടുന്ന ഏററവും ആശ്വാസകരമായ ഒരു ഭേദഗതിയാണ്. എന്നാൽ ആ ഭേദഗതിയിൽത്തന്നെ ഒരു കുഴപ്പമുണ്ട്. കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം ഏതാണ്ട് 1958-മുതലുള്ള കാലവുമായി തട്ടിച്ചുനോക്കുമ്പോഠം പത്തുപതിനൊന്നു കൊല്ലമായി കുടികിടപ്പുകാരനെ വസ്തു ഉടമ ഒഴിപ്പിക്കുകയാണെങ്കിൽ ആ കുടികിടപ്പുകാരന് ഗ്രാമപ്രദേശത്താണെങ്കിൽ പത്തുസെൻറും പട്ടണപ്രദേശത്താണെങ്കിൽ അഞ്ചുസെൻറും മൂന്നുസെൻറും കുടികിടപ്പ് അവകാശമെന്നുള്ള നിലയിൽ കൊടുക്കണം. അങ്ങനെ പത്തുപതിനൊന്നു കൊല്ലമായി ഈ ആനുകൂല്യം കുടികിടപ്പുകാരൻ അനുഭവിച്ചുവരികയാണ് ഒരു നയാപൈസപോലും കുടികിടപ്പുകാരന് ചെലവില്ല. അങ്ങനെ പത്തുപതിനൊന്നു കൊല്ലമായി അനുഭവിച്ചുവരുന്ന ഒരാനുകൂല്യം ഈ പർച്ചേസിംഗ് റൈററ് വാങ്ങിക്കുന്നതോടുകൂടി നഷ്ടപ്പെടുകയാണ്. മാർക്കററുവിലയുടെ 25 ശതമാനം കുടികിടപ്പുകാരൻ വിലയായി നൽകണം. ഈ 25 ശതമാനത്തിന്റെ പകുതിഭാഗം (പന്ത്രണ്ടരശതമാനം) കുടികിടപ്പുകാർസ് റിലീഫ് ഫണ്ടിൽനിന്നും ഗവൺമെൻറ് നൽകുകയെന്നുള്ളത് വളരെ ആശ്വാസകരമാണെങ്കിലും മററു പകുതിഭാഗം കുടികിടപ്പുകാരൻ തന്നെ നൽകണം. അങ്ങനെ കഴിഞ്ഞ പത്തുപതിനൊന്നു കൊല്ലക്കാലമായി ഒരു നയാപൈസപോലും കൊടുക്കേണ്ടിവന്നിട്ടില്ലാത്ത സ്ഥാനത്ത് ഒരു തുക കുടികിടപ്പുകാരൻ നൽകേണ്ടിവരുന്നു എന്നുള്ളത് തീർച്ചയായും കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം ഒരു ദുർവ്വഹമായ ഭാരമാണ്. കുടികിടപ്പുകാരന് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം പിടിച്ചെടുക്കപ്പെടുന്നു എന്നുള്ള ഒരു സ്ഥിതി വരികയാണ്. എന്റെ ഭേദഗതിയിൽ ഞാൻ നിർദ്ദേശിച്ചിരിക്കുന്നത് അങ്ങനെ ദുർവ്വഹമായ ഒരു ഭാരം ദശലക്ഷക്കണക്കിനുള്ള കുടികിടപ്പുകാരന്റെ മേൽ അടിച്ചേൽപിക്കരുതെന്നാണ്. ഭരണഘടനയനുസരിച്ചോ മറേറാ വസ്തു ഉടമയ്ക്കു എന്തെങ്കിലും കൊടുക്കാതെ പർച്ചേസ് റൈററ് കൊടുക്കുന്നതു ശരിയല്ലെന്നുണ്ടെങ്കിൽ, അതിന്റെ അടിസ്ഥാനത്തിൽ അതു ഇൻവാലിഡ് ആകുമെങ്കിൽ എന്തെങ്കിലും കൊടുക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി ഒരു രൂപ നോമിനലായി കുടികിടപ്പുകാരൻ വസ്തു ഉടമയ്ക്കു പർച്ചേസ് ചെയ്യുന്ന ഭൂമിയുടെ വില എന്ന രീതിയിൽ കൊടുക്കുക. ഒരു പൈസപോലും കഴിഞ്ഞ പതിനൊന്നുകൊല്ലമായി കുടികിടപ്പുകാരനെ ഇറക്കുമ്പോഠം വാങ്ങിച്ചിരുന്നില്ല. അത് ഇറക്കുന്നതുകൊണ്ടല്ലേ എന്നു ചോദിച്ചേക്കാം. ശരിയാണ്. പക്ഷേ കുടികിടപ്പുകാരന് ആ കുടികിടപ്പു ഭൂമിയിൽ ഉടമാവകാശം ഉണ്ടെന്ന് വസ്തു ഉടമസ്ഥൻ അംഗീകരിച്ചതുകൊണ്ടല്ലേ പത്തും അഞ്ചും

LIBRARY ARCHIVES Kerala Legislative Assembly

സെൻറു ഭൂമി കൊടുക്കുന്നതെന്നു ഞാൻ ചോദിക്കുകയാണ്. പുര മാററി വയ്ക്കാനുള്ള ചെലവും വസ്തു ഉടമ വഹിക്കുന്നുണ്ട്. അതുകൊണ്ട് നോമിനലായി ഒരു രൂപമാത്രം പററിക്കൊണ്ട് പർച്ചേസ് റൈററ് കൊടുക്കുന്ന ഒരു സ്ഥിതി ഉണ്ടാകുന്നതായിരിക്കും നല്ലതെന്നതാണ് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത്. അതേസമയം......

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: ശ്രീ. വി. എസ്. അച്ച്യുതാനന്ദൻെറ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ; അതേസമയം എല്ലാപേർക്കും ഉള്ള ഒരവസരമായി ഞാൻ ഉന്നയിച്ചിട്ടില്ല. പരിധിക്കു മുകളിലുള്ള ആളുകളെ സംബന്ധിച്ചു മതിയെന്നാണ് എൻെറ അഭിപ്രായം. അതിനുതാഴെ ഒരുപാടു തർക്കമുള്ള പ്രശ്നത്തിലേയ്ക്കു ഞാൻ വിരൽ ചൂണ്ടുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ; ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതി അംഗീകരിച്ചാൽ പരിധിയിൽ കവിഞ്ഞ ഭൂ ഉടമകാംക്കു മാത്രമേ ഒരു രൂപ കോംപെൻസേഷൻ കൊടുക്കേണ്ടിവരുന്നുള്ളു. മററുള്ള കുടികിടപ്പുകാർ എല്ലാപേരും കൊടുക്കേണ്ടിവരികയില്ലേ ?

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ : അതു തന്നെയാണ്. ചെറുകിടക്കാർക്കും വൻകിടക്കാർക്കും വേണ്ടി ആവേശകരമായി കണ്ണുനീർ പൊഴിച്ചുകൊണ്ടുള്ള വിശദീകരണങ്ങളും മററും ഇവിടെ കേംക്കുകയുണ്ടായി. എനിക്കും അതു ന്യായമായി തോന്നി. അതുകൊണ്ടാണ് പരിധിക്കു മുകളിലുള്ള ആളുകളെന്നു പറയുന്നത്. പരിധിക്കു മുകളിലുള്ള ആളുകാം അൽപം സാമ്പത്തികമായി സാധ്യതകളുള്ള ആളുകളാണ്. അവരെ സംബന്ധിച്ചിടത്തോളം പന്ത്രണ്ടര ശതമാനം പ്രശ്നമല്ല. അതുകൊണ്ട് പരിധിക്കു മുകളിലുള്ള ആളുകളിൽനിന്നും ഒരു രൂപമാത്രം നോമിനലായി വാങ്ങിക്കുക. ഇത്തരത്തിലുള്ള എൻെറ ഭേദഗതി അംഗീകരിച്ചാൽ ഇന്നാട്ടിലെ ദശലക്ഷക്കണക്കിനുള്ള കുടികിടപ്പുകാർക്ക് ആശ്വാസമായിത്തീരുമെന്നുള്ള നിലയിൽ ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുകയാണ്. ഇതംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: പരിധിക്കപ്പുറത്തുള്ള കുടികിടപ്പുകാർക്ക് ഒരു രൂപയും ബാക്കിയുള്ളവർക്ക് പന്ത്രണ്ടര ശതമാനവും എന്നു പറഞ്ഞാൽ ശരിയല്ല. നീതി എല്ലാപേർക്കും ഒരുപോലെ ലഭിക്കണം. അതുകൊണ്ട് എല്ലാപേർക്കും ഒരു രൂപ എന്നെഴുതുന്നതിനോടു യോജിക്കാമോ?

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ: എനിക്ക് അതു വളരെ സന്തോഷമാണ്. എന്നാൽ ചെറുകിടക്കാരായ ആളുകളെ സംബന്ധിച്ചുള്ള തർക്കങ്ങളും ന്യായവാദങ്ങളും ഇവിടെ വന്നിട്ടുള്ളതുകൊണ്ട്, ഒരു പരിധിവരെ അതു ശരിയാണെന്നു തോന്നിയതുകൊണ്ട്, മാത്രമാണ് അങ്ങനെയുള്ള ആളുകളെ ഇതുമായി ബന്ധപ്പെടുത്തി കുഴയ്ക്കരുതെന്നു വിചാരിച്ചത്. അതുകൊണ്ടാണ് പരിധിക്കു മുകളിലുള്ള കുടികിടപ്പുകാർ എന്ന ഭേദഗതി കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇത് എല്ലാപേർക്കും ബാധകമാക്കാമെന്നുള്ള ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ എനിക്ക് വളരെ അനുകൂലമാണ്. അങ്ങനെ എല്ലാപേർക്കും അംഗീകരിക്കാവുന്ന ഒരു ഭേദഗതിയായി മാററിയാൽ ഞാൻ കൂടുതൽ കൃതാർത്ഥനാണ്. എൻെറ ഭേദഗതി അംഗീകരിക്കുമെന്നുള്ള പ്രത്യാശയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എന്റെ ആദ്യത്തെ ഭേദഗതി ക്ലോസ്സ് 56-നു ഞാൻ തന്ന ഭേദഗതിതന്നെയാണ്. മൂന്നുവർഷമെന്നുള്ളത് ഒരുവർഷമാക്കണമെന്നുള്ളതാണ്. ആക്ട് നടപ്പിലാക്കി ഒരു വർഷം കഴിയുമ്പോൾ കുറെ കുടികിടപ്പുകാർ കുടികിടപ്പുകാരായി തുടരുകയും കുറേപേർ അല്ലാതായിത്തീരുകയും ചെയ്യും. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അച്ച്യുതാനൻദൻ പറഞ്ഞതിനോടു ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കുറെപ്പേർ കുടികിടപ്പുകാരായിത്തീരുകയും കുറേപ്പേർ അല്ലാതാകുകയും ചെയ്യുന്നത് ശരിയല്ല, കുറേപ്പേർ ഫ്യൂഡൽ ബന്ധങ്ങളിൽ തുടരുകയും കുറെപ്പേർ തുടരാതിരിക്കുകയും ചെയ്യുക ; ഈ സംപ്രദായം ശരിയല്ല. കുടിയാനും ഭൂഉടമയും തമ്മിലുള്ള ബന്ധത്തിന്റെ കാര്യത്തിൽ നാമെടുത്ത അളവുകോൽതന്നെ ഇതിലും എടുക്കണം. ഭൂഉടമ ഏതുതരത്തിലുള്ള ആളാണെന്നു നോക്കാതെ ഒരു നിശ്ചിത ദിവസം കഴിഞ്ഞാൽ കുടിയാന്റെ അവകാശം സർക്കാരിൽ നിക്ഷിപ്തമാകുകയും അന്നുമുതൽ കുടിയാൻ ഉടമാവകാശിയായിത്തീരുകയും വേണം.

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കുഞ്ഞച്ചൻ വളരെ വിദഗ്ദ്ധമായി പറഞ്ഞത് ഈ ക്ലോസ്സ് തന്നെയല്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അത് ക്ലോസ്സ് 56 ആണ്. അതിനു കറസ്പോണ്ടിംഗായിട്ടുള്ളതാണ് ഈ ക്ലോസ്സ്.

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: ശ്രീ. കുഞ്ഞച്ചൻ വളരെ വിദഗ്ദ്ധമായി ഇന്നലെ പറഞ്ഞു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ചിലർ വളരെ വിദഗ്ദ്ധമായി പറയും മററുചിലർക്കു വൈദഗ്ദ്ധ്യം കുറയും അതു മറെറാരു കാര്യം. ഓരോരുത്തരുടെ വൈദഗ്ദ്ധ്യമനുസരിച്ചു ചെയ്യും. വൈദഗ്ദ്ധ്യം ഓരോരുത്തർക്കും കൂടിയും കുറഞ്ഞും ഇരിക്കും. ഈ ഭാഗം വളരെയധികം സ്വാഗതാർഹമായിട്ടുള്ളതാണെന്നാണ് എന്റെ വിശ്വാസം. ഈ കുടികിടപ്പുകാരെ നമ്മൾ കാണുന്നത് കാർഷികമേഖലയിൽനിന്നും വ്യത്യസ്തമായിട്ടല്ല. എന്തുകൊണ്ടാണ് കുടികിടപ്പുകാരെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഭരണഘടന തടസ്സമായി നിൽക്കാത്തത്? കാർഷിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവരാണ് ഈ കുടികിടപ്പുകാർ എന്നുള്ളതുകൊണ്ടാണ് എസ്റേററിന്റെ നിർവ്വചനത്തിലും കാർഷികമേഖലയെ സംബന്ധിച്ചിടത്തോളമുള്ള നിയമനിർമ്മാണത്തിലും കുടികടപ്പുകാരെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ കൈകാര്യംചെയ്യാൻ നമുക്ക് അവകാശം കിട്ടിയത്. കുടികിടപ്പുകാർക്ക് ഇന്ന് ഈസ്മെൻറു റൈറെറാക്കെ കിട്ടിയിട്ടുണ്ടെങ്കിലും ഏതു പ്രദേശത്തുചെന്നു നോക്കിയാലും അവരുടെ സ്ഥിതി അത്ര മെച്ചമല്ല. ചില സ്ഥലങ്ങളിൽ ചെന്നു നോക്കുകയാണെങ്കിൽ, കുടികിടപ്പുകാരൻ ശക്തനാണെങ്കിൽ ശ്രീമാൻ അച്ച്യുതാനൻദൻ പറഞ്ഞതുപോലെ നാലേക്കർവരെ കൈവശംവച്ചിരിക്കും. അങ്ങനെയല്ലാതുള്ള സ്ഥലങ്ങളിൽ ഒരു കുടിലിൽ നാലും അഞ്ചും കുടുംബങ്ങളാണ് താമസിക്കുന്നത്. അങ്ങനെ വരുമ്പോൾ സിററിയിൽ 3 സെൻറും മുനിസിപ്പാലിററിയിൽ അഞ്ചുസെൻറും ഗ്രാമപ്രദേശങ്ങളിൽ 10 സെൻറും കിട്ടിയാൽ, ഇന്ന് മനുഷ്യരെപ്പോലെയല്ലാതെ ജീവിക്കുന്ന കുടികിടപ്പുകാരുടെ ജീവിതസംപ്രദായത്തിൽ ഒരു മാററം വരുത്താൻ സാധിക്കുകയില്ല. ഈ നിയമനിർമ്മാണംകൊണ്ട് ഉണ്ടാകുന്ന വൈഷമ്യങ്ങളെപ്പററിയൊക്കെ ഇവിടെ പറഞ്ഞു. വാസ്തവത്തിൽ എനിക്കും അതിൽ സഹതാപമുണ്ട്. ചെറുകിടക്കാരനും വൻകിടക്കാരനും ഒക്കെ വൈഷമ്യങ്ങളുണ്ടാകും. ചില ഭൂ ഉടമ

കൾക്കും വൈഷമ്യങ്ങളുണ്ടാകും. പക്ഷെ, സമഗ്രമായ ഒരു കാർഷിക പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ ചിലർക്ക് മനഃപ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമെന്നുള്ളതിനെ ഒഴിവാക്കാൻ നമുക്കു സാധ്യമല്ല. എത്ര നമ്മൾ പരിമിതപ്പെടുത്താൻ ശ്രമിച്ചാലും ചില വിഭാഗത്തിന് അത് ബുദ്ധിമുട്ടുണ്ടാക്കാതിരിക്കുകയില്ല. അതുകൊണ്ട് ഈ കാർഷിക മേഖലയിൽ ഇന്നലെവരെ നിലനിന്നിരുന്ന പല ബന്ധങ്ങളും ഒരു അപ്പായിൻറഡ് ഡേയിൽ അവസാനിപ്പിക്കുന്നതോടൊപ്പം എൻെറ ഈ ഭേദഗതി സ്വീകരിക്കാതെ ഈ നിയമത്തിൽ എഴുതിയിരിക്കുന്നതുപോലെ പോവുകയാണെങ്കിൽ യാതൊരു പ്രയോജനവും അതുകൊണ്ട് ഉണ്ടാകുകയില്ല. രണ്ടേക്കർവരെയുള്ള ഭൂമിയിൽ എത്ര കുടികിടപ്പുകാരുണ്ടെങ്കിലും മൂന്നു സെൻറും അഞ്ചുസെൻറും പത്തുസെൻറും മാത്രമേ കിട്ടുകയുള്ളു എന്നാണ് പറഞ്ഞിരിക്കുന്നത്. രണ്ടേക്കറിന് മുകളിലും നാലേക്കറിന് മുകളിലും ഇത്ര വീതമെന്നും പറഞ്ഞിട്ടുണ്ട്. ഇത് ഇങ്ങനെതന്നെ നിൽക്കുകയാണെങ്കിൽ നമ്മുടെ നാട്ടിലുള്ള ലക്ഷോപലക്ഷം കുടികിടപ്പുകാർ കുടികിടപ്പുകാരായിത്തന്നെ തുടരേണ്ടി വരും. അത് പലതരത്തിലുള്ള സമ്മർദ്ദതന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും അതുമൂലം അരക്ഷിതബോധം ജനിപ്പിക്കുന്നതിനും ഇടയാക്കും. നഷ്ടപരിഹാരം കൊടുക്കാതെതന്നെ ഇത് അവസാനിപ്പിക്കാൻ കഴിയുമെങ്കിൽ നല്ലതാണ്. എസ്റേററിൻെറ നിർവ്വചനത്തിൽ വരുമ്പോൾ എന്തെങ്കിലും ഒരു കോമ്പൻസേഷൻ—reasonable criteria എന്ന് കോടതിയെ ബോധ്യപ്പെടുത്തത്തക്കനിലയിൽ—കൊടുക്കണമെന്ന് ബഹുമാനപ്പെട്ട നിയമമന്ത്രി തന്നെ ഈ ബില്ല് അവതരിപ്പിച്ചപ്പോൾ പറയുകയുണ്ടായി. ഒന്നും കൊടുക്കാതെ അവസാനിപ്പിക്കാൻ കഴിയുമെങ്കിൽ അതു നല്ലതാണെന്നും അവർ പറയുകയുണ്ടായി. പക്ഷെ, ഭരണഘടനയുടെ പരിമിതിക്കുള്ളിൽ ഒതുങ്ങി നിന്നുകൊണ്ടേ നിയമനിർമ്മാണം നടത്താൻ സാധിക്കുകയുള്ളു എന്നുള്ളതുകൊണ്ട്, ഭരണഘടനയിൽ കോമ്പൻസേഷൻ കൊടുക്കാൻ വ്യവസ്ഥയുള്ളതുകൊണ്ട് ഇപ്പോൾ വച്ചിരിക്കുന്ന 12½ ശതമാനം ദീർഘസമയംകൊണ്ടു കൊടുക്കുകയെന്നു വച്ചിരിക്കുന്നതിൽ തെററില്ല. കോമ്പൻസേഷൻ കൊടുത്തില്ലെങ്കിൽ കുടികിടപ്പുകാരന് ഉടമാവകാശം കിട്ടുകയില്ല. അതുകൊണ്ട് ഒരാൾ 3 സെൻറിൻെറ ഉടമാവകാശിയാകുമ്പോൾ 12½ ശതമാനം വില 16 കൊല്ലം കൊണ്ടു കൊടുക്കുന്നതിൽ തെററില്ല. 10 സെൻറ് ഉടമാവകാശം കിട്ടുന്നതിനുവേണ്ടി വിലയുടെ 12½ ശതമാനം കൊടുക്കുന്നതിൽ തെററില്ല. കാരണം, അവൻ 10 സെൻറിൻെറ ഉടമയായിത്തീരുന്നു. അങ്ങനെ വരുമ്പോൾ ക്ലോസ് 56-ലെ കസ്ററമറി ബന്ധങ്ങളൊന്നും വരുന്നില്ല. ഒരു നിശ്ചിത ദിവസം കഴിയുമ്പോൾ, ഈ കുടികിടപ്പുകാരൻ കുടികിടപ്പിൻെറ ഉടമാവകാശിയായിത്തീരുന്നു.

ഒരു നിയമം ഉണ്ടാകുമ്പോൾ ആ നിയമത്തിൻെറ പഴുതുകൾ എല്ലാം ഉപയോഗിക്കാൻ എല്ലാവരും നോക്കും. നമ്മൾ എന്തുതന്നെ നിയമമുണ്ടാക്കിയാലും കുടികിടപ്പുകാരൻ എന്നു പറയുന്നത് ലാൻറ് ഓണറുടേതു മാത്രമല്ല; ടെനൻറിൻേറതായാലും കുടികിടപ്പുകാരനാകും. ഒരേക്കറിനു താഴെയുള്ള കുടികിടപ്പുകാരനെ രക്ഷപ്പെടുത്തണമെന്നുണ്ടെങ്കിൽ, സാമ്പത്തികമായി സൗകര്യമുള്ളവർക്ക് പലതും ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം കൂടി ഓർമ്മിക്കണം. എത്ര ഭൂമിയുള്ളവനും ആ നിലയിൽ പഴുതുകൾ ഉപയോഗിക്കാൻ സാധിക്കും. ടെനൻറ് എന്നു പറഞ്ഞാൽ വാക്കാൽ ചാർത്തുകാരനാണ്. അങ്ങനെ വരുമ്പോൾ ഇന്നയിന്ന ആൾക്കാർ 1957 മുതലേ പാട്ടക്കാരനായിരുന്നു എന്നു പറയാം. അങ്ങനെ വരുമ്പോൾ എത്ര ഭൂമി ഉണ്ടായിരുന്നാലും ഒരേക്കറിനു താഴെയുള്ള കുടികിടപ്പുകാരനാകും.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ]

നേരെ മറിച്ച് ഭൂ ഉടമ ഏതെന്നോ കുടിയാൻ ഏതെന്നോ അടിയാൻ ഏതെന്നോ നോക്കാതെ ചെറുകിട വൻകിട എന്ന വ്യത്യാസം നോക്കാതെ കുടികിടപ്പുകാരനു മുഴുവൻ പട്ടയം കൊടുക്കുകയെന്നു പറഞ്ഞു കഴിഞ്ഞാൽ ഈ പഴുതുകൾ ഉപയോഗിച്ചു രക്ഷപ്പെടാൻ സാധിക്കുകയില്ല. അതുകൊണ്ടു ഞാൻ പറഞ്ഞ ഭേദഗതി സ്വീകരിക്കാവുന്നതാണ്. ഒരേക്കറിനുതാഴെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം കുടികിടപ്പുകാരനെ മാററുമ്പോൾ സർക്കാർ ഭൂമി അക്വയർ ചെയ്തു കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഒരേക്കറിൽ കവിഞ്ഞ ഭൂമിയുള്ള ആളുകൾ ആരായിരുന്നാലും ശരി, ആ ഭൂമിയിൽ എത്ര കുടികിടപ്പുകാരുണ്ടായിരുന്നാലും ഞാൻ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതിയനുസരിച്ച് കോർപ്പറേഷൻ ഏരിയായിലാണെങ്കിൽ 3 സെൻറു വീതവും മുനിസിപ്പലേരിയായിലാണെങ്കിൽ 5 സെൻറു വീതവും ഗ്രാമപ്രദേശങ്ങളിലാണെങ്കിൽ 10 സെൻറു വീതവും പർച്ചേസ് ചെയ്യാനുള്ള അവകാശം കുടികിടപ്പുകാരന് കൊടുക്കണം. അങ്ങനെ വരുമ്പോൾ ഒരു ഉദാഹരണത്തിന്, ഗ്രാമപ്രദേശത്ത് ഒരേക്കർ ഉള്ള ഒരു ഭൂമിയിൽ 20 കുടികിടപ്പുകാരുണ്ട്. ഈ കണക്കനുസരിച്ചാണെങ്കിൽ 200 സെൻറ് വേണ്ടി വരും. അപ്പോൾ ഈ ഭൂ ഉടമ പോരാത്ത ഭൂമി എവിടെനിന്നെങ്കിലും വിലയ്ക്കു വാങ്ങിക്കൊണ്ടുവരേണ്ടിവരും. എന്നാൽ ഞാൻ പറഞ്ഞിരിക്കുന്നത്, ആകെ വിസ്തീർണ്ണം എത്രയുണ്ടോ അത് തുല്യമായി ഭാഗിക്കണം. ഒരേക്കറുള്ള ഒരു ഭൂ ഉടമയുടെ ഭൂമിയിൽ 20 കുടികിടപ്പുകാരുണ്ടെങ്കിൽ അധികം വേണ്ടിവരുന്ന ഭൂമി ഭൂ ഉടമ വാങ്ങിക്കൊണ്ടുവരണ്ട, ഉള്ളഭൂമി തുല്യമായി അയ്യഞ്ചു സെൻറുവീതം വിതരണം ചെയ്താൽ മതിയെന്നാണ്.

അടുത്ത പ്രൊവൈസോയായിട്ട് ഞാൻ ചേർത്തിരിക്കുന്നത്, കുടികിടപ്പുകാരനും ഭൂ ഉടമയും ഒരിടത്താണ് താമസിക്കുന്നതെന്നുണ്ടെങ്കിൽ ഭൂ ഉടമ താമസിക്കുന്ന കെട്ടിടത്തോടു ചേർത്ത് പത്തു സെൻറ് പോയിട്ട് ബാക്കി കുടികിടപ്പുകാർക്കായിട്ട് വീതിച്ചു കൊടുക്കണമെന്നാണ്.

ശ്രീ. കെ. ടി. ജോർജ്ജ് : ഭൂ ഉടമയ്ക്ക് പത്തു സെൻറ് കൊടുക്കണമെന്നു പറയുന്നത് കോർപ്പറേഷൻ ഏരിയായിലാണോ മുനിസിപ്പൽ ഏരിയായിലാണോ പഞ്ചായത്തേരിയായിലാണോ? അതോ എല്ലാ സ്ഥലത്തും പത്തു സെൻറാണോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എല്ലാ സ്ഥലത്തും പത്തു സെൻറാണ്. കെട്ടിടവും മററും നിൽക്കുമ്പോൾ അതു വേണം.

ശ്രീ. എസ്. ദാമോദരൻ : ജന്മിക്ക് 10 സെൻറു കഴിച്ചുള്ള ഭൂമി വീതിച്ചു കൊടുക്കണമെന്നു പറഞ്ഞു. അപ്പോൾ ഈ ഭൂ ഉടമയ്ക്ക് ഒരു മൈലിനുള്ളിൽ വേറെ നാലേക്കർ ഭൂമിയുണ്ടെങ്കിൽ അതു കൂടി ഭാഗിച്ചു കൊടുക്കണ്ടേ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഈ ബില്ലിൽ തന്നെ അതില്ല. കുടികിടപ്പു പറഞ്ഞിരിക്കുന്നതെല്ലാം ആ കുടികിടപ്പു കിടക്കുന്ന ഭൂമിയെ സംബന്ധിച്ചു തന്നെയാണ്. മററു ഭൂമിയെ സംബന്ധിച്ചു പറഞ്ഞിട്ടില്ല. അത്തരത്തിലുള്ള ഒരു ഭേദഗതി ബഹുമാനപ്പെട്ട മെമ്പർ കൊണ്ടുവന്നാൽ ഞാൻ അതിനോട് യോജിക്കാം. ഇപ്പോൾ ഉള്ള ഭൂമിക്കകത്തു നിന്നുകൊണ്ട് ഞാൻ പറയുന്നതെങ്കിലും എഗ്രീ ചെയ്താൽ മതി. അതുകൊണ്ടു ഭൂമി ഉണ്ടോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് റിസർച്ചു നടത്തി കാലതാമസം വരുത്താതെ........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഒരേക്കറിൽ ഇത്രയധികം കുടികിടപ്പുകാരുണ്ടായിരിക്കുമെന്നുള്ളത് ഒരു അസംഭവനല്ലേ, യാഥാർത്ഥ്യവുമായിട്ട് നിരക്കുന്നതാണോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങനെയാണെങ്കിൽ എന്റെ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ട് യാതൊരു വിഷമവും ആർക്കും ഉണ്ടാകുകയില്ലല്ലോ ? ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ കുടികിടപ്പുകാർ ഇല്ലെങ്കിൽ ഞാൻ പറഞ്ഞത് എഴുതിവച്ചതുകൊണ്ട് യാതൊരു കുഴപ്പവുമില്ല.

ശ്രീ. കെ. ടി. ജോർജ്ജ് : ബഹുമാനപ്പെട്ട മെമ്പർ കുഞ്ഞച്ചൻ പറഞ്ഞത് ശരിയല്ല. എന്റെ സ്നേഹിതൻ ശ്രീ. എ. എസ് പുരുഷോത്തമനോടു ചോദിച്ചു നോക്കൂ. വൈപ്പിൻ കര പ്രദേശത്ത് ഒരേക്കറിൽ തന്നെ പത്തിൽ കൂടുതൽ കുടികിടപ്പുകാരുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : രണ്ടു തരത്തിലും വരാം. ചില സ്ഥലങ്ങളിൽ കുറവായിരിക്കും. ചില സ്ഥലങ്ങളിൽ കൂടുതലായിരിക്കും. ഞങ്ങളുടെ പ്രദേശങ്ങളിൽ ഭൂ നിയമം വരുന്നതിനു മുൻപുതന്നെ കുടികിടപ്പുകാർ ചില അവകാശങ്ങൾ നേടിയെടുത്തിട്ടുണ്ട്. സാമൂഹ്യനീതി എന്നുള്ള നിലയിൽ 15 സെൻറുവീതം എഴുതിക്കൊടുക്കുന്ന ഒരു പതിവുണ്ട്. അത് ഇപ്പോൾ പത്തു സെൻറാക്കിയിട്ടുണ്ട്. എങ്കിലും പല പ്രദേശങ്ങളും വച്ചു നോക്കുമ്പോൾ കൊട്ടാരക്കരപോലെ ആയിരിക്കുകയില്ല വൈപ്പിൻകര. അങ്ങനെ വരുമ്പോൾ ചിലർ ത്യാഗങ്ങൾ സഹിക്കേണ്ടി വരും.

[Shri J. A. Chacko in the chair]

ശ്രീമതി കെ. ആർ. ഗൗരി : ഇതിനുമുൻപ് ഒരു നിയമമുണ്ടായിരുന്നു—minimum 3 cents and maximum 10 cents—അപ്പോഴാണ് 15 സെൻറു വാങ്ങിയത്. ഇപ്പോൾ കൂടുതൽ വാങ്ങിക്കൂടെ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : നിയമം വരുന്നതിനു മുൻപാണ് ഇതു നടന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്; ശ്രീ കുഞ്ഞച്ചൻ പറഞ്ഞതുപോലെയാണെങ്കിലും ഇതു കൂടി നിയമത്തിൽ ഉൾപ്പെടുത്തുന്നതുകൊണ്ട് ഭൂ ഉടമയ്ക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല.

ശ്രീ. ഇ. ജോൺ ജേക്കബ് : ഈ പത്തുസെൻറ് എന്നുള്ളതു മാററിയിട്ട് 20 സെൻറ് എന്നാക്കിയാൽ എന്താണ് ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : 20 സെൻറ് എന്നു പറഞ്ഞ് ബഹുമാനപ്പെട്ട മെമ്പർ ഒരു ഭേദഗതി അവതരിപ്പിച്ചാൽ, കുട്ടനാടൻ പ്രദേശങ്ങളിൽ 20 സെൻറ് എന്നു പറഞ്ഞ് ഒരു ഭേദഗതി അവതരിപ്പിച്ചാൽ, ഞാൻ അംഗീകരിക്കാം. ഇത് സ്റേററ് ആവറേജാണ്. സെലക്ററ് കമ്മിററി പല സ്ഥലങ്ങളിൽ ചെന്നപ്പോഴും കുടികിടപ്പു സംഘവും കർഷക സംഘങ്ങളും ഈ കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. അതുകൊണ്ട് എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണ്. ഇന്നത്തെ രീതിയിൽ ഈ നിയമം അംഗീകരിക്കുകയാണെങ്കിൽ സാർവ്വത്രികമായി പലർക്കും കുടികിടപ്പവകാശം ലഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതല്ല. അതുകൊണ്ട് ശ്രീ. ചന്ദ്രശേഖരൻ നായർ നിർദ്ദേശിച്ച ഭേദഗതി സ്വീകരിക്കണമെന്നും അതുകൊണ്ട് എല്ലാവർക്കും ഭൂമി കിട്ടുമെന്നും അഭ്യർത്ഥിക്കുകയാണ്.

അതുപോലെ ശ്രീ. അച്ച്യുതാനന്ദൻെറ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതുപോലെ പരിധിയിൽ കവിഞ്ഞ ഭൂമിയുള്ള ഭൂ ഉടമസ്ഥൻമാർക്ക് പേരിനുവേണ്ടി മാത്രം നഷ്ടപരിഹാരം കൊടുക്കുകയും അതുപോലെ തന്നെ രണ്ടേക്കറിനു താഴെ ഭൂമിയുള്ളവർക്ക് ഇന്ന് നൽകപ്പെട്ടിട്ടുള്ളതിൽ കൂടുതൽ നഷ്ടപരിഹാരം നിർദ്ദേശിക്കുകയും ചെയ്യണം. ആ നഷ്ടപരിഹാരത്തിൽ ഒരു പ്രധാനപങ്ക് ഗവൺമെൻറ് കൊടുക്കത്തക്കനിലയിൽ വ്യവസ്ഥ സ്വീകരിച്ചു കഴിഞ്ഞാൽ രണ്ടേക്കറിനു താഴെ ഭൂമിയുള്ള ഭൂമി നഷ്ടപ്പെടുന്നവർക്ക് കുറെ ആശ്വാസം കിട്ടുകയും കുടികിടപ്പുകാരന് കുടി കിടപ്പവകാശം കിട്ടുകയും ചെയ്യുന്നു. അതുകൊണ്ട് ഈ ഭേദഗതികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ശ്രീമാൻ ഇ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയോടു യോജിക്കാൻ നിർവാഹമില്ല. ഈ ബില്ലിൻെറ ചർച്ചാവേളയിൽ ആദ്യം പ്രകടിപ്പിച്ച ആവേശം ഞങ്ങൾ ഭേദഗതി അവതരിപ്പിക്കുന്നതിൽ കാണിക്കുന്നില്ല. കാരണം ഇത് കോടതിയിൽ ചെന്നാൽ തള്ളപ്പെടുന്ന നിയമമാണ്. ഇക്കാര്യം ഇവിടെ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കോടതിയിൽ ചെന്ന് നേരത്തെ ഏർപ്പാടു ചെയ്തോ ?

ശ്രീ. പി. ഗംഗാധരൻ : എത്ര നാളായി ഈ ഭീഷണി തുടങ്ങിയിട്ട് ? എന്തിന് വീണ്ടും വീണ്ടും ആവർത്തിക്കുന്നു. കോടതിയിൽ ചെന്നാൽ സ്വീകരിക്കുകയില്ലെങ്കിൽ അത് അപ്പോൾ പറഞ്ഞാൽ മതിയല്ലോ. ഇപ്പോൾ ബില്ലു പാസ്സാകട്ടെ.

മി. ചെയർമാൻ (ശ്രീ. ജെ. എ. ചാക്കോ) : ഭീഷണിയല്ല, വസ്തുത പറഞ്ഞു എന്നേയുള്ളു.

ശ്രീ. കെ. എം. മാണി : സർ, പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ പന്തം കൊളുത്തിപ്പട എന്നു കേട്ടിട്ടുണ്ട്. ഈ ബില്ലിലെ 63-ാം വകുപ്പിലെ വ്യവസ്ഥ ഞങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ, വാസ്തവത്തിൽ ആത്മാർത്ഥമായി പറയുകയാണെങ്കിൽ കുടികിടപ്പുകാരെ വളരെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥയാണ് ശ്രീമതി ഗൗരിയുടെ അമൻറിംഗ് ബില്ലിലെ വ്യവസ്ഥ. അൽപം കൂടി പുരോഗമനം ശ്രീമാൻ ഇ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയിൽ കാണുമെന്നുള്ള പ്രതീക്ഷയോടുകൂടി നോക്കിയപ്പോൾ ശ്രീമതി ഗൗരി കൊണ്ടു വന്ന ബില്ലിലെ വ്യവസ്ഥയെക്കാൾ കുടികിടപ്പുകാർക്ക് വളരെ ദൂഷ്യം ചെയ്യുന്ന വ്യവസ്ഥയാണ് അതിൽ കണ്ടത്. 63-ാമത്തെ വ്യവസ്ഥ കുടികിടപ്പുകാർക്ക് ഗുണകരമായ വിധത്തിൽ ശ്രീമതി ഗൗരി അമെൻറു ചെയ്തിട്ടില്ല. 63-ാമത്തെ ക്ലോസിൽ 4-ാം ഉപവകുപ്പിൽ സബ് ക്ലോസ് (എ) യിൽ പറഞ്ഞിട്ടുള്ളത് ഇതാണ്. "where such person holds less than two acres of land, three cents in a city or major municipality or five cents in any other municipality or ten cents in a panchayat area or

LIBRARY ARCHIVES Kerala Legislative Assembly

township. ഒരു സ്ഥലത്ത് ഒന്നിലധികം കുടികിടപ്പുകാർ ഉദാഹരണമായി 6 കുടികിടപ്പുകാർ ഉണ്ടെന്നു വയ്ക്കുക. അപ്പോൾ ഈ വ്യവസ്ഥയനുസരിച്ച് അര സെൻറു മാത്രമേ കുടികിടപ്പുകാരനു ലഭിക്കുകയുള്ളു. അതുകൊണ്ടാണ് ഈ വ്യവസ്ഥ കുടികിടപ്പുകാരന് ദോഷകരമായ വ്യവസ്ഥയെന്നു ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. അതുപോലെതന്നെ 63-ാം വകുപ്പിൽ നാലാം ഉപവകുപ്പിൽ ബി, സി, ഡി എന്നീ ഉപവകുപ്പിനെ സംബന്ധിച്ചിടത്തോളം ഈ ബില്ലിലെ രണ്ടാമത്തെ പ്രൊവൈസോയിൽ പറഞ്ഞിരിക്കുന്നത് ഒന്നിലേറെ കുടികിടപ്പുകാരുണ്ടെങ്കിൽ ആ ഭൂമി വീതിക്കാൻ തികയുന്നില്ലെങ്കിൽ 3 സെൻറെങ്കിലും മിനിമം ഗാരൻറി ചെയ്തിരിക്കണമെന്നാണ്. അങ്ങനെ വരുമ്പോൾ 6 പേരുണ്ടെങ്കിൽ 6×3=18 സെൻറിന് അവർക്ക് അവകാശമുണ്ട്. ശ്രീമാൻ ഇ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതി കുടികിടപ്പുകാരനെയും ഭൂവുടമയേയും ഒരേ സമയം തന്നെ ബാധിക്കുന്ന വിധത്തിലുള്ളതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : 3 സെൻറു വീതം 18 സെൻറ് കിട്ടുമെന്ന് എവിടെയാണ് എഴുതിവച്ചിരിക്കുന്നത് ? എത്രയായാലും 3 സെൻറിൽ കൂടുതൽ വാങ്ങിക്കാനൊക്കുകയില്ല.

ശ്രീ. കെ. എം. മാണി : 2 ഏക്കറുള്ള ആളുകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അയാളുടെ ഭൂമിയിൽ 100 പേരുണ്ടെങ്കിൽ ഇതിനു വ്യത്യാസം വരും. പ്രൊവൈസോയിൽ പറയുന്നത് provided further that if in any case falling under clause (b) or clause (c) or clause (d) the extent specified in that clause is not sufficient for the purchase of an extent of three cents of land by each kudikidappukaran, the extent of land which is liable to be purchased under this section shall be the extent required for purchase of three cents by each kudikidappukaran എന്നാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എ-യ്ക്ക് ഇല്ല.

ശ്രീ. കെ. എം. മാണി : അതെ. എ-യ്ക്ക് ഇല്ല. ബി-യിൽ പറഞ്ഞിരിക്കുന്നത് "where such person holds two acres or more, but less than three acres, of land six cents in a city or major municipality or ten cents in any other municipality or twenty cents in a panchayat area or township" എന്നാണ്. അതനുസരിച്ച് 6 സെൻറ് കൊടുത്താൽ മതി. സിററിയിലാണെങ്കിൽ ഒരാൾക്ക് 18 സെൻറ് കിട്ടാൻ അർഹതയുണ്ട്. 6 കുടികിടപ്പുകാരുണ്ടെങ്കിൽ 18 സെൻറ് കിട്ടാൻ അർഹതയുള്ള സ്ഥാനത്ത് ബി ഉൾപ്പിരിവിൽ പറഞ്ഞിരിക്കുന്നത് 6 സെൻറ് മാററിവച്ചിരിക്കണമെന്നാണ്. ഇതനുസരിച്ച് 18 സെൻറെങ്കിലും കിട്ടിയിരിക്കണമെന്നാണ് പ്രൊവൈസോയിൽ പറഞ്ഞിരിക്കുന്നത്. ശ്രീമാൻ ഇ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയനുസരിച്ച് 101 സെൻറുള്ള ഒരാളെ സംബന്ധിച്ചിടത്തോളം 4-ാമത്തെ ഉപവകുപ്പിൽ വരും. 80 എയിൽ സബ് ക്ലോസ് (2)-ൽ ഒരേക്കറിൽത്താഴെയുള്ള ആളുകളെ സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. സബ് ക്ലോസ് (4) തുടങ്ങുന്നത് 1 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരെ സംബന്ധിച്ചാണ്. ഒരേക്കറാണ് ഉള്ളതെങ്കിൽ 10 സെൻറ് ഉടമസ്ഥന് മാററിവച്ചിട്ട് ബാക്കി സെൻറിനെ 9 കൊണ്ടു ഹരിക്കണം. അപ്പോൾ 9×10=90. ഉടമസ്ഥന് 10 സെൻറാണ് കിട്ടുന്നത്. സർ, ഈ പ്രശ്നം അവസാന സമയത്ത് ചർച്ച ചെയ്യാൻ വേണ്ടി ഞാൻ വിടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

അടുത്തതായി ശ്രീമാൻ ഇ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതി ഞാൻ മറെറാരു വശത്തേക്കു കൊണ്ടു വരികയാണ്. ശ്രീമാൻ എ. എസ്. പുരുഷോത്തമൻ ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതി സ്വീകരിക്കണമെന്നു പറയുകയുണ്ടായി. അദ്ദേഹത്തിന്റെ നാട്ടിൽ 100 സെൻറ് സ്ഥലത്ത് 50 കുടികിടപ്പുകാരുണ്ടെന്നു വിചാരിക്കുക. അപ്പോൾ അതിൽ 10 സെൻറ് മാററിവച്ചിട്ട് ബാക്കി 90 സെൻറിനെ 50 കൊണ്ടു ഹരിക്കണം. അങ്ങനെ വരുമ്പോൾ ഒരു കുടികിടപ്പുകാരന് രണ്ടു സെൻറുപോലും കിട്ടാൻ പോകുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: 3 സെൻറു വച്ച് കൊടുക്കാൻ തികയുന്നില്ലെങ്കിൽ ബാക്കി ഭൂവുടമ വാങ്ങിച്ചു കൊടുക്കണമെന്ന് ബില്ലിൽ എഴുതിവച്ചിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി: സർ, ഈ ബില്ലിലെ വ്യവസ്ഥകൾ അനാശാസ്യമാണ്, അപ്രായോഗികമാണ്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ബഹുമാനപ്പെട്ട മെംബർ സങ്കല്പകഥ വച്ചുകൊണ്ടാണ് പറയുന്നത്. വൈപ്പിൻകരയിൽ കൊച്ചിൻ കോർപ്പറേഷന് തൊട്ടടുത്തു കിടക്കുന്ന പ്രദേശത്തു ഒരേക്കറിൽ 10 കുടികിടപ്പുകാരുണ്ടായിരിക്കും. നേരെമറിച്ചു് വൈപ്പിൻകരയിലാണെങ്കിൽ ഒരേക്കറിൽ ശരാശരി രണ്ടോ മൂന്നോ കുടികിടപ്പുകാരിൽ കൂടുതലുണ്ടായിരിക്കുകയില്ല. ഇങ്ങനെ ഒരു സങ്കല്പ കഥ വച്ചുകൊണ്ടു് ഇതിനെ എതിർക്കുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. കെ. എം. മാണി: ശ്രീമാൻ പുരുഷോത്തമന് അതിനെക്കുറിച്ചു് യാതൊരു പരാതിയുമില്ലെങ്കിൽ എനിക്കു വലിയ നിർബന്ധമൊന്നുമില്ല. ഞങ്ങൾ കുടികിടപ്പുകാർക്കുവേണ്ടി വാദിക്കുമ്പോൾ നിങ്ങൾ അവരെ വഞ്ചിക്കാനാണു ശ്രമിക്കുന്നത്. ഈ രാജ്യത്തെ പല പ്രദേശങ്ങളിലും അതായത് കുട്ടനാടൻ പ്രദേശങ്ങളിലൊക്കെ ഒരേക്കർ സ്ഥലത്ത് അൻപതും അറുപതും കുടികിടപ്പുകാർ ഉള്ളതായി എനിക്കറിയാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങനെയാണെങ്കിൽ പറമ്പിൽ സ്ഥലം കാണുകയില്ലല്ലോ.

ശ്രീ. കെ. എം. മാണി: സർ, ഈ ബിൽ കൊണ്ടുവന്ന മാർക്സിസ്ററു പാർട്ടി കുടികിടപ്പുകാരെ വിസ്മരിച്ചുകൊണ്ട് മാറിനിൽക്കുന്നത് വളരെ ലജ്ജാകരമാണ്. ഞങ്ങൾ കുടികിടപ്പുകാർക്കുവേണ്ടി വാദിക്കുമ്പോൾ നിങ്ങൾ ജൻമിയുടെ പക്ഷത്തുചേരും. ഇതെന്തൊരു വിരോധാഭാസമാണ് ?

[11. a. m.]

അതു കൊണ്ട് കേരള കോൺഗ്രസ് എതിരാണെന്നും കേരള കോൺഗ്രസ് സമ്മതിക്കുന്നില്ലെന്നും പറഞ്ഞാൽ അതു ശരിയല്ല. ഒന്നിലേറെ കുടികിടപ്പുകാരുള്ള അവസരത്തിൽ, ശ്രീ. ഇ. ചൻദ്രശേഖരൻനായരുടെ ഭേദഗതി സ്വീകരിച്ചാൽ, മൂന്നു സെൻറിനെ ഹരിച്ചു വീതംവച്ചു വ മ്പോൾ ഒരു സെൻറും അരസെൻറും ഒക്കെ കിട്ടും. ആ രീതിയിൽ അധഃപ ക്കണമെന്നാണെങ്കിൽ ഈ ഭേദഗതി സ്വീകരിക്കുന്നതിനു വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കൂടുതൽ കൊടുക്കത്തക്ക ഒരു മാർഗ്ഗം ഒന്നു പറഞ്ഞു തന്നാൽ കൊള്ളാം.

ശ്രീ. കെ. എം. മാണി: മൂന്നു സെൻറു കൊടുക്കാമെന്ന് കടലാസിൽ എഴുതിവച്ചാലും 3 സെൻറു കൊടുക്കാൻ നിർവാഹമില്ലാത്ത പരിതഃസ്ഥിതി ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ചൂണ്ടിക്കാണിച്ചതു ശരിയാണ്. അങ്ങനെ ഒരു അപ്രായോഗികത ഉണ്ട്.

ശ്രീ. ഇ. ജോൺ ജേക്കബ്: അങ്ങനെയാണെങ്കിൽ ബില്ലിൽ ഒരു കാര്യം കൂടി എഴുതിവച്ചിരുന്നാൽ മതി; കൂടുതൽ കുടികിടപ്പുകാരുള്ള ഭൂവുടമകം തികയാത്ത ഭൂമി വാങ്ങിച്ചുകൊടുക്കണം എന്ന്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അതു ഞാൻ ഭേദഗതിയിൽ എഴുതിയിട്ടില്ലെന്നേയുള്ളു.

ശ്രീ. എ. എസ്. പുരുഷോത്തമൻ: കുടികിടപ്പുകാർക്കു ഭൂമി കുറഞ്ഞുപോയതുകൊണ്ട് കൂടുതൽ കൊടുക്കണമെന്നാണോ, ഇന്നു നിശ്ചയിച്ചിരിക്കുന്ന തോതു വർദ്ധിപ്പിക്കണമെന്നാണോ?

ശ്രീ. കെ. എം. മാണി: ഞങ്ങൾക്കു വ്യക്തമായ പരിപാടിയുണ്ട്. കുടികിടപ്പുകാർക്ക് സ്ഥലം കൊടുക്കണം. ആവശ്യമായ സ്ഥലം കൊടുക്കണം. പത്തു സെൻറന്നാണു നിശ്ചയിക്കുന്നതെങ്കിൽ പത്തു സെൻറു കൊടുക്കണം. പക്ഷേ അതിൻെറ ബാധ്യത ഒരേക്കറുകാരൻെറ തലയിൽ വച്ചുകെട്ടരുതു്. നിങ്ങളെ എന്തിന് ഭരണം ഏല്പിച്ചു? നിങ്ങളെ എന്തിനു ഖജനാവു ഏല്പിച്ചുതന്നു? ഭൂമി ഏല്പിച്ചു തന്നിട്ടുണ്ട്, വനം ഏല്പിച്ചു തന്നിട്ടുണ്ടു്. പ്രൈവററു് ഫോറസ്ററുണ്ട്. കർഷകത്തൊഴിലാളികളെ സംരക്ഷിക്കേണ്ടത് ഒരേക്കറുകാരനല്ല; അരയേക്കറുകാരനല്ല. അവരെ സംരക്ഷിക്കേണ്ട ബാധ്യത ശ്രീ. ഇ. എം. എസ്സിനും ശ്രീ. ഇമ്പിച്ചിബാവയ്ക്കും ശ്രീമതി ഗൗരിക്കും ഐക്യമുന്നണിക്കുമാണുള്ളത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇപ്പോഴുള്ളവരെ കിടക്കുന്ന സ്ഥലത്തുനിന്ന് ഇറക്കിവിട്ടിട്ട് ചെയ്യണമെന്നല്ലേ ? അതിനല്ലേ ആവേശം കാണിക്കുന്നത്?

ശ്രീ. കെ. എം. മാണി: ഞാൻ പറഞ്ഞത് ഞങ്ങൾക്ക് പരിപാടിയുണ്ടെന്നാണ്. പറഞ്ഞുകഴിഞ്ഞില്ലല്ലോ. ഒരാൾ ജൻമിയുടെ പറമ്പിൽ താമസിക്കുകയാണെങ്കിൽ എല്ലാ കാലത്തും ജൻമിയുടെ പറമ്പിൽ കിടന്നുകൊള്ളട്ടെ എന്നാണോ ബഹുമാനപ്പെട്ട കുഞ്ഞച്ചൻ പറയുന്നത് ? ഞങ്ങളുടെ ആവേശം കുടികിടപ്പുകാരൻ എന്നും തൊഴിലാളിയായി, ജൻമിയുടെ അടിമയായി (അതുമാത്രമേയുള്ളൂ, പർച്ചേസ് റൈററ് കൊടുത്തുവെന്നുള്ള ആനുകൂല്യം വേണമെങ്കിൽ പറയാം), എന്നും സമരക്കാരനായി, അസൗകര്യങ്ങൾ വച്ചുപുലർത്തിക്കൊണ്ട്, കുടികിടപ്പുകാരനായി വരമ്പത്തു കിടക്കണമെന്നാണോ ശ്രീ. കുഞ്ഞച്ചൻ പറയുന്നത്? ആണെങ്കിൽ എനിക്ക് അതിൽ ഖേദമുണ്ട്. ഒന്നരയേക്കറുകാരൻെറ പുരയിടത്തിൽ കുടികിടപ്പുകാരൻ കിടക്കുന്നെങ്കിൽ അത് ആ ചെറുകിട ഭൂവുടമയുടെ കുററംകൊണ്ടല്ല. അയാൾക്കു കൊടുക്കാൻ മനസ്സുണ്ട്; ഭൂമിയുണ്ടായിരുന്നെങ്കിൽ കൊടുക്കുമായിരുന്നു. അയാളും കുടികിടപ്പുകാരനും തുല്യരാണ്; പാവപ്പെട്ടവരാണ്, വിഷമതയനുഭവിക്കുന്നവരാണ്. സർക്കാർ ചെയ്യേണ്ടത് അവർക്കു ഭൂമിയുണ്ടാക്കി ... ജോലിയുണ്ടാക്കികൊടുക്കുകയുമാണ്. നമ്മുടെ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

കോളനികരം ഉണ്ടാക്കിയിട്ടുണ്ട്, ഹരിജൻ കോളനികരം ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ പാവപ്പെട്ടവർക്കു കിടപ്പാടവും തൊഴിലും ഉണ്ടാക്കിക്കൊടുക്കണം. അങ്ങനെ ഒരു പദ്ധതി തയ്യാറാക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങരം എന്തിനു ഭരണം നടത്തുന്നുവെന്നു ഞാൻ ചോദിക്കുകയാണ്. കൺഫ്യൂഷൻ ഉണ്ടാക്കി ഭരണം നടത്താൻ മാത്രമേ നിങ്ങരംക്കു വിചാരമുള്ളു. നിങ്ങരം പദ്ധതി ഉണ്ടാക്കുക. ഇന്നയിന്ന ഭൂമി അക്വയർ ചെയ്യാമെന്നു കണ്ടുപിടിച്ച് അക്വയർ ചെയ്യുക; നാഷണലൈസ് ചെയ്യേണ്ടതു നാഷണലൈസ് ചെയ്യുക; പ്രൈവററു ഫോറസ്ററ് പ്രയോജനപ്പെടുത്തുക. ഒന്നര സെൻറുപോലും കിട്ടാനില്ലാത്ത, തല ചായ്ക്കാനില്ലാത്ത, കുടികിടപ്പുകാരൻ വീണ്ടും അവിടെത്തന്നെ കഴിച്ചുകൂട്ടിക്കൊള്ളണമെന്നുള്ളതു മാററി വിശാലമായ പദ്ധതിയുണ്ടാക്കുക. ഭൂമി ശ്രീ. കുഞ്ഞച്ചൻെറ വീട്ടിൽ നിന്നല്ല, ശ്രീമതി ഗൗരിയുടെ വീട്ടിൽ നിന്നല്ല, ഈ രാജ്യത്തിൻെറ സമ്പത്താണ്. അതുകൊണ്ടു ഒരേക്കർ കർഷകത്തൊഴിലാളിക്കു കൊടുക്കണമെന്നു പറഞ്ഞാൽ അതിന് ആദ്യമായി കൈപൊക്കുന്നവർ കേരളാ കോൺഗ്രസുകാരായിരിക്കും.

ശ്രീ. എം. കെ. ജോർജ്ജ്: വലിയ ആവേശം കാണിക്കുന്നതു ഇപ്പോരം കുടികിടപ്പുകാരെ പറഞ്ഞയയ്ക്കാനായിരിക്കും?

ശ്രീ. കെ. എം. മാണി: നിങ്ങരം വലിയ ആവേശം കാണിച്ചു ബില്ലു പാസ്സാക്കുന്നതിൻെറ ഫലം രണ്ടു മാസം കഴിയുമ്പോരം അറിയാം. ശ്രീ. പി. ടി. ചാക്കോ നൽകിയിരുന്ന പരിരക്ഷ തട്ടിത്തെറിപ്പിച്ചുകൊണ്ട് ഈ ബില്ലിൽ വ്യവസ്ഥകളുണ്ടാക്കിയിരിക്കുകയല്ലേ?

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ: കേരളാ കോൺഗ്രസിൻെറ ഡെപ്യൂട്ടി നേതാവായ ശ്രീ. ഇ. ജോൺ ജേക്കബ്, പഞ്ചായത്തു ഏരിയായിൽ 10 സെൻറു കൊടുക്കണമെന്നുള്ള വ്യവസ്ഥ മാററണമെന്നും അവിടമൊക്കെ പട്ടണമായി ഉയർത്തി പരിഗണിച്ചുകൊണ്ട് അത് 5 സെൻറാക്കണമെന്നും പറഞ്ഞില്ലേ? അങ്ങനെ 5 സെൻറു പിടിച്ചു പററണമെന്നു പറഞ്ഞത് കേരളാ കോൺഗ്രസ്സിൻെറ ഡെപ്യൂട്ടി നേതാവുതന്നെയല്ലേ. ഇതിനെപ്പററി ബഹുമാനപ്പെട്ട മെമ്പർക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. ഇ. ജോൺ ജേക്കബ്: ഞാൻ ഇവിടെ ഇരിക്കുന്ന സ്ഥിതിക്ക് അതു ഞാൻ തന്നെ പറയുകയായിരിക്കും നല്ലത്. ഞാൻ പറഞ്ഞത് തീർച്ചയായും ആ സ്ഥലത്ത് മുഴുവൻ ഭൂവുടമസ്ഥൻെറ തലയിൽ വയ്ക്കാതെ ഗവൺമെൻറു വാങ്ങിച്ചു കൊടുക്കണമെന്നാണ്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ചുരുക്കുകയാണ്. എന്നും ഈ മൂരാച്ചിയായ ജൻമിയുടെ കീഴിൽ കുടികിടപ്പുകാർ സമരംചെയ്ത് അടിമപ്പെട്ടു കഴിയുന്നതിനു പകരം തൊഴിൽചെയ്തു ജീവിക്കുന്നതിന് അവരെ ക്ഷണിക്കൂ. അവർക്കു ജോലി നൽകാൻ കഴിയും. ഉദാഹരണമായി, പ്ലാൻേഷൻ കോർപ്പറേഷനിലും റബ്ബർ തോട്ടങ്ങളിലും അവർക്കു ജോലി നൽകൂ. അങ്ങനെ ഹരിജനങ്ങളെ ചുററിപ്പററി, തൊഴിലാളികളെ ചുററിപ്പററി മനോഹരങ്ങളായ നഗരങ്ങരം ഉണ്ടാകട്ടെ. ആർക്കാണ് വിരോധമുള്ളത്. അവരുടെ കെട്ടിടങ്ങളും ഓടിടണം. പാവപ്പെട്ടവരെ ചുററിപ്പററി മനോഹരങ്ങളായ നഗരങ്ങരം ഉണ്ടാകണം. ശ്രീമാൻ കുഞ്ഞച്ചൻ നോക്കുന്നത് അവർ എന്നും ഈ മൂരാച്ചികളുടെ കീഴിൽ കിടക്കണമെന്നാണ്. ശ്രീമാൻ ഇ. ചന്ദ്രശേഖരൻനായരും എന്നോടു ക്ഷമിക്കണം, ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

റവന്യുമന്ത്രി കൊണ്ടുവന്ന ഭേദഗതി നിയമത്തിൽ പിൻതിരിപ്പനും അശാസ്ത്രീയവും അപ്രായോഗികവും കുടികിടപ്പുകാരനെ ദ്രോഹിക്കുന്നതുമായ വ്യവസ്ഥകളാണ് നിറച്ചുവെച്ചിരിക്കുന്നതെങ്കിൽ അതിലേറെ ദോഷകരമായതാണ് ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതി. ഇത് രണ്ടും ഉൾപ്പെടുകയാണെങ്കിൽ, അധികസമയം 'പുരോഗമനപരമായ' ഈ ബില്ലിനു തടസ്സം സൃഷ്ടിക്കുന്നുവെന്ന പേരു സമ്പാദിക്കാൻ വേണ്ടി ഞാൻ ഒന്നും പറയുന്നില്ല. ഇടയ്ക്കു് അതിപ്രധാനമായ ഒരു ചെറിയ കാര്യം മാത്രം പറഞ്ഞുവെന്നേയുള്ളു. ഗവർമ്മെൻറു ഭാഗത്തു നിന്നും തീർച്ചയായും ഒരു പരിപാടി കൊണ്ടുവരേണ്ടതായിരുന്നു. ഈ കുടികിടപ്പുകാരെ സംരക്ഷിക്കേണ്ടതായിരുന്നു. ഇന്നു അനുഭവിച്ചുകൊണ്ടിരിക്കുന്ന കുടികിടപ്പുകാർക്ക് സംരക്ഷണമില്ലാതെ വരും. ജൻമി കേസു കോടതിയിൽ കൊടുത്താൽ കേസു നിലനിൽക്കും. വളരെ വിഷമത്തോടു കൂടി, ഹൃദയ വേദനയോടുകൂടി, ഞാനിത് ബഹുമാനപ്പെട്ട റവന്യുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആറു കുടികിടപ്പുകാരുള്ള ഒരു തുണ്ടു ഭൂമിയുടെ ഉദാഹരണം ഇവിടെ രേഖപ്പെടുത്തുകയുണ്ടായി. വെറും അര സെൻറു വീതം കൊടുക്കേണ്ട അവസ്ഥ വരുമ്പോൾ ജൻമി കുടികിടപ്പുകാർക്കെതിരായി കേസു കൊടുക്കും. ക്ലോസ് 63 അനുസരിച്ചു [80-ാം വകുപ്പ് (4)-ാം ഉപവകുപ്പു (എ) ഉൾപ്പിരിവനുസരിച്ചു] ഒഴിഞ്ഞുകൊടുക്കണമെന്നു പറഞ്ഞ് ജൻമി കേസു കൊടുക്കും. അങ്ങനെ ജൻമി കേസുകൊടുക്കാനിടയാക്കി കുടിയാനെ വഴിയാധാരമാക്കരുതെന്നുണ്ടെങ്കിൽ ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതി പിൻവലിച്ചും ശ്രീമതി ഗൗരിയുടെ വ്യവസ്ഥ പിൻവലിച്ചും ന്യായമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഇതു പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ നിറുത്തുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുകയാണ്; 80A (2) മുൻപു അംഗീകരിച്ചതിൻെറ അടിസ്ഥാനത്തിലുള്ളതാണ് അതായത്........of section 75 for the acquisition of the land to which the kudikidappu may be shifted, within a period of three years from the commencement of the Kerala Land Reforms (Amendment) Act, 1969.

സബ്ക്ലോസ്(3)-ൽ ....within a period of three years from the commencement......എന്നുള്ളിടത്ത് within a period of two years....... എന്നാക്കണം. രണ്ടേക്കറിൽ താഴെയുള്ള ജൻമിയുടെ കുടികിടപ്പുകാരെ സംബന്ധിച്ചു പിന്നെ സബ് ക്ലോസ്(4)-ൽ 10 സെൻറു വാങ്ങാമെന്നു വ്യവസ്ഥ എഴുതിച്ചേർത്തിരിക്കുന്നത് 3 സെൻറ്, 5 സെൻറ്, 10 സെൻറ്, എന്നും മററും ഉള്ള റേററു കുറെ മാററണമെന്നു വിചാരിക്കുകയാണ്. അതായത് ഇപ്പോൾ രണ്ടേക്കറിനു താഴെയുള്ളവർ എന്നാണു വച്ചിരിക്കുന്നത്. അത് ഒരേക്കറിനു താഴെയുള്ളവർ എന്നാക്കാം. സബ്ക്ലോസ് (4) നുള്ള ഭേദഗതി ഇതാണ്.

(c) for sub-section (4), the following sub-section shall be substituted, namely:—

"(4) Notwithstanding anything contained in sub-section (3), where in the lands held by a person, either as owner or as tenant, there are more kudikidappukars than one, the maximum extent of land which is liable to be purchased under this section shall be—

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

(a) where such person holds less than one acre of land three cents in a city or major municipality or five cents in any other municipality or ten cents in a panchayat area or township;

(b) where such person holds one acre or more, but less than two acres of land, six cents in a city or major municipality or ten cents in any other municipality or twenty cents in a panchayat area or township;

(c) where such person holds two acres or more, but less than three acres, of land, nine cents in a city or major municipality or fifteen cents in any other municipality or thirty cents in a panchayat area or township;

(d) where such person holds three acres or more, but less than four acres, of land, twelve cents in a city or major municipality or twenty cents in any other municipality or forty cents in a panchayat area or township;

(e) where such person holds four acres or more, but less than five acres, of land, fifteen cents in a city or major municipality or twenty-five cents in any other municipality or fifty cents in a panchayat area or township:

Provided that the extent of land which a kudikidappukaran shall be entitled to purchase shall, in no case, exceed the extent specified in sub-section (3):

Provided further that if in any case falling under clause (b) or clause (c) or clause (d) or clause (e), the extent specified in that clause is not sufficient for the purchase of an extent of three cents of land by each kudikidappukaran, the extent of land which is liable to be purchased under this section shall be the extent required for purchase of three cents by each kudikidappukaran".

പിന്നെ സബ്ക്ലാസ് (7) ന് ഒരു പ്രൊവൈസോ ചേർക്കണം:

Provided that where the person is in possession of the land in which the kudikidappu is situate or where he is a member of a family, such family, holds lands in excess of the ceiling area, the purchase price shall be twelve and a half per cent of such market value.

Shri K. Moideenkutty Haji : "In sub-clause (4) it is stated: (4) Notwithstanding anything contained in sub-section (3) where in the lands held by a person, either as owner or as tenant in possession, there are more kudikidappukars than one, etc." Is it not necessary to change it thus " where in the lands held by a person, either *as owner in possession or as tenant in possession.......*"

Smt. K. R. Gouri : ...."held by a person, in possession either as owner or as tenant"......This is sufficient.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികൾ സ്വാഗതാർഹമായിട്ടുള്ളതാണ്. നേരത്തേ ഉണ്ടായിരുന്ന ചില അനാമലികൾ തിരുത്തുന്നതിനും, അതു മാതിരി, എക്സസു ലാൻഡുള്ള ഭൂവുടമകളുടെ കീഴിലുള്ള കുടികിടപ്പു കാരാണെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം, കുടികിടപ്പു പർച്ചേസു ചെയ്യുന്ന അവസരത്തിൽ കൊടുക്കേണ്ടി വരുന്ന വില മററു കുടികിടപ്പു കാർക്കു പകുതിമാത്രം ആയിരിക്കത്തക്കവിധത്തിലും അവതരിപ്പിച്ചിട്ടുള്ള ഈ ഭേദഗതികളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കുടികിടപ്പുകാരുടെ അവകാശങ്ങൾ ഉൾക്കൊള്ളുന്ന ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇതിൻെറ പൊതുചർച്ചാവേളയിൽ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശങ്ങൾ സമഗ്രമായി ഉൾക്കൊള്ളുന്ന കാര്യങ്ങൾ എഴുതിവയ്ക്കാൻ ഇനിയും ബഹുമാനപ്പെട്ട റവന്യു മന്ത്രിക്കു കഴിഞ്ഞിട്ടില്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ബഹുമാനപ്പെട്ട റവന്യു മന്ത്രി വളരെ മുൻപേ പ്രസ്താവിച്ചിരുന്നതു പോലെ കുടികിടപ്പുകാർക്കുവേണ്ടി ഒരു പ്രത്യേക ആക്ററ്, ആരാണ് കുടികിടപ്പുകാർ; അവരുടെ അവകാശങ്ങൾ എന്തെല്ലാമാണ്; കുടികിടപ്പു കാരുടെ കസ്ററമറി റൈററ്സ് എന്തെല്ലാമാണ്; ഏതെല്ലാം സന്ദർഭങ്ങളിൽ കുടികിടപ്പുകാരെ ഒഴിപ്പിക്കാം; കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ പാടില്ലാത്ത അവസരങ്ങൾ ഏതെല്ലാം ; എന്തുമാത്രം ഭൂമി അവർക്കു കൈവശം വയ്ക്കാം എന്നിങ്ങനെയുള്ള കാര്യങ്ങൾ സമഗ്രമായി ഉൾക്കൊള്ളിച്ചു കൊണ്ടു ഒരു കുടികിടപ്പുകാർ ബിൽ ഇവിടെ അവതരിപ്പിച്ചിരുന്നെങ്കിൽ വളരെ കൂടുതൽ ആനുകൂല്യങ്ങൾ കുടികിടപ്പുകാർക്കു കൊടുക്കത്തക്ക വിധത്തിൽ അതു കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്നു എന്നാ ണെൻെറ അഭിപ്രായം. അതു ചെയ്യാതെപോയതു എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ : ബഹുമാനപ്പെട്ട മെമ്പർ പറയു ന്നതുപോലെ, കുടികിടപ്പുകാർക്കു പ്രത്യേകമായിട്ട് ഒരു നിയമം കൊണ്ടു വരുന്നതു ഭരണഘടനാവിധേയമായിരിക്കുമോ ?

ശ്രീ. കെ. ടി. ജോർജ്ജ് : ബിൽ കൊണ്ടുവരുന്നതിനുമുൻപ് അതു ഭരണഘടനാവിധേയമാണോ, അല്ലയോ എന്നു എങ്ങനെ പറയും? ഒരു ബിൽ ഏതു ആണ്ടിൽ കൊണ്ടുവരുന്നു, അല്ലെങ്കിൽ ഏതു മാസത്തിൽ കൊണ്ടുവരുന്നു, ആരു കൊണ്ടുവരുന്നു എന്നു നോക്കിയിട്ടല്ല അതിൻെറ ഭരണഘടനാവിധേയത്വം തീരുമാനിക്കപ്പെടുന്നത്. ബിൽ തയ്യാറാക്കി കൊണ്ടുവന്നാൽ പരിശോധിച്ചിട്ടു പറയാം. ബഹുമാനപ്പെട്ട പുരുഷോത്ത മൻ വിചാരിക്കുന്നതുപോലെ, നിങ്ങൾമാത്രം കുടികിടപ്പുകാരുടെ സംരക്ഷകരും, ബാക്കിയുള്ളവർ അവരെ സംഹരിക്കുന്നവരും ആണെന്ന ധാരണ ശരിയല്ല. ഈ രാജ്യത്തെ ലക്ഷോപലക്ഷം വരുന്ന കുടികിടപ്പുകാരുടെ നൻമയും തിൻമയും ആണ് ഈ രാജ്യത്തിൻെറ ഭാവിഭാഗധേയങ്ങൾ നിർണ്ണ യിക്കേണ്ടത്. അവരെ സംബന്ധിച്ചിടത്തോളം അവർക്കു കൂടുതൽ സൗക ര്യപ്രദമായ, ഗുണകരമായ കൂടുതൽ അവകാശങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമനിർമ്മാണ നടപടിയെ സഹർഷം സ്വാഗതം ചെയ്യാൻ ഞങ്ങൾ സന്നദ്ധരാണെന്ന് ആമുഖമായി പറയുകയാണ്.

സർ, ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ച ഭേദ ഗതിയെ സംബന്ധിച്ചിടത്തോളം ഞാൻ അതിനെ ഭാഗികമായി സ്വാഗതം ചെയ്യുകയാണ്. വിശദാംശങ്ങളെപ്പററി പിന്നീട് പറയാം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്ജ്]

സർ, കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം പുതിയതായ അവകാശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചു എന്നു പറയാവുന്നത് കുടികിടപ്പുകാർക്കു പർച്ചേസു റൈററ് നൽകുന്നു എന്നുള്ളതാണ്. മററുള്ളതൊക്കെ മിക്കവാറും കഴിഞ്ഞകാലത്തുണ്ടായിരുന്നതാണ്. ഇതിനുതന്നെ ചില ചില്ലറ ഭേദഗതി വരുത്തുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യുമന്ത്രി വഴങ്ങാതിരുന്നതു തെററായിപ്പോയി എന്നെനിക്കു അഭിപ്രായമുണ്ട്. കുടികിടപ്പുകാരെ ഒഴിപ്പിക്കുക എന്നുള്ള ചിന്താഗതിക്കു എതിരാണ്, ലോകം മുഴുവൻ ഇന്ന് അതു അംഗീകരിക്കുന്ന ഒരു വസ്തുതയാണെന്നു കണക്കിലെടുത്തുകൊണ്ടു പ്രത്യക്ഷമായോ പരോക്ഷമായോ കുടികിടപ്പുകാർക്കു പ്രതികൂലമായിത്തീരുന്ന ഏന്തെങ്കിലും വ്യവസ്ഥ ഉണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചാൽ, പ്രതിപക്ഷമാണ് അതു ചൂണ്ടിക്കാണിച്ചതെന്ന ഒററക്കാരണത്താൽ ഭേദഗതി സ്വീകരിക്കാതിരിക്കുന്ന നയം ബഹുമാനപ്പെട്ട റവന്യുമന്ത്രി അവലംബിച്ചതു തെററായിപ്പോയെന്നു ഈ സന്ദർഭത്തിൽ ഞാൻ എടുത്തു പറയുകയാണ്.

സർ, പർച്ചേസ് റൈററിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അതൊരു നല്ല ആശയമാണ്, നൂതനാശയമാണെന്നു സമ്മതിക്കാം. അത് എത്രമാത്രം പ്രയോഗത്തിൽ വരുത്താൻ സാധിക്കും, എന്നും മററുമുള്ള കാര്യങ്ങൾ ഞങ്ങളെപ്പോലെയുള്ളവർ സെലക്ററു കമ്മിററിയിൽ ചർച്ചാവേളയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഇങ്ങനെയൊരാശയം സെലക്ററു കമ്മിററിയിൽ കൊണ്ടുവരാൻ സാധിച്ചതു സാഭിമാനം അനുസ്മരിക്കുകയാണ്. ഒറിജിനൽ ആക്ടിൽ ഇതുണ്ടായിരുന്നില്ല. കുടികിടപ്പുകാർക്കു വേണ്ടി ഒരു ബില്ലു കൊണ്ടുവരാൻ പോകുന്നുവെന്നു പ്രസംഗിച്ചു നടന്ന ബഹുമാനപ്പെട്ട റവന്യുമന്ത്രിയുടെ മൂശയിൽ കരുപ്പിടിപ്പിച്ച ഈ ഭേദഗതി ബില്ലിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ, വളരെ കാലത്തെ ആലോചനയ്ക്കുശേഷം കൊണ്ടുവന്ന ഈ നിയമത്തിൽ എന്തുകൊണ്ട് കുടികിടപ്പുകാർക്കു പർച്ചേസു റൈററ് കൊടുക്കുന്നതിനുള്ള വകുപ്പു കൊണ്ടുവരാതിരുന്നു എന്നു ഞാൻ ചോദിക്കുകയാണ്. ഭൂനിയമത്തെപ്പററി അറിവില്ലാത്തയാളാണോ റവന്യുമന്ത്രി ? കുടികിടപ്പുകാരുടെ പ്രശ്നങ്ങളെപ്പററി മനസ്സിലാക്കിയിട്ടില്ലാത്ത ആളാണോ റവന്യുമന്ത്രി ? എല്ലാം മനസ്സിലാക്കിയിട്ടും, എല്ലാം അറിയാമായിരുന്നിട്ടും വളരെനാൾ ആലോചിച്ചതിനു ശേഷം കൊണ്ടുവന്ന ഈ നിയമനിർമ്മാണത്തിൽ പാവപ്പെട്ട കുടികിടപ്പുകാർക്കു പർച്ചേസു റൈററു നൽകിയിട്ടില്ലെന്നുള്ള കാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഞങ്ങളുടെ കക്ഷിയിൽനിന്നുണ്ടായ പ്രചോദനം ഉൾക്കൊണ്ടുകൊണ്ടു കൊണ്ടുവന്നിട്ടുള്ള ഒരു വകുപ്പാണിതെന്നു ഞാൻ ഓർത്തുപോവുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : ഏതായാലും അതിനു നന്ദിയുണ്ടെനിക്ക്.

ശ്രീ. കെ. ടി. ജോർജ്ജ് : ആ നന്ദി ഞാൻ സ്വീകരിക്കുന്നു. അങ്ങനെ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെക്കുറിച്ചു ആലോചിക്കുമ്പോൾ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ചില പ്രശ്നങ്ങൾകൂടി ഉത്ഭവിക്കുന്നുണ്ട്. കുടികിടപ്പവകാശം പർച്ചേസു ചെയ്തതിനുശേഷം, മററു ചില സാധനങ്ങൾവിററഴിക്കുന്നതുപോലെ കുടികിടപ്പവകാശംകൂടി വിൽക്കുകയാണെങ്കിൽ അത് അവരെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇന്നു വിശാലമായ പുരയിടങ്ങളിലെ സൗകര്യം മുഴുവൻ ഉപയോഗിച്ചുവരുന്ന കുടികിടപ്പുകാരന് പത്തുസെൻറിനകത്ത് ഞെങ്ങിഞെരുങ്ങി കഴിയേണ്ടിവരുന്ന അവസരത്തിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടു വന്നാൽ തന്നെയും, ലക്ഷോപ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം വരുന്ന പാവപ്പെട്ട, അവശതയനുഭവിക്കുന്ന ഈ വിഭാഗങ്ങളെസംബന്ധിച്ചിടത്തോളം സ്വന്തമായി താമസിക്കാനും പെരുമാറാനുമുള്ള ഇടമുണ്ടാകണമെന്നതു ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഇന്നല്ലെങ്കിൽ നാളെ അംഗീകരിച്ചേ പററൂ. അതിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തുന്ന അവസരത്തിൽ, അത് ആരുടെയെങ്കിലും പ്രത്യേക പുരോഗമനം കൊണ്ടുണ്ടാകുന്നതാണെന്ന് അവകാശപ്പെടാൻ സാദ്ധ്യമല്ല. കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാററത്തിനനുസരിച്ചു നിയമത്തിലും മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. ഇന്നത്തെ ഭരണസംവിധാനം പോയി നാളെ വ്യത്യസ്തമായ ഒരു ഭരണസംവിധാനം ഉണ്ടായാലും ഇന്നത്തെക്കാൾ പുരോഗമനപരമായി കാലാനുസൃതമായ മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നുള്ളതിനു സംശയമില്ല.

സർ, കുടികിടപ്പുകാർക്കു പർച്ചേസു റൈററു കൊടുത്തിരിക്കുന്നതു അഭികാമ്യമായ ഒരു കാര്യമാണെങ്കിലും എന്താണ് ഇതിൽ ചെയ്തുവച്ചിരിക്കുന്നതെന്നു പരിശോധിക്കണം. ഒരിക്കലും ചിന്തിക്കാൻ നിവൃത്തിയില്ലാത്തവിധം ഒരു വിപ്ലവ പാർട്ടിയുടെ നേതാവിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ ഈ ബില്ലിൽ, വിപ്ലവം മുഴുവൻ ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ പോലും, സാമാന്യനീതിക്കും സാമാന്യനിയമത്തിനും യോജിച്ച തരത്തിലുള്ള ഒരു നിയമനിർമ്മാണമായിരിക്കും ഇതെന്നു ഞാൻ വിശ്വസിച്ചിരുന്നു. ഇതിൽ കുടികിടപ്പുകാരെ രണ്ടായി തരംതിരിച്ചിരിക്കുകയാണ്. ഇങ്ങനെ ചെയ്തുവച്ചതിന്റെ പൊരുൾ എന്താണെന്നു മനസ്സിലാകുന്നില്ല. ആളുകളെ രണ്ടായി തരംതിരിച്ചു വർഗ്ഗസമരത്തിനു വഴിതെളിക്കുന്ന സാഹചര്യമുണ്ടാക്കുകയാണോ ഉദ്ദേശമെന്നു സംശയമുണ്ട്. കുടികിടപ്പുകാരെ, ജൻമിമാരുടെ കീഴിൽ കുടികിടക്കുന്ന ജൻമി കുടികിടപ്പുകാരെന്നും. ചെറുകിടക്കാരുടെ കീഴിൽ കുടികിടക്കുന്നവരെ തൊഴിലാളി കുടികിടപ്പുകാരെന്നും രണ്ടായി തരം തിരിച്ചിരിക്കുകയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ : 1964-ലെ 1-ാം ആക്ടിലും, വൻകിടക്കാരുടെ കീഴിലുള്ള കുടികിടപ്പുകാരെന്നും, ചെറുകിടക്കാരുടെ കീഴിൽ കഴിയുന്ന കുടികിടപ്പുകാരെന്നും രണ്ടായി തിരിച്ചിരുന്നില്ലേ ?

ശ്രീ. കെ. ടി. ജോർജ്ജ് : അതുകൊണ്ടാണോ ഇതിൽ ഇങ്ങനെ തരംതിരിച്ചിരിക്കുന്നത് ?

ശ്രീ. ടി. കെ. കൃഷ്ണൻ : അതു സമ്മതിച്ചാൽ മതി.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, രണ്ടുതരത്തിൽ കുടികിടപ്പുകാരെ തരംതിരിച്ചതിരിക്കട്ടെ. കുടികിടപ്പുകാർക്കു പർച്ചേസു റൈററ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; അതു അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ തീർച്ചയായിട്ടും ഈ രാജ്യത്തെ കുടികിടപ്പുകാരെ രണ്ടായി തരംതിരിക്കാൻ ഇടയാകാത്ത രീതിയിൽ നിയമനിർമ്മാണം നടത്തണം. മേജർ മുനിസിപ്പാലിററിയിൽ കുടികിടപ്പുകാർക്കു 3 സെൻറും മററു മുനിസിപ്പാലിററികളിൽ 5 സെൻറും പഞ്ചായത്തുകളിൽ 10 സെൻറും ഭൂമിയുടെ ഉടമാവകാശം കുടികിടപ്പുകാർക്കു നൽകുകയാണ്. ആ നിലയ്ക്കു കേരളത്തിൽ അതിനു വിപരീതമായ കുടികിടപ്പുകാർ ഉണ്ടാകാൻ പാടില്ല. ഈ തരംതിരിവു മാററിയേ തീരൂ. നിയമംമൂലം കുടികിടപ്പുകാർക്കു എന്തെങ്കിലും ആനുകൂല്യം ചെയ്യണമെന്നാണുദ്ദേശിക്കുന്നതെങ്കിൽ ഞാൻ മുൻപു പറഞ്ഞതുപോലെ 'ജൻമി കുടികിടപ്പുകാരെന്നും, തൊഴിലാളി കുടികിടപ്പുകാരെന്നും' തരംതിരിക്കാൻ പാടില്ല. ആ തരംതിരിവുകൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്ജ്]

വളരെ വ്യക്തമായ ഒരു നിയമനിർമ്മാണമാണ് ഈ രാജ്യത്ത് ഇന്നാവശ്യ മെന്നു ഞാൻ ഊന്നിപ്പറയുകയാണ്.

സർ, ഈ ബില്ലിലെ പല ഭാഗങ്ങളും വായിച്ചു സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിൽ എഴുതിവച്ചിരിക്കുന്നത് ഇത്ര ഏക്കറിനു താഴെയുള്ളയാളാണ് ജന്മിയെങ്കിൽ, ഭൂവുടമ എങ്കിൽ, അയാളുടെ കീഴിൽ എത്ര കുടികിടപ്പുകാർ വരുമോ അവരെല്ലാംകൂടി വട്ടമിട്ടിരുന്നു, ഭൂമി യുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തി ഭാഗിച്ചെടുക്കുന്ന സംപ്രദായം സ്വീക രിക്കണമെന്നാണ്. അതാണ് റവന്യുമന്ത്രിയുടെ ഭാവനയിലുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എന്റെ ഭേദഗതി അംഗീകരി ച്ചാലോ ?

ശ്രീ. കെ. ടി. ജോർജ്ജ് : ആ ഭേദഗതി അംഗീകരിക്കാൻ ശ്രീമതി റവന്യു മന്ത്രിയോടഭ്യർത്ഥിച്ചാൽ മതി.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : സർ, പായിന്റ് ആഫ് ആർഡർ, ഏഴു കുട്ടികളുടെ പിതാവും, അരോഗദൃഢഗാത്രനും, പൗരുഷമൂർത്തിയു മായ കൊട്ടാരക്കര ഈശ്വരപിള്ള ചന്ദ്രശേഖരൻനായരെ ഒരു സ്ത്രീയാ ണെന്ന മട്ടിൽ വിശേഷിപ്പിച്ചതു ആർഡറിലാണോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഏഴുകുട്ടികളുടെ പിതാവെന്നു പറഞ്ഞതു ശരിയല്ല; രണ്ടു കുട്ടികളേയുള്ളു.

ശ്രീ. കെ. ടി. ജോർജ്ജ് : വളരെനേരത്തെ ആലോചിച്ചുവച്ചിരുന്ന പായിന്റ് ആഫ് ആർഡർ, അപ്രസക്തമായി ഉന്നയിക്കുന്നതിനെ നിയ ന്ത്രിക്കേണ്ടതാണ്; ഞാൻ അങ്ങനെയൊരു പരാമർശം നടത്തിയില്ല.

പാനൽ ആഫ് ചെയർമാൻ (ശ്രീ. ജെ. എ. ചാക്കോ): ബില്ലിന്റെ ചർച്ചാവേളയിൽ ഉറക്കം തൂങ്ങിയിരിക്കാതെ അൽപം തമാശയ്ക്കുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ ഒരു ശ്രമം നടത്തിയതായിരിക്കും.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, വളരെ കാര്യഗൗരവമുള്ള ഒരു പ്രശ്ന ത്തെ സംബന്ധിച്ചു ഇവിടെ സംസാരിക്കുകയായിരുന്നു. ഒരാളിന്റെ കൈ വശം ഇത്ര ഭൂമി മാത്രമേ ആകാവൂ, പരിധിയിൽ കൂടുതൽ ഉണ്ടെങ്കിൽ അയാളുടെ കീഴിലുള്ള കുടികിടപ്പുകാർക്കു വീതിച്ചുകൊടുക്കണമെന്നുള്ള എ–ഉപവകുപ്പു ഉൾക്കൊള്ളിച്ചില്ലെങ്കിൽ എന്താണ്? എ–ഉപവകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള തത്വങ്ങളെ സംബന്ധിച്ചിടത്തോളം—

Provided further that if in any case falling under clause (b) or clause (c) or clause (d), the extent specified in that clause is not sufficient for the purchase of an extent of three cents of land by each kudikidappukaran, the extent of land which is liable to be purchased under this section shall be the extent required for purchase of three cents by each kudikidappukaran.

എന്നു ഭേദഗതി ചെയ്തിട്ടുള്ളത് (എ) ഉപവകുപ്പിലേക്കുകൂടി വ്യാപിപ്പി ക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

സർ, ഞാൻ ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയിലേക്കുവരി കയാണ്. ആ ഭേദഗതിയിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളെല്ലാം സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടതായിട്ടുണ്ട്. ഞാൻ മുൻപു പറഞ്ഞമാതിരി ഏതെങ്കിലും തരത്തിൽ ഭാഗിക്കുന്ന അവസരത്തിൽ, കുടികിടപ്പുകാരുടെ എണ്ണം കൂടുന്നതു കൊണ്ട് ഉടമയിൽനിന്നു വാങ്ങാവുന്ന ഭൂമിയിൽ ഏതെങ്കിലും പരിമിതി വരുന്ന അവസരത്തിൽ ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതി സ്വീകരിക്കുന്നതു കൂടുതൽ പ്രായോഗികമായിരിക്കും. ഇത്തരം കേസുകൾ വളരെ വിരളമായിട്ടേ വരികയുള്ളൂ. വളരെ ചുരുക്കം സന്ദർഭങ്ങളിൽ മാത്രമേ ഇങ്ങനെ ഭാഗിക്കപ്പെടുന്ന അവസരം ഉണ്ടാകുകയുള്ളൂ. അങ്ങനെ വരുമ്പോൾ മുൻപു പറഞ്ഞ സ്ലാബിന്റെ അടിസ്ഥാനത്തിൽ ഭൂമി കിട്ടാൻ സാദ്ധ്യതയില്ല. തീർച്ചയായിട്ടും ആ സന്ദർഭത്തിൽ കുടികിടപ്പുകാർക്കു ഗവൺമെന്റുതന്നെ ഭൂമി വിതരണം ചെയ്യാൻ വ്യവസ്ഥവേണം. ആയിരക്കണക്കിനു ഏക്കർ ഭൂമി ഈയിനത്തിൽ ഗവൺമെന്റിനു കൊടുക്കേണ്ടതായി വരികയുമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോൾ ഈ ഭേദഗതി അനുസരിച്ചു തന്നെ മൂന്ന് ഏക്കർ ഉള്ള ഭൂവുടമയ്ക്കു പത്തു കുടികിടപ്പുകാരുണ്ടെങ്കിൽ എന്റെ ഭേദഗതി അനുസരിച്ചാണെങ്കിൽ ഒരേക്കർ സ്ഥലം കിട്ടണം. ഈ ഭേദഗതി അനുസരിച്ചാണെങ്കിൽ ഒരാൾക്കു മൂന്നു സെൻറു മാത്രമേ കിട്ടുകയുള്ളൂ. അവിടെ വ്യത്യാസം വരികയില്ലേ? അത് ഡിസ്ക്രിമിനേഷൻ അല്ലേ?

ശ്രീ. കെ. ടി. ജോർജ്ജ്: ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെ ഭേദഗതിയെക്കാളും സ്വീകാര്യമായി തോന്നുന്നതു ശ്രീമാൻ ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയാണെന്നു പറയുവാനുള്ള കാരണം അതാണ്. ഒരുകാര്യം മാത്രമേ എനിക്കു പറയുവാനുള്ളൂ. ഭൂ ഉടമയ്ക്കു തുല്യനായി കുടികിടപ്പുകാരനെ, അല്ലെങ്കിൽ കുടികിടപ്പുകാരനു തുല്യനായി ഭൂ ഉടമയെ മാററുന്നതും ശരിയല്ല. ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഒരു ഏക്കറിന്റെ വസ്തു ഉടമസ്ഥൻ ആ വസ്തുവിൽ താമസിക്കുകയാണെന്നിരിക്കട്ടെ, അവിടെ 9 കുടികിടപ്പുകാരും ഉണ്ടെന്നിരിക്കട്ടെ. അവർക്കെല്ലാം തുല്യമായി പത്തുസെൻറു വീതം വീതിച്ചുകൊടുക്കുന്ന നൂതന സംപ്രദായമാണ് ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ളത്. എനിക്ക് അതിൽ പരാതിയില്ല. അതിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ ഞാൻ പറയുകയാണ്.........

ശ്രീ. പി. കെ. രാഘവൻ : ഒരേക്കർ സ്ഥലം ഗ്രാമപ്രദേശത്തായാലും അതിൽ 9 കുടികിടപ്പുണ്ടാകുമെന്നുള്ളതു മെമ്പറുടെ സാങ്കൽപ്പികാശയമല്ലേ?

ശ്രീ. കെ. ടി. ജോർജ്ജ് : അങ്ങനെയല്ല, ശ്രീ. പുരുഷോത്തമൻ പറഞ്ഞില്ലേ? ചില പ്രദേശത്തെല്ലാം ഉണ്ട്. വളരെ അധികം കേസുകൾ ഇല്ലെങ്കിൽ പോലും നമ്മുടെ രാജ്യത്തു ചില സ്ഥലങ്ങളിൽ അങ്ങനെയുള്ള കേസുകൾ ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അങ്ങനെയുള്ള അവസരത്തിൽ തീർച്ചയായിട്ടും ചെറുകിട ഭൂ ഉടമകളുടെ സ്ഥലത്തു താമസിക്കുന്ന കുടികിടപ്പുകാരനായതുകൊണ്ടു മററു ഭൂ ഉടമകളുടെ കുടികിടപ്പുകാർക്കുള്ള ആനുകൂല്യം അവർക്കു കിട്ടാതിരിക്കുന്ന സാഹചര്യം ഉണ്ടാകരുത്. ഏതു സ്ഥലത്തായാലും ആരുടെ കീഴിലായാലും എത്ര ഏക്കർ ഉടമാവകാശമുള്ള ഉടമയുടെ കീഴിൽ താമസിക്കുന്ന ആളായാലും ആയാളെ സംബന്ധിച്ചിടത്തോളം 3, 5, 10 എന്നീ തോതിൽ ഉടമസ്ഥാവകാശം വേറെ കൊടുക്കുന്ന സാഹചര്യം ഉണ്ടാകരുത്. അങ്ങനെ വരുമ്പോൾ പ്രത്യേക സൗകര്യം ഇവർക്കു കൊടുക്കുവാൻ വേണ്ടി ഞാൻ നിർദ്ദേശിക്കുന്നത് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്ജ്]

നഷ്ടപരിഹാരത്തെ സംബന്ധിച്ചിടത്തോളം ഈ പറഞ്ഞിട്ടുള്ള 'എ, ബി സി, ഡി ഈ ക്ലോസുകളിൽ രണ്ടേക്കറിൽ താഴെയുള്ളവർക്ക് ഇത്ര, മൂന്നേക്കറിൽ താഴെയുള്ളവർക്ക് ഇത്ര, പരമാവധി അഞ്ചേക്കറിൽ താഴെയുള്ളവർക്ക് ഇത്ര ഈ സ്ലാബ് കുടികിടപ്പുകാരനു കൊടുക്കേണ്ടിവരുമെന്നു എഴുതിവച്ചിട്ടുള്ളതിനെക്കാൾ നല്ലതു നഷ്ടപരിഹാരം കൊടുക്കുക എന്നായിരിക്കും. അതിനു ഭൂമിയെ സംബന്ധിച്ചിടത്തോളമുള്ള മാർക്കററുവില എന്താണോ അതു ഗവൺമെൻറിൽനിന്നും കൊടുക്കുക. ആ കോംപൻസേഷൻ കുടികിടപ്പുകാരനു കിട്ടുന്ന വിധത്തിൽ ഭേദഗതി വരുത്തണം. അങ്ങനെയാണെങ്കിൽ ശ്രീ. ചന്ദ്രശേഖരനു വിരോധമുണ്ടോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഗവൺമെൻറിനു ചുമതല എടുക്കാനാകുമെങ്കിൽ എനിക്കു ഒരു വിരോധവുമില്ല.

ശ്രീ. കെ. ടി. ജോർജ്ജ് : അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഇനിയും കുടികിടപ്പുകാരനായി താമസിക്കുന്നതിനു വിരോധമില്ല എന്ന സൗജന്യം കാണിക്കുവാൻ ഗവൺമെൻറിൻെറ ആവശ്യമില്ല. അതാണ് ഞാൻ പറഞ്ഞത് ചെറുകിട ഭൂ ഉടമയുടെ കീഴിലുള്ള കുടികിടപ്പുകാരനാണെങ്കിൽ മററു കുടികിടപ്പുകാർക്കു കിട്ടുന്ന ആനുകൂല്യത്തിന് അവനും അർഹനാണെങ്കിൽ അവിടെയാണ് ഗവൺമെൻറിൻെറ ചുമതല നിറവേററാൻ മുന്നോട്ടു വരേണ്ടത്. ഇന്നു പറഞ്ഞിട്ടുള്ള പരിധിക്കപ്പുറത്ത്, ഉടമസ്ഥന് ഇത്ര സെൻറു കൊടുക്കേണ്ടിവരുമെന്നുള്ളതിൻെറ അടിസ്ഥാനത്തിൽ അതിൻെറ അപ്പുറം പോകുകയാണെങ്കിൽ ഓരോ സെൻറു ഭൂമിയെ സംബന്ധിച്ചിടത്തോളവുമുള്ള മാർക്കററു വില അയാൾക്കു കൊടുക്കുവാൻ ഗവൺമെൻറു മുൻകൈ എടുക്കണം. അങ്ങനെ മുൻകൈ എടുത്തു പ്രവർത്തിച്ചുകൊണ്ട് ഈ രാജ്യത്തെ കുടികിടപ്പു സംപ്രദായം മേലാൽ ഇല്ലായ്മ ചെയ്ത് എല്ലാ കുടികിടപ്പുകാരേയും ഒരുപോലെ വീക്ഷിച്ചുകൊണ്ട് എല്ലാവർക്കും തുല്യ നീതി പങ്കിട്ടുകൊടുത്തുകൊണ്ട് എല്ലാ കുടിയാനും അഞ്ചുസെൻറ് അല്ലെങ്കിൽ പത്തു സെൻറ് ഭൂമിയുടെ ഉടമയായി മാറട്ടെ, അങ്ങനെയൊരു കാലം എളുപ്പം സംജാതമാകട്ടെ എന്ന് ആഗ്രഹിക്കുകയാണ്. ഇന്ന് എഴുതിവച്ചിട്ടുള്ള രീതിയിൽ കുടിയാനും കുടികിടപ്പുകാരനും രണ്ടായി, രണ്ടു തട്ടിലായി കാണുന്ന നിയമമല്ലാതെ എല്ലാവർക്കും തുല്യനീതി കൊടുക്കുന്ന സാഹചര്യം ഗവൺമെൻറിൻെറ സഹായത്തോടുകൂടി ഉണ്ടാക്കുന്ന രീതിയിൽ ഭേദഗതി കൊണ്ടുവരണമെന്നാണ് ഇതേപ്പററി എനിക്കു പറയുവാനുള്ളത്.

ശ്രീ. കെ. കരുണാകരൻ : കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം അവർക്കു പർച്ചേസ് റൈററുണ്ടായിരിക്കണമെന്നുള്ള അഭിപ്രായം ഉന്നയിക്കുമ്പോൾ എനിക്കു മനസ്സിൽ ഉണ്ടായിരുന്നത് ഇന്നു തങ്ങൾക്ക് സ്ഥിരാവകാശം ഉണ്ടായിരുന്നാൽത്തന്നെയും ആ കുടികിടപ്പിൽ താമസിക്കുന്ന ആളിനു ആ കുടികിടപ്പിനു ചുററുമുള്ള വിഭവങ്ങൾ അനുഭവിക്കുവാൻ സാധിക്കാതെ വരികയും അവർ അദ്ധ്വാനിച്ചുണ്ടാക്കുന്ന വിഭവങ്ങൾ മററുള്ളവർ കൊണ്ടുപോകുമ്പോൾ നോക്കിനിൽക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം മാററണം എന്നുള്ളതാണ്. കുടികിടപ്പ് ഒരു വലിയ പ്രശ്നമാണ്. ആ പ്രശ്നത്തിനു പരിഹാരം കാണണം എന്നുള്ള കാര്യത്തിൽ എല്ലാ ഭാഗത്തുള്ളവരും യോജിച്ചിട്ടുണ്ട്. അങ്ങനെ പരിഹാരം കാണുമ്പോൾ അതു ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാം എന്നുള്ളതാണ് നമുക്കു ചിന്തിക്കാനുള്ളത്. ഇന്നു ബില്ലിൽ വരുത്തിയ ഭേദഗതികൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

തന്നെയും വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ശ്രീ. ചന്ദ്രശേഖരന്റെ ഭേദഗതി തത്വത്തിൽ ഞാൻ അംഗീകരിക്കുകയാണ്. എല്ലാ കുടികിടപ്പുകാരെ സംബന്ധിച്ചും കുടികിടപ്പുകാരനുള്ള സൗകര്യം ഉണ്ടായിരിക്കണം. ഈ ബില്ലിലെ വ്യവസ്ഥ അനുസരിച്ചാണെങ്കിൽ ഉള്ള ഭൂമി ഇത്ര ഏക്കർ ഉണ്ടെങ്കിൽ കുടികിടപ്പുകാരന് ഇത്ര സെന്റ് ഭൂമി എന്നു വച്ച് പങ്കിട്ടു കൊടുക്കേണ്ട ആവശ്യമുണ്ട്. അത് എങ്ങനെയാണ് പങ്കിട്ടു കൊടുക്കുക എന്ന പ്രശ്നമുണ്ട്. എങ്ങനെ പ്രവൃത്തിയിൽ കൊണ്ടുവരും എന്നുള്ള കാര്യം നാം ആലോചിക്കേണ്ടതുണ്ട്. എനിക്കു നേരിട്ട് അറിവുള്ള കാര്യമാണ്, കായലോരപ്രദേശത്ത് അഞ്ചേക്കർ ഭൂമി ഒരാൾക്ക് ഉണ്ടെങ്കിൽ അവിടെ നാലു കുടികിടപ്പുമുണ്ട്; ഈ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് പത്തുസെന്റ് ഇങ്ങനെ കൊടുക്കുവാൻ സാധിക്കുമെന്നു തന്നെ കരുതുക. ആരെയാണ് ഷിഫ്റ്റു ചെയ്യുക? പത്തു സെന്റു വീതിച്ചുകൊടുക്കുമ്പോൾ ഏതു പുരയിടത്തിൽ താമസിക്കുന്നവരെ മാററണം എന്ന പ്രശ്നം വരും. നാലു കുടികിടപ്പുണ്ടെങ്കിൽ ആരുടെ കുടിയിരിപ്പു മാററി ഉടമാവകാശം വാങ്ങണമെന്നുള്ളതിൽ തർക്കം വരും. ഭൂമി ഇങ്ങനെ വീതിച്ചു കൊടുക്കുമ്പോൾ കുടികിടപ്പുകാർക്കു കിട്ടുകയും ജൻമിക്കു ഭൂമി കിട്ടാതെ വരികയും ചെയ്ത കാരും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഏതായാലും വിവേചനം കൂടാതിരിക്കുവാൻ ശ്രമിക്കണം. ഗവൺമെൻറു കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. ജോർജ്ജ് ചുണ്ടിക്കാണിച്ചതുപോലെ ആവശ്യമായി വരുന്ന ഭൂമി ഉള്ളവരിൽനിന്നും എടുക്കുന്നതിനു മടിക്കേണ്ടതില്ല. കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം കുടികിടപ്പുകാരനു പത്തു സെൻറു കൊടുക്കുന്ന അവസരത്തിൽ ആ ഭൂമിയിലുള്ള ആദായം അവനുപേക്ഷിക്കേണ്ടി വരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ചർച്ചയിൽ തന്നെ ചേർത്തലയിലേയും വൈപ്പിൻകരയിലേയും കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം വളരെ വിഷമം ഉണ്ട്. ഏതായാലും ആ പ്രദേശത്തുള്ളതുകൊണ്ടു ചെറുകിടക്കാരോടു ബഹുമാനപ്പെട്ട മന്ത്രിക്കു കുറച്ചൊരു അനുഭാവം ഉണ്ട്. അത്രയും ആശ്വാസമാണ്. ഏതായാലും ചെറുകിടക്കാർക്കു അവന്റെ ഭൂമിയുടെ ആദായം നഷ്ടപ്പെടുന്ന തരത്തിൽ ഒഴിഞ്ഞുകൊടുക്കേണ്ടിവരിക എന്നതു കഷ്ടമാണ്, അതു പ്രയാസം ഉണ്ടാക്കും. വരുമാനം ജീവിക്കുവാൻ അത്യാവശ്യമാണ്. എങ്കിലും അതിനേക്കാൾ ഉപരിയായി പാർക്കുവാൻ പാർപ്പിടം വേണമെന്നുള്ള കാര്യം അംഗീകരിക്കണം. അങ്ങനെ അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ പാർപ്പിടത്തിനുവേണ്ടി ഭൂമി എടുക്കുന്ന അവസരത്തിൽ ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം ചെയ്യാൻ കഴിയുന്ന സൗജന്യം അവരുടെ ഭൂമിയുടെ യഥാർത്ഥ വില കൊടുത്തു ജീവിക്കുന്നതിനു സൗകര്യം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ്. അങ്ങനെ കൊടുക്കുമ്പോൾ ഈ സ്റേററിലെ മൂന്നു നാലു കേന്ദ്രങ്ങളിലെ കുറെ സ്ഥലം ഉൾപ്പെടും. അതിലേയ്ക്കു വരുന്ന ചെലവു വാസ്തവത്തിൽ വലിയ ചെലവായി നാം കാണരുത്. കുടിയിരുത്താൻ വേണ്ടിയാണ്. ശ്രീ. ചന്ദ്രശേഖരൻ നായർ ചില വീടുകളുടെ സ്ഥിതി പറഞ്ഞു. അതെല്ലാം ശരിയാണ്. യാതൊരു അതിശയോക്തിയും ഇല്ല. ഒരു കുടിലിൽ മൂന്നും നാലും കുടുംബങ്ങൾ താമസിക്കുന്ന വീടുകൾ ഇപ്പോഴും ഉണ്ട്. പഴയകാലത്ത് പ്ലാൻേറഷനിൽ ഉണ്ടായിരുന്ന കാര്യമാണ്. ഇന്നു പ്ലാൻേറഷനിൽ അതിനു മാററം വരുത്താൻ സാധിച്ചിട്ടുണ്ട്. ഒരു കാലത്തു പ്ലാൻേറഷനിൽ ഒരു വീട്ടിൽ ആറേഴു കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്നു എന്നു പറഞ്ഞപ്പോൾ, അതിനു മാററം വരുത്തണമെന്നു ഈ ഭാഗത്തുള്ളവർ വാദിച്ചപ്പോൾ ഞങ്ങൾ എന്തോ അട്ടിമറി നടത്താൻ പോകുകയാണെന്നുവരെ ധരിച്ചിട്ടുള്ള ആളുകൾ ഉണ്ട്. ഇന്ന് അതംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

മാററത്തിനനുസരിച്ചു കാലാകാലങ്ങളിലുള്ള ഭരണകൂടത്തിനു മുന്നോട്ടു പോകേണ്ടിവരും. ഇന്നു കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളമുള്ള അവകാശം വേണമെന്നു പറയുമ്പോൾ ഇരിക്കാൻ അൽപം സ്ഥലം കൊടുത്തതിന്റെ പേരിൽ ഇപ്പോൾ ഉടമാവകാശം ആവശ്യപ്പെടുന്നു എന്നൊക്കെ ചിന്തിക്കുന്ന ആളുകൾ ഉണ്ടായിരിക്കാം. ആ ചിന്താഗതി ഞങ്ങൾ അംഗീകരിക്കുവാൻ പോകുന്നില്ല. ചെറുകിടക്കാരന്റെ വരുമാനം നഷ്ടപ്പെടുന്നു എന്നുള്ള അഭിപ്രായം സ്വീകരിച്ചുകൊണ്ടുതന്നെയാണ് അവർക്കു ജീവിക്കുവാൻ ആവശ്യമായ തൊഴിൽ സ്വീകരിക്കുന്നതിനും മററും വേണ്ട കോംപെൻസേഷൻ കൊടുക്കണമെന്നു പറയുന്നത്. അതിനുള്ള സംഖ്യ നാം കണ്ടുപിടിക്കണം. അത്യാവശ്യമായ പലതിനും നാം പണം കണ്ടെത്താറുണ്ട്. ഒരവസരത്തിൽ ഈ രാജ്യത്തു ഭക്ഷണം കൊടുക്കുന്നതിനു വളരെ വലിയ സംഖ്യ നാം സബ്സിഡിയായി നൽകിയിട്ടുണ്ട്. കോടിക്കണക്കിനു നാം രൂപ ചെലവാക്കിയിട്ടുണ്ട്. ഇതു കാലാകാലങ്ങളിൽ വരുന്ന ചെലവല്ല. ഒരു പ്രത്യേക സാമൂഹ്യ പരിഷ്കരണം വരുത്തുന്ന അവസരത്തിൽ അവശതയനുഭവിക്കുന്നവർക്കു ആശ്വാസം നൽകുവാൻ കുറെ പണം ചെലവാകുകയാണെങ്കിൽ അതു കൂടുതൽ ചെലവായി കണക്കാക്കേണ്ടതില്ല. ആവശ്യമായ പണം നാം കണ്ടെത്തണം. സ്റേറററിന് അതിന് കഴിവുണ്ടോ, ഉണ്ടെങ്കിൽ മാത്രമേ നിയമനിർമ്മാണം നടത്താവൂ എന്നു പറയുന്നതു ശരിയല്ല. ചെറുകിടക്കാരുടെ ഭൂമിയിൽ താമസിക്കുന്ന കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഞാൻ ചൂണ്ടിക്കാണിച്ച വൈഷമ്യം പരിഹരിക്കുവാൻ ഭേദഗതി വരുത്തണമെങ്കിൽ വരുത്തണം. വാസ്തവത്തിൽ റവന്യൂമന്ത്രിയുടെ ആദ്യത്തെ നിലപാടായിരുന്നു ശരി. അതു വേണ്ടിടത്തോളം താൽപര്യം കാണിച്ച് ഈ നിയമനിർമ്മാണത്തിൽ കൊണ്ടുവന്നിരുന്നുവെങ്കിൽ കുറെക്കൂടി ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുമായിരുന്നു. എങ്കിലും നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു ചെയ്യാൻ കഴിയുന്ന പരിഹാരങ്ങൾ ചെയ്യുകയും ആവശ്യമായ കോംപെൻസേഷൻ കൊടുക്കുകയും വേണം. ഇപ്പോൾ പാടശേഖരങ്ങളിൽ ജോലി എടുക്കുന്ന തൊഴിലാളികൾ കർഷകത്തൊഴിലാളികളാണ്. അതുകൊണ്ടാണ് ഒരു സ്ഥലത്തു മൂന്നും നാലും അഞ്ചും കുടികിടപ്പുണ്ടാകുന്നത്. അങ്ങനെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഉപജീവനമാർഗ്ഗം എവിടെയാണോ ഉള്ളത് അവിടെ അവർക്കു താമസിക്കുവാൻ സൗകര്യമുണ്ടാക്കിക്കൊടുക്കണം. അഥവാ മാററിത്താമസിപ്പിക്കുകയാണെങ്കിൽ അവർക്കു എന്തെങ്കിലും ബെനിഫിററു കൊടുക്കുന്ന കാര്യത്തിൽ ഗവൺമെൻറു ചുമതലയെടുക്കണം. ഉടമകൾ സ്വയം ബെനിഫിററു കൊടുക്കുന്ന കാര്യം പറയുന്നുണ്ട്. ഇത് അതല്ല. മാററി താമസിപ്പിക്കുന്നതിലേയ്ക്ക് ഭൂമി വാങ്ങിക്കൊടുക്കുന്ന കാര്യമാണ്. ഏതായാലും ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം ഉപജീവനത്തിനു തടസ്സമാകരുത്, എന്നാൽ കുടികിടപ്പുകാരനു ഭാരമാകാതെയും നോക്കണം. ഏക്കറേജിൽ വ്യത്യാസം വരുത്തിയതുകൊണ്ടുമാത്രം പരിഹാരം ഉണ്ടാകും എന്നു കരുതാൻ നിവൃത്തിയില്ല. ഒരുപോലെ എല്ലാ കുടികിടപ്പുകാർക്കും ആശ്വാസം നൽകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് നല്ലത്. അതിലേയ്ക്ക് വിശദമായി ആലോചിച്ച് ഒരു ഭേദഗതി കൊണ്ടുവരികയാണെങ്കിൽ അത് അംഗീകരിക്കാവുന്നതാണ്. കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം അവന്റെ മുററത്തു വീഴുന്നതായ നാളികേരം നോക്കിനിൽക്കുന്നതിനുപകരം അത് എടുക്കുന്നതിനുള്ള അധികാരത്തോടുകൂടിതന്നെ ആനുകൂല്യം നൽകേണ്ടതാണ്. അതിന് ഇപ്പോൾ പറഞ്ഞിട്ടുള്ള വകുപ്പു മതിയാകുകയില്ല. ആവശ്യമായ ഭേദഗതി കൊണ്ടുവരണം. ചങ്ങമ്പുഴ പാടിയതുപോലെ,

LIBRARY ARCHIVES Kerala Legislative Assembly

പോയതുപോട്ടെ, ഇനിയും വാഴ വേറെ വയ്ക്കാം എന്നാശ്വസിക്കുന്ന സാഹചര്യത്തിൽ മാററം വരുത്തേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരി : സർ, 63–ാം വകുപ്പിന് കൊടുത്തിട്ടുള്ള ഭേദഗതികളെ സംബന്ധിച്ച് പറയുന്നതിനുമുമ്പ് ശ്രീ. കെ. ടി. ജോർജ്ജ് ഈ നിയമത്തിൽ പഴയ നിയമത്തിൽ ഉണ്ടായിരുന്നതിനേക്കാൾ പ്രത്യേകമായിട്ടു കുടികിടപ്പുകാരന് ഒരു അവകാശവും കൊടുത്തിട്ടില്ലെന്ന് പറയുകയുണ്ടായി. ഇപ്പോൾ കുറച്ചാളുകൾക്ക് പർച്ചേസു ചെയ്യാനുള്ള അവകാശം മാത്രമേ കൊടുത്തിട്ടുള്ളുവെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അത് വസ്തുതകൾക്കും ഇവിടെ എഴുതിവെച്ചിട്ടുള്ള കാര്യങ്ങൾക്കും എതിരായിട്ടുള്ളതാണെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇന്ന് ഭേദഗതി ബില്ലിൽ അടങ്ങിയിരിക്കുന്ന വകുപ്പുകൾ, എന്തുമാത്രം ബുദ്ധിമുട്ടുണ്ടാകുമെന്നും പറയുകയും കേൾക്കുകയും ചെയ്തതിനു ശേഷം എഴുതിച്ചേർത്തിട്ടുള്ളതാണ്. സാധാരണനിലയിൽ ശ്രീ. കെ. ടി. ജോർജ്ജിനോട് എനിക്ക് പറയുവാനുള്ളത് പഴയകാലത്തുള്ള കുടികിടപ്പുകാരനല്ല പുതിയ ബില്ലുകൊണ്ടുള്ള കുടികിടപ്പുകാരനെന്ന്. ആരെയെല്ലാമാണ് കുടികിടപ്പുകാരായിട്ടു അംഗീകരിച്ചിട്ടുള്ളതെന്നും, എന്തെല്ലാം ആനുകൂല്യങ്ങളാണ് കുടികിടപ്പുകാർക്ക് കൊടുത്തിട്ടുള്ളതെന്നും കുടികിടപ്പുകാരന്റെ നിർവ്വചനം നോക്കിയാൽ മനസ്സിലാകുന്നതാണ്. മുമ്പത്തെ ബില്ലനുസരിച്ചുള്ള കുടികിടപ്പുകാരനാണെങ്കിൽ അന്യന്റെ പുരയിടത്തിൽ പുരവച്ചു താമസിക്കുന്നതിനല്ലാതെ ലോകത്തൊരിടത്തും ഒരു സെൻറു ഭൂമിപോലും പാടില്ലെന്നുള്ള ഒരു നിലയായിരുന്നു. ഇന്നു അത് മാറിയിട്ടുണ്ട്. ഇന്ന് അംഗീകരിച്ചിട്ടുള്ള ഭേദഗതിയനുസരിച്ച് അഞ്ച് കിലോമീററിനകത്ത് മൂന്ന്, അഞ്ച്, പത്ത് സെൻറ് ഭൂമി കൊടുക്കുന്നതിനും, സ്വന്തമായി 25 സെൻറുള്ളവരേയും കുടികിടപ്പുകാരായി അംഗീകരിക്കണമെന്നുമാണ് ഭേദഗതി ബില്ലിൽ പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. ടി. ജോർജ്ജ് : സർ, ഒരു ചോദ്യം......

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ സംസാരിക്കുകയാണ്. ഞാൻ സംസാരിച്ചു തീർന്നിട്ട് ശ്രീ. കെ. ടി. ജോർജ്ജിന് സംശയമുണ്ടെങ്കിൽ ചോദിക്കാം. ശ്രീ. കെ. ടി. ജോർജ്ജ് സംസാരിച്ചുകൊണ്ടു നിന്നപ്പോഴെല്ലാംതന്നെ ഞാൻ ഇതാ ബുക്കിൽ കുറിച്ചിട്ടിട്ടുണ്ട്. അതേപോലെ ശ്രീ. ജോർജ്ജും ഒരു ബുക്കിൽ ചോദിക്കുവാനുള്ളതെല്ലാം കുറിച്ചിടുക. ശ്രീ. ജോർജ്ജിനും ഇതുപോലെ ഒരു ബുക്ക് കാണുമല്ലോ?

കുടികിടപ്പുകാരന്റെ നിർവ്വചനത്തിൽ മാത്രമല്ല ഹട്ടിന്റെ നിർവ്വചനത്തിലും പഴയ ബില്ലിൽ ഉള്ളതിനെക്കാൾ വ്യത്യാസം ഇതിൽ വരുത്തിയിട്ടുണ്ട്. വാടക കൂടിയാലും പുരയുടെ വാല്യു ഓഫ് കൺസ്ട്രക്ഷൻ കൂടിയാലും കുടികിടപ്പുകാരനായി ചേർത്തിട്ടുണ്ട്. കുടികിടപ്പുകാരെ സംബന്ധിച്ച് ഈ നിയമത്തിലുള്ള വ്യവസ്ഥ എന്തുതന്നെയായിരുന്നാലും സാധാരണ കസ്ററം, യൂസേജ്, എഗ്രിമെൻറ് ഇവ നിയമപരമായി അംഗീകരിച്ചു കിട്ടാനുള്ള അവകാശമുണ്ട്. ഈസ്മെൻറ് റൈററ് പ്രൊട്ടക്ററ് ചെയ്യുകയും, ഈസ്മെൻറ് റൈററ് വയലേററ് ചെയ്യാതിരിക്കാൻ വേണ്ട പ്രൊട്ടക്ഷൻ കൊടുക്കുകയും ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ, ഇലക്ട്രിസിററി ഇവ ഉപയോഗിക്കുന്നതിനുള്ള അവകാശസംരക്ഷണവും കൊടുത്തിട്ടുണ്ട്. ആരുടെയെങ്കിലും കുടികിടപ്പ് പാവപ്പെട്ട ഒരാളിന് കൈമാററം ചെയ്യുകയാണെങ്കിൽ ഭൂമിയില്ലാത്തവരും ആണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

രണ്ടായിരം രൂപവരെ വരുമാനം ഉള്ളവരും ആയവരെ കുടികിടപ്പുകാരായി അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലെ പല പല ഏരിയാകളിലുള്ള പല പല വിധത്തിലുള്ള അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ ഭേദഗതികൾ ചെയ്തു കുടികിടപ്പുകാരന്റെ അവകാശങ്ങൾ സംരക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. Mortgage കുടികിടപ്പു മോർട്ടുഗേജിനു മുൻപു താമസിച്ചിരുന്നവർ അങ്ങനെ നിർവ്വചനം മാററി. എന്നാൽ കുടികിടപ്പുകാരന് പർച്ചേസു ചെയ്യുന്നതിനുള്ള അധികാരം കൊടുത്തിരിക്കുന്നതുകൊണ്ട് അവരുടെ എല്ലാ ബുദ്ധിമുട്ടുകളും തീരുമെന്നുള്ള നിലയിലുള്ളതു മാത്രമാണ് ഈ ഭേദഗതി ബില്ലെന്ന് വിചാരിക്കരുത്. ചെറുകിട വസ്തു ഉടമസ്ഥൻമാരുടെ കാര്യത്തിലാണെങ്കിൽ അവർക്ക് അഞ്ചേക്കർ വരെ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള അവകാശം കൊടുത്തിട്ടുണ്ട്. ശ്രീ. കരുണാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ ചേർത്തലയുടെ കാര്യം കുത്തി പറയുന്നതു കേട്ടു. എന്റെ അഭിപ്രായത്തിൽ ചേർത്തലയിലും വൈപ്പിൻകരയിലും ധാരാളം കുടികിടപ്പുകാർ ഉണ്ട്. ഇല്ല എന്നല്ല. എന്നാൽ ശ്രീ. സി. കെ. ബാലകൃഷ്ണന്റേയും ശ്രീ. ടി. എ. മജീദിന്റെയും നാടായ ചിറയിൻകീഴ് താലൂക്കിൽ കടലോരപ്രദേശത്തും കായലോരപ്രദേശത്തും ഒരു ഏക്കർ ഭൂമിയുള്ള വസ്തു ഉടമസ്ഥൻമാരുടെ ഭൂമിയിലും ഉടമസ്ഥൻ താമസിക്കുന്ന സ്ഥലം ഒഴിച്ച് ബാക്കിയുള്ളിടത്തെല്ലാംതന്നെ ഒരേക്കറിൽ പത്തറുപതോളം കുടികിടപ്പുകാരുള്ളതായി കാണാം. ഇത് ചില സ്ഥലങ്ങളിലെ പ്രത്യേകതയാണ്. കരുനാഗപ്പള്ളി, നെയ്യാററിൻകര, പൂവാർ മുതലായ സ്ഥലങ്ങളിലെയും സ്ഥിതി ഇതുതന്നെയാണ്. ശ്രീ. കെ. ടി. ജോർജ്ജ് വളരെയൊക്കെ കാര്യങ്ങൾ പറഞ്ഞുവെങ്കിലും വടക്കൻ പറവൂരിലും വളരെ കൂടുതലൊന്നുമില്ലെന്നാണ് തോന്നുന്നത്. ചേർത്തലയിലാണെങ്കിൽ ഒരേക്കറിൽ മൂന്നോ നാലോ കുടികിടപ്പുകാരേ കാണുകയുള്ളൂ. കൊട്ടാരക്കരയിലാണെങ്കിൽ ഒരേക്കറിൽ ഒന്നിൽ കൂടുതൽ കാണുകയില്ല. ശ്രീ. ചന്ദ്രശേഖരൻ നായർ കുടികിടപ്പുകാർക്കു അവകാശം കൊടുക്കണമെന്നു പറയുന്നതിനോട് വിയോജിച്ചല്ല ഞാനിതു പറയുന്നത്. നമ്മുടെ നാട്ടിൽ പല പ്രദേശങ്ങളിലും വിഭിന്നമായ വിധത്തിലാണ് കുടികിടപ്പുകാരുള്ളത്. കാർഷികമേഖലയിൽ പുതിയ നിയമനിർമ്മാണം നടത്തുന്നതിനുള്ള സംരംഭം വന്നപ്പോൾ കുടികിടപ്പുകാർക്ക് പർച്ചേസ് ചെയ്യാനുള്ള അവകാശം കൊടുക്കുമ്പോൾ, ഒരേക്കർ വസ്തു ഉള്ള, അല്ലെങ്കിൽ അരയേക്കർ വസ്തു ഉള്ള ഒരാളിന്റെ ഭൂമിയിൽ പത്തമ്പതു കുടികിടപ്പുകാരുണ്ടായിരുന്നാൽ എന്തു ചെയ്യണമെന്നുള്ളതിനെപ്പററി നോക്കേണ്ടതാണ്.

[Dy. Speaker in the Chair.]

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഞാനൊരു സംശയം ചോദിക്കുകയാണ്. ഒരു ഏക്കറിന് താഴെയുള്ള ഭൂ ഉടമകളെ സംബന്ധിച്ചിടത്തോളം ....

ശ്രീ. കെ. എം. മാണി: സർ, ശ്രീ. കെ. ടി. ജോർജ്ജ് റവന്യൂമന്ത്രിയോട് ഒരു സംശയം ചോദിക്കുന്നതിനുവേണ്ടി എഴുന്നേററപ്പോൾ, "ഞാൻ സംസാരിച്ചു തീർന്നിട്ടു ചോദിക്കാം സംശയം വല്ലതുമുണ്ടെങ്കിൽ ബുക്കിൽ കുറിച്ചിടു, ഒടുവിൽ ചോദിക്കാം" എന്ന് മന്ത്രി പറയുകയുണ്ടായി. അതനുസരിച്ച് അദ്ദേഹം ബുക്കിൽ കുറിച്ചുവച്ചുകൊണ്ടിരിക്കുകയാണ്. അതേസമയം വേറൊരു മെമ്പർക്ക് സംശയം ചോദിക്കുന്നതിനു വേണ്ടി മന്ത്രി സമ്മതിച്ചുകൊടുക്കുന്നത് ശരിയാണോ? അത് ഭംഗികേടല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : നമ്മുടെ നാട്ടിൽ ഒരു ഏക്കറോ അതിന് താഴെയോ ഭൂമിയുള്ള വസ്തു ഉടമസ്ഥന്റെ ഭൂമിയിൽ കഴിയുന്ന കുടിയാൻമാർക്ക് പുതിയ ഒരു നിയമം വരുമ്പോൾ ആദ്യത്തെ സ്റ്റേജിൽതന്നെ കുടികിടപ്പുകാർക്ക് പർച്ചേസ് ചെയ്യുന്നതിനുള്ള നിബന്ധന എഴുതിച്ചേർത്തിട്ടുണ്ട്. ഒരേക്കറിൽ താഴെ ഭൂമിയുള്ള ഒരാളിന്റെ ഭൂമിയിൽ ഒന്നിൽ കൂടുതൽ കുടികിടപ്പുകാരുണ്ടെങ്കിൽ മൂന്ന്, അഞ്ച്, പത്ത് സെന്റ് എന്നീ ക്രമത്തിലും രണ്ടേക്കറിന് താഴെയുള്ളതാണെങ്കിൽ ആറ്, പത്ത്, ഇരുപത് സെന്റ് എന്നീ ക്രമത്തിലും പർച്ചേസു ചെയ്യാം. രണ്ടേക്കറിനു മുകളിൽ അഞ്ചേക്കറിനു താഴെയുള്ളവർക്ക് ഈ സ്ഥലം കൂടി കൂടി വന്നിട്ട്, അഞ്ചേക്കറിനു മുകളിലോട്ടുള്ളത് മുഴുവനും പർച്ചേസു ചെയ്യുന്നതിനുള്ള വ്യവസ്ഥയാണ് ചേർത്തിട്ടുള്ളത്. ഇത് വായിക്കുമ്പോൾ ചില ബുദ്ധിമുട്ടുകൾ തോന്നുന്നുണ്ട്. മിനിമം ഒരാളിന് മൂന്നുസെന്റ് വാങ്ങിക്കാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വാങ്ങിക്കുന്ന മൂന്നു സെന്റിനകത്ത് വേറെ കുടികിടപ്പുകാർ താമസിക്കുകയാണെങ്കിൽ അവരെ ഷിഫ്റ്റു ചെയ്യേണ്ടിവരുമോയെന്നെല്ലാം നോക്കേണ്ടിവരും. അതുകൊണ്ട് അതിനെപ്പറ്റിയെല്ലാം ഒന്നുകൂടി പരിശോധിക്കേണ്ടതുള്ളതുകൊണ്ട്, പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വേണ്ടിവരികയാണെങ്കിൽ അത് ചേർക്കുകയും ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. കെ. എം. മാണി: കുടികിടപ്പുകാരെപ്പറ്റി വളരെ സ്നേഹത്തോടുകൂടിയും, ഞാൻ പറയുന്നതെല്ലാം വളരെ മോശമാണ്, ശ്രീ. ചന്ദ്രശേഖരൻ നായർ പറയുന്നതെല്ലാം അതിലും മോശമാണ് എന്നുള്ള രീതിയിലും സംസാരിക്കുകയുണ്ടായി. അദ്ദേഹം പറയുകയുണ്ടായി കുടികിടപ്പുകാർക്ക് ഫോറസ്റ്റ് ഭൂമികൾ എടുത്തുകൊടുത്തുകൂടേയെന്ന്. കുടികിടപ്പുകാർക്ക് ഭൂമിയിൽ അവകാശം കൊടുക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു നിയമമാണെന്നുള്ള നിലയിൽ അതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനുവേണ്ടിയാണ് ശ്രമിച്ചിട്ടുള്ളത്. അവർ കൊടുക്കേണ്ട വില എത്രയും കുറയ്ക്കാമോയെന്ന് നോക്കുകയും, കൂടുതൽ ആളുകളെ ഉള്ള ഭൂമിയിൽ താമസിപ്പിക്കാനും കുടികിടപ്പ് സുരക്ഷിതമാക്കാനും മാറ്റി താമസിപ്പിക്കുമ്പോൾ അവരുടെ തൊഴിലുമായി ബന്ധപ്പെടുത്തി ജീവിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുന്നതിനും ആവശ്യമായ വുവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു ശ്രമിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇന്നുതന്നെ മാറ്റി താമസിപ്പിക്കുന്നതിനുള്ള പല പല സ്കീമുകൾ നിലവിലുണ്ട്. ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഹരിജനങ്ങളെ മാറ്റി താമസിപ്പിക്കുന്നതിനുള്ള സ്കീമുണ്ട്. പുതിയതായി ഭൂമി വിതരണം ചെയ്യുമ്പോൾ ഭൂമിയില്ലാത്ത ആളുകൾക്ക് കൊടുക്കുന്നതായ സ്കീമുണ്ട്. കോളനൈസേഷൻ സ്കീമുണ്ട്. ഇങ്ങനെ പല പല സ്കീമുകൾ ഇപ്പോൾതന്നെ ഗവൺമെന്റിന്റേതായിട്ടുണ്ട്. ഗവൺമെന്റിന്റെ മററു സ്കീമുകളൊന്നും തന്നെ ഇതിൽ കൊണ്ടു വരേണ്ട ആവശ്യമില്ലാത്തതിനാൽ ഇതിൽ എഴുതിച്ചേർത്തിട്ടില്ല.

[12 noon]

ശ്രീമതി കെ. ആർ. ഗൗരി: ഇന്നു കുടികിടപ്പുകാരായിരിക്കുന്ന ആളുകൾക്ക് രണ്ടുവിധത്തിലുള്ള അവകാശമുണ്ട്. ഞാൻ മുൻപു പറഞ്ഞതുപോലെ, ഒന്ന്, പർച്ചേസ് ചെയ്യുക. രണ്ട്, പർച്ചേസ് ചെയ്യാൻ സാധിക്കാത്ത ആളുകൾക്ക് ഫിക്സിററിയും അതിനോടനുബന്ധമായി ആദ്യം നിർവ്വചിച്ച വിധത്തിലുള്ള അവകാശ

[ശ്രീമതി കെ. ആർ. ഗൗരി]

ങ്ങളും കൊടുക്കുക. അവർക്ക് മനുഷ്യരായി താമസിക്കണം. ശ്രീമാൻ പി. ററി. ചാക്കോയുടെ നിയമത്തിൽ ഉണ്ടായിരുന്നത്, അവർ താമസിക്കുന്ന കെട്ടിടം വലുതാക്കിക്കൂടാ എന്നാണ്. എന്നാൽ ഇന്നത്തെ നിയമത്തിൽ അവർ താമസിക്കുന്ന കെട്ടിടം വലുതാക്കുന്നതിനുള്ള വ്യവസ്ഥ എഴുതി ച്ചേർത്തിട്ടുണ്ട്. 50 ശതമാനംവരെ വലുതാക്കാമെന്നുണ്ട്. അത് 100 ശത മാനത്തിൽ കൂടാതെ വലുതാക്കുന്നതിനും വിരോധമില്ല. ഇന്നിരിക്കുന്നതി നേക്കാൾ ഇരട്ടിയാക്കി വലുതാക്കുന്നതിനും എനിക്ക് വിരോധമില്ല. അവർക്ക് മനുഷ്യരായി താമസിക്കുന്നതിനുള്ള സകലവിധ സംരക്ഷ ണവും ഈ നിയമത്തിൽ കൊടുത്തിട്ടുണ്ട്. ഈ നിയമത്തിൽ ഉൾപ്പെടുത്തി യിട്ടുള്ള പർച്ചേസ് ചെയ്യുന്നതിനുള്ള വകുപ്പുകൾ ഇന്നത്തെ നിലയിൽ ഉപ യോഗിക്കുകയാണെങ്കിൽ തീർച്ചയായും നമ്മുടെ സംസ്ഥാനത്തിലെ കുടി കിടപ്പുകാരിൽ 80 ശതമാനത്തോളവും പർച്ചേസ് ചെയ്തുപോകുമെ ന്നാണ് എന്റെ അഭിപ്രായം. കുടികിടപ്പുകാരുടെ ശരിയായ കണക്കില്ലാ ത്തതുകൊണ്ടാണ് ഞാൻ ഈ 80 ശതമാനമെന്നു പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് എത്ര കുടികിടപ്പുകാരുണ്ട്, ഓരോ പ്രത്യേക പ്രദേശത്തും എത്രവീതമുണ്ട് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ കണക്ക് ഗവൺമെൻറിന്റെ കൈവശമില്ല. സെലക്ററു കമ്മിററിയിലു ണ്ടായ ചർച്ചകളുടേയും നേരിട്ടുണ്ടായ അനുഭവങ്ങളുടേയും വെളിച്ചത്തിൽ കാര്യങ്ങൾ മനസ്സിലാക്കിയാണ് ഈ വിധത്തിലുള്ള വ്യതിയാനങ്ങൾ വരുത്തി ഭേദഗതി കൊണ്ടുവരാൻ ഇടയായത്.

ശ്രീ. മാണി സംസാരിച്ചപ്പോൾ പറഞ്ഞ കാര്യങ്ങൾക്ക് വളരെ കൂടുതൽ മറുപടി പറയണമെന്ന് എനിക്ക് തോന്നുന്നില്ല. എന്താണെന്നുവച്ചാൽ പ്രസംഗം തുടങ്ങുമ്പോൾത്തന്നെ കോടതി, ഭരണഘടന, അസാധു എന്നൊക്കെ പറഞ്ഞാണ് ആരംഭിക്കുന്നത്. അതായത് സുൽത്താന്റെ വാൾ മുകളിൽ തൂക്കിയിട്ടിരിക്കുകയാണ്, കഴുത്തു പോകും എന്നു പറയുന്നതു പോലെ ഈ നിയമം അങ്ങ് കോടതിയിൽ ചെന്നാലുടനെ റദ്ദാക്കിക്കളയു മെന്നാണ് പറയുന്നത്.

ശ്രീ. കെ. എം. മാണി: സുൽത്താന്റെ വാളല്ല, കായംകുളം വാളാണ്.

ശ്രീമതി കെ. ആർ. ഗൗരി: അത് ഞാനല്ല പ്രയോഗിക്കുന്നത്, ശ്രീ. മാണിയാണ്; അപ്പുറത്തും ഇപ്പുറത്തും വെട്ടുന്നത്. ഞാൻ നേരേ നിന്നു വെട്ടുന്ന ആളാണ്.

ആ നിലയിൽ ഞാൻ ഉറപ്പിച്ചു പറയുകയാണ്, ഈ നിയമം ഭരണ ഘടനാവിധേയമാണെന്ന്. കുടികിടപ്പുകാരെ കാർഷിക പരിഷ്ക്കരണ നിയ മത്തിൽ ചേർക്കാൻ ഇടയായതിന്റെ കാരണം കാർഷികപരിഷ്ക്കരണത്തിൽ ത്തന്നെ വരണമെന്നുള്ള നിർബ്ബന്ധം കൊണ്ടാണ്. എസ്റേ ററിന്റെ നിർവ്വചനത്തിൽ കാർഷികത്തൊഴിലാളികൾ, ആർട്ടിസാൻസ് തുടങ്ങിയവർ താമസിക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം അത് എസ്റേററിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന ഭൂമിയാണ്. ആ വിധ ത്തിൽ അവർ താമസിക്കുന്ന ഭൂമി ലാൻറ് റിഫോംസ് നിയമത്തിൽത്തന്നെ വരണം. അതുകൊണ്ടാണ് ലാൻറ് റിഫോംസ് നിയമം കൊണ്ടുവന്നത്. 1961-ൽ കോടതിയിൽ പോയി തള്ളിക്കളഞ്ഞതുപോലെ ഈ നിയമം പോകു കയില്ലെന്നാണ് ഗവൺമെൻറിന്റെ വ്യക്തമായ ഉറപ്പ്. മുഴുവൻ ഈ നിയമം ക്യാൻസൽ ചെയ്യാൻ പററുകയില്ല. 17-ാം ഭരണഘടനാ ഭേദഗതി നിയമം വന്നിരിക്കുന്നതുകൊണ്ട് എസ്റേററിന്റെ നിർവ്വചനം കുറേക്കൂടി വിപുലീകരിക്കാനും, എസ്റേററിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

സകല ഭൂമികളെപ്പററിയും നമുക്ക് നിയമം എഴുതാനും നിയമം പാസ്സാക്കാനും അവകാശമുണ്ട്. അതുകൊണ്ട് ഈ നിയമം കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ ഇടയില്ല. നിങ്ങൾ എല്ലാവരും പറയുന്നതായിട്ടുള്ള കോടതിവിധിതന്നെ 17-ാം ഭരണഘടനാ ഭേദഗതി അംഗീകരിക്കുകയും മേലിൽ വരുന്ന കാര്യങ്ങളെപ്പററി പറയുകയുമാണ് ചെയ്യുന്നത്. ഈ അടുത്തകാലത്ത് സുപ്രീം കോടതിയിൽനിന്ന് മറിച്ച് വേറൊരു വിധത്തിൽ ജഡ്ജുമെൻറ് വന്നിട്ടുണ്ട്. ആ നിലയിൽ ഈ നിയമം ഭരണഘടനാവിരുദ്ധമാകുകയില്ല. പിന്നെ, ഈ നിയമത്തിലെ ഏതെങ്കിലും ഒരു വകുപ്പ് കോടതിയിൽ ചെന്നാൽ ആ വകുപ്പ് ഭരണഘടനയ്ക്കെതിരാണെന്നു പറയുമോ ഇല്ലയോ എന്നുള്ളത് അപ്രസക്തമായ ഒരു കാര്യമാണ്. ഈ നിയമം ഒരുകാലത്തും റദ്ദ്ചെയ്യുകയില്ല, ഭരണഘടനയ്ക്കെതിരാകുകയില്ല എന്നുള്ളതാണ് ഗവൺമെൻറിന് കിട്ടിയിരിക്കുന്ന നിയമോപദേശം. ആ ഒരു ഉറപ്പോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

പിന്നെ, മററു കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതിയെ ഞാനൊഴിച്ച് മറെറല്ലാവരും അനുകൂലിക്കുന്നു എന്നു ഇവിടെ പലരും പറയുന്നതു കേട്ടു. എന്തെങ്കിലും അനോമലികളുണ്ടെങ്കിൽ അത് പരിഹരിക്കാൻ ഗവൺമെൻറ് എപ്പോഴും തയ്യാറാണ്. ഈ നിയമംതന്നെ വളരെ കൂടുതൽ പ്രാവശ്യം മാററിയെഴുതിയതാണ്. ഇനിയും എന്തെങ്കിലും മാററം വരുത്തണമെന്നുണ്ടെങ്കിൽ ആ കാര്യത്തെപ്പററി ആലോചിക്കാം. ഒരു ഏരിയായിൽ കൂടുതൽ കുടികിടപ്പുകാരുണ്ടെങ്കിൽ അവരെ എന്തു ചെയ്യണമെന്നുള്ള കാര്യത്തെപ്പററി ആവശ്യമായ വ്യവസ്ഥ ഇതിലില്ലാത്തതുകൊണ്ട് ആ കാര്യം ആലോചിച്ച് എന്താണ് വേണ്ട ഭേദഗതികളെന്നുള്ളത് നോക്കിയിട്ട് നാളെ സമർപ്പിക്കുന്നതാണ്.

അതുകൊണ്ട് ഈ ക്ലോസിൻെറ ചർച്ച നാളത്തേക്ക് മാററിവയ്ക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. ടി. ജോർജ്ജ് : പ്രധാനപ്പെട്ട ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം അതിൻെറ ഭേദഗതികളുടെ കോപ്പി ഇന്നുതന്നെ കിട്ടുന്നതിനുള്ള ഏർപ്പാട് ചെയ്യുമോ ?

ഡെപ്യൂട്ടി സ്പീക്കർ : അതൊക്കെ ആലോചിക്കാം. ക്ലാസ് 63 ൻെറ ചർച്ച നാളെ തുടരാം,

Clause 64

The question that clause 64 stands part of the Bill was put and carried.

Clause 64 was added to the Bill.

Clause 65

Shri M. Ramunni : Sir, I move :

(No. 331) In clause 65 [sub-section (1) of section 82 of the principal Act proposed to be substituted] in (a) substitute the following :

"(a) for sub-section (1) the following sub-section shall be substituted, namely:—

"(1) The ceiling area of land shall be,—

(a) in the case of an adult unmarried person or a family consisting of a sole surviving member, three standard acres, so however that

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Ramunni]

the ceiling area shall not be less than five and more than six acres in extent;

(b) in the case of a family consisting of two or more, but not more than five members, six standard acres, so however that the ceiling area shall not be less than nine and more than twelve acres in extent;

(c) in the case of a family consisting of more than five members, six standard acres, increased by one standard acre for each member in excess of five, so however that the ceiling area shall not be less than twelve and more than fifteen acres in extent; and

(d) in the case of any other person five standard acres, so however, that the ceiling area shall not be less than eight and more than ten acres in extent;

(e) the ceiling area prescribed in sub-sections (a), (b), (c) and (d) above is restricted as ½ in city or major municipality and 2/3 in any other municipality."

ഭൂപരിഷ്കരണ നിയമം കൊണ്ടുവരുമ്പോൾ സ്വാഭാവികമായും പട്ടണപ്രദേശങ്ങളിലുള്ള ഭൂമിക്ക് വളരെ ചുരുങ്ങിയ പരിധി നിശ്ചയിക്കണം. എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് പട്ടണപ്രദേശങ്ങളിലായാലും ഗ്രാമപ്രദേശങ്ങളിലായാലും ഒരു ഫ്ളാറ്റ് റേറ്റ് നിശ്ചയിക്കണമെന്നാണ്. ഇതൊന്നു ചുരുക്കിയാൽ പട്ടണപ്രദേശങ്ങളിൽ സ്വത്തിൻമേലുള്ള കേന്ദ്രീകരണം കുറയ്ക്കുവാൻ ഈ ഭേദഗതി ഉപകരിക്കും. സീലിംഗ് ഏരിയ കണക്കിലധികം കൊടുക്കാനുള്ള പ്രവണത കാണിച്ചിരിക്കുന്നത് ശരിയല്ല. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

Shri U. P. Kunikullaya : Sir, I wish to point out one anomaly in regard to clause 65 (amendment of section 82). While reading sub-section (1) (a), (b) and (c) on the one hand and sub-section (1) (d) on the other, one can see that it will create complications because sub-sections (a), (b) and (c) speak about 'family' as defined under the Act. Family means 'husband, wife and their unmarried minor children or such of them as exist'—Whether it is 5 children or more, whatever it may be. As per sub-section (c), "in the case of a family consisting of more than five members, ten standard acres increased by one standard acre for each member in excess of five, so however that the ceiling area shall not be less than twelve and more than twenty acres in extent", that is the ceiling area of the land. That means, even if a family consists of more than 5 children, the maximum extent that can be owned is 20 acres.

Regarding (d), it is stated like this: 'in the case of any other person, ten standard acres, so however that the ceiling area shall not be less than twelve and more than fifteen acres in extent."

Complication will arise when we read the definition of 'person'. Person shall include company, family, joint family, association or

LIBRARY ARCHIVES Kerala Legislative Assembly

other body of individuals, whether incorporated or not and any institution capable of holding property. The definition of family is this: family means 'husband, wife and their unmarried minor children or such of them as exist'. Then again joint family means 'a Hindu undivided family, a Marumakkathayam tarwad or tavazhi, an Aliasanthana kutumba or kavaru or a Namboodiri illam.

I can quote my own example. I have got five minor children besides my wife. Thus in my family there are 7 members. I can hold 11 standard acres as per this Bill, viz. as per sub-section (c).

I can myself be a member of the undivided Hindu family. In that case, if I come under the category or any other person the maximum extent that I can hold is 10 standard acres. That means I will be deprived of the benefit of sub-section (c). Only sub-section (d) will apply in that case.

I can quote another example. I can as well be a member of the Joint Family. In my case, I have got two brothers having children. We constitute 20 members. Now if we apply (d) in this case, if I am treated as 'joint family', here it is stated 'in the case of any other person, ten standard acres'. So for a joint family consisting of 20 members, like myself, they will get only 10 standard acres or in other words 'not more than 15 acres in extent'. Luckily my family is partitioned and as such I am not afraid of clause (d).

So, in the ordinary course, the anomaly would be that if I am included in the joint family, in a bigger family, including my brothers and sisters, then I will be entitled to only 10 standard acres, whereas if I am included in the definition of family, I will be getting 11 standard acres. Is it not an anomaly? How are you going to implement this provision, is a question to be considered.

Now, secondly, if my recollection is correct, though I cannot follow what exactly the Hon. Minister stated in Malayalam while replying to the discussion on this Bill before it was referred to the Select Committee, my impression is that the religious, charitable and educational institutions which are in possession of properties will not come within the purview of the ceiling limit. Here it is stated in (d)— in the case of any other person, ten standard acres, so however that the ceiling area shall not be less than twelve and more than fifteen acres in extent'. So the definition of person include 'religious and charitable institutions capable of holding property'. As per (d), they will be getting only 10 standard acres. In other words, the minimum will be twelve and maximum will be 15 acres.

My submission is that serious consideration and thought has to be given to this new sub-section (1) and if it is found necessary, the section may be recast so as not to prejudice the members of joint families, in the matter of interpretation and implementation of the provisions of section 82.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർ കുനിക്കുലയ്യ ക്ലോസ് 65-ൽ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യം ഗൗരവമായിത്തന്നെ റവന്യൂമന്ത്രി കണക്കാക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഒറിജിനൽ ആക്ടിലാണെങ്കിൽ 36 ഏക്കർവരെ പരിധി നിശ്ചയിച്ചിരുന്നു. സാധാരണഗതിയിൽ കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നു വരുത്തിയിട്ടുള്ള ഭേദഗതി നമുക്ക് സ്വീകാര്യമാണ്. എന്നാൽ അതേയവസരത്തിൽ കൂട്ടുകുടുംബങ്ങളെ സംബന്ധിച്ചിടത്തോളം വരുന്നതായ ബുദ്ധിമുട്ട് കണക്കിലെടുക്കേണ്ടതാണ്. ശ്രീ. കുനിക്കുലയ്യ ഇതിന്റെ എല്ലാ വശങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 'പേഴ്സൻസ്' എന്നുള്ള ഡെഫനിഷൻ വരുന്ന അവസരത്തിൽ കൂട്ടായി താമസിക്കുന്ന കടുംബങ്ങളേയും 'പേഴ്സൻസി' ന്റെ വ്യാപ്തിയിൽ വരുത്തിയിരിക്കുകയാണ്. ഈ കാരണത്താൽ ക്ലോസ് 65–ലെ (ഡി) ഭേദഗതി ചെയ്ത് അതിന് പഴയ നിയമത്തിലെ അത്രയും വ്യാപ്തിതന്നെ ഭൂമിയെ സംബന്ധിച്ചിടത്തോളം നൽകണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ശ്രീ. കുനിക്കുലയ്യായുടെ ജോയിന്റ് ഹിന്ദു ഫാമിലി എന്നുള്ള ഭേദഗതി സ്വീകരിക്കാൻ ഒക്കുകയില്ല. സെക്ഷൻ 82 (3)-ൽ

In calculating the extent of land owned or held by a family or an adult unmarried person, the shares of the members of the family or the adult unmarried person, as the case may be, in the lands owned or held by a cooperative society or by an institution, or by a joint family, shall be taken into account.

അതുകൊണ്ട് ജോയിന്റ് ഹിന്ദു ഫാമിലി എന്നുള്ളതിനെ സംബന്ധിച്ച് അല്ലെങ്കിൽ അലിയസന്താനം, മരുമക്കത്തായം ഇതെല്ലാം പറയുന്നതു കൊണ്ട് വലിയ ബുദ്ധിമുട്ടുണ്ടാവുകയില്ല. ഇതാണ് ഒരു കാര്യം. രണ്ടാമത് റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷനും മററും എക്സംപ്ററു ചെയ്തിരിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂഷൻ എന്നു ചേർക്കാൻ ഇടയായത് ഗവൺമെൻറിന്റെ ദൃഷ്ടിയിൽ അടുത്തകാലത്ത് agricultural lands–നെ കമ്പനിയായി മാററിയതായി കണ്ടിട്ടുള്ളതുകൊണ്ടാണ്. അങ്ങനെ ചെയ്ത് സീലിംഗ് പ്രൊവിഷൻ പരാജയപ്പെടുത്തുന്നതിനുവേണ്ടി നീക്കം ഉണ്ടായിട്ടുണ്ട്. ഒരു കമ്പനി ആണെങ്കിൽ അത്രയും ഭൂമി കമ്പനിക്ക് ഹോൾഡു ചെയ്യാം. കമ്പനി അങ്ങനെ അത്രയും ഭൂമി ഹോൾഡു ചെയ്യാതിരിക്കുന്നതിനുവേണ്ടിയാണ് ചേർത്തത്. ഇത് സീലിംഗിനെ ബാധിക്കുകയില്ല. കുടിയാന്റെ കൈവശമിരിക്കുന്നത് കുടിയാന് പർച്ചേസു ചെയ്യാൻ അവകാശമുണ്ട്. റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷന്റെ എക്സംപ്ഷൻ ക്ലോസ് 81 നോക്കിയാൽ മതി. യാതൊരുവിധത്തിലും അതിന്റെ പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാക്കുകയില്ല.

Shri U. P. Kunikullaya : Sir, one more doubt. The Hon. Minister has just now defended the amendments proposed to section 82 (1). But it has to be noted that as per the Joint Family governed by Hindu Mithakshara law, so long as the father who is a coparcener is alive, the daughters and wife have no right over the family properties. In such cases how can you say that in calculating the extent of land owned or held by a family or an adult unmarried person the share of the members of the family shall be taken into account. That is new

LIBRARY ARCHIVES Kerala Legislative Assembly

sub-section (3). In order to clarify this ambiguity, at least in sub-section (d) of sub-section (1) the words 'other than the joint family' may be inserted after the words " in the case of any other person". It will avoid complications. If that is not incorporated, the cumulative effect of this provision will give room for so many anomalies.

ശ്രീമതി കെ. ആർ. ഗൗരി : ക്ലോസ് 65-നെപ്പററി ശ്രീ. രാമുണ്ണി പറ
ഞ്ഞത് സീലിംഗ് ഏരിയ കുറയ്ക്കണമെന്ന നിലയിലാണ്. ഈ ബില്ലിൽ
അതു കുറച്ചു കുറച്ചിട്ടുണ്ട്. മുകളിലോട്ടു വരുന്ന ഏക്കറേജിനെ സംബന്
ധിച്ച് ഇത്ര വരയേ വരാൻ പാടുള്ളു എന്ന് എഴുതിയിട്ടുണ്ട് :

father, mother and minor children.

ഇത് കൂടിവരുന്നതനുസരിച്ച് എന്തായാലും 20 ഏക്കറിൽ കൂടുതലാകാൻ
പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ adult unmarried person-
ന് ഒരു ഫാമിലിക്കുണ്ടായിരുന്ന സീലിംഗാണ് ഉണ്ടായിരുന്നത്. അത്
ഈ ബിൽ പകുതിയാക്കിയിട്ടുണ്ട്. ഉള്ള സീലിംഗ് എൻഫോഴ്സു
ചെയ്യുക തീരെ അശാസ്ത്രീയമാകുന്നു. കുറെ സാമൂഹ്യനീതി വരു
ത്തുക. കൃഷിക്കാരന്റെ മാത്രം സാമ്പത്തികസമീകരണം പററുകയില്ല.
കാർഷിക മുതലാളിത്തം വളരാതിരിക്കുകയും, ജൻമിത്വം അവസാനിപ്പി
ക്കുകയുമാണ് ഉദ്ദേശം. മിച്ചഭൂമി എടുത്തുകൊണ്ട് തൊഴിലില്ലാത്ത
ആളുകൾക്ക് വിതരണം ചെയ്യുക, കുടിയാന് ജൻമം കിട്ടുക, കുടികിടപ്പു
കാരന് ഇന്നത്തെ രീതിയിൽ ചുരുങ്ങിയ നിലയിൽ സംരക്ഷണം കിട്ടുക
ഇതൊക്കെയാണ് ഉദ്ദേശിക്കുന്നതു്. അതുകൊണ്ട് മററുവിധത്തിൽ
സീലിംഗ് കുറച്ചാൽ അത് ഇടനില കൃഷിക്കാരനുമാത്രമേ ഉണ്ടാകൂ.
അതുകൊണ്ടാണ് ഇത്രയും സീലിംഗ് വച്ചത്. ഇത് പിൻവലിക്കണമെന്ന
ഭൃർത്ഥിക്കുകയാണ്. അൽപം ഭേദപ്പെട്ട rich peasants ഉണ്ടാക്കുന്നതിന്
നമ്മൾ എതിരല്ല. പിന്നെ ഈ നിയമം അവസാന വാക്കുമല്ല.

Shri M. Ramunni : Ceiling area prescribed in sub-sections (a), (b), (c) and (d) above is restricted as ½ in city........
ഈ ഭാഗത്തെപ്പററി ഒന്നും പറഞ്ഞില്ല.

ശ്രീമതി കെ. ആർ. ഗൗരി : അർബൻ എന്ന് എഴുതേണ്ട. അർബൻ
ഭൂമിയെപ്പററി വേറെ ലജിസ്ലേഷൻ വരും. ഇത് കാർഷിക പരിഷ്കരണ
മാണ്. രാമുണ്ണി ഇത് മനസ്സിലാക്കിയാൽ മതി. ഇത് അഗ്രി
ക്കൾച്ചറൽ ലാൻറിന്റെ ലെജിസ്ലേഷനാണ്.

ശ്രീ. എം. രാമുണ്ണി: അർബൻ ഏരിയായിൽ ഉള്ളതും പെടുമല്ലോ?

ശ്രീമതി കെ. ആർ. ഗൗരി : നമ്മുടെ നാട്ടിൽ കൃഷിഭൂമിയേയുള്ളു.
"അർബൻ ഭൂമി" എന്നു പ്രത്യേകമായി ഇല്ല. തിരുവനന്തപുരത്തുതന്നെ
കൃഷി ചെയ്യുന്ന നിലങ്ങളും തെങ്ങുള്ള ഭൂമിയുമാണ് ധാരാളമുള്ളത്.
കേരളത്തിൽ മുഴുവനും "എസ്റേററ്റി"ന്റെ നിർവ്വചനത്തിൽ വരുന്ന
കൃഷിഭൂമിയേയുള്ളു. അതുകൊണ്ട് "അർബൻ" എന്നുള്ള വിധത്തിലുള്ള
ഭേദഗതിയുടെ ആവശ്യമില്ല.

അതുപോലെ ശ്രീ. കുനിക്കുലച്ചയുടെ 'അദർ ദാൻ ജോയിൻറ് ഫാമിലി'
എന്നു പറയുന്ന ആ ഭേദഗതി സ്വീകരിക്കുന്നതിൽ വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Shri U. P. Kunikullaya : Sir, one more doubt in regard to sub-section (1) (a). Here it is stated like this :

(a) In the case of an adult unmarried person or a family consisting of a sole surviving member five standard acres, so however that the ceiling area shall not be less than six and more than seven and a half acres in extent.

I may point out one anomaly here. If I have got a property inherited from my ancestors, as per the Hindu Succession Act, only the sons have the right by birth and not the daughters, daughters will not have the right unless the father dies. Family is defined as husband, wife and their unmarried minor children. So the daughters will have no right by birth in the family properties as such. For the purpose of fixing the ceiling limit, even the daughters have been taken into consideration because even as per the definition of family, there is no distinction between sons and daughters. It simply says 'husband, wife and minor children'.

ശ്രീമതി കെ. ആർ. ഗൗരി: അതാവശ്യമില്ല. അമ്മയേയും മൈനർ കുട്ടികളേയും ചേർത്ത് അഞ്ചുപേരാണ് കുടുംബം. അതിൽ ആണും പെണ്ണുമുണ്ടാകും. തന്തയുടെ സ്വത്തിനു മക്കൾക്കെല്ലാം അവകാശമുണ്ടെന്നു വിചാരിക്കരുത്. അച്ഛൻ ജീവിച്ചിരിക്കുന്ന സമയത്ത് മക്കത്തായം അനുസരിച്ച് വസ്തുക്കൾ അച്ഛന് ഇഷ്ടമുള്ളവർക്ക് എഴുതിക്കൊടുക്കാം. അങ്ങനെ നിയമമുള്ളതുകൊണ്ട് ഫാമിലി എന്നുള്ള ഡഫനിഷനിൽ ഫാദർ, മദർ, മൈനർ ചിൽഡ്രൻ എന്ന രീതിയിൽ വരുമ്പോൾ ബുദ്ധിമുട്ടില്ല.

Shri U. P. Kunikullaya : Now regarding the adult unmarried person, if there is an adult unmarried daughter in the family, then on her account also 5 standard acres could be held though she herself has no right over the property. When we come to the joint family as such, the daughter has no interest in the coparcenary property. If she is an adult unmarried person, then on her account also 5 standard acres have to be given. In the joint family property as she has no right, there is no share. Then how are you going to calculate the extent of the land with regard to such adult unmarried person. In the clause it is given "in calculating the extent of land owned or held by a family or an adult unmarried person, the shares of the members of the family or the adult unmarried person, as the case may be, in the land owned or held by a co-operative society or a joint family shall be taken into account." In this clause, complications will arise while fixing the ceiling limit. The benefit given under section 82 (1) (a), (b) and (c) will not be applicable to such unmarried persons, if her father or brothers happen to be members of a Hindu Joint Family as long as her father is alive because she has no right by birth in the family properties. How are you going to implement this provision?

ശ്രീമതി കെ. ആർ. ഗൗരി : ഭൂമിയിൽ അവകാശമില്ലാത്ത ആളുകൾക്ക് കൊടുക്കാനല്ല ഈ നിയമം. അവകാശമില്ലാത്ത ആളുകൾക്ക് കിട്ടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള സ്വത്തിന് എങ്ങനെയാണ് സീലിംഗ് ഏർപ്പെടുത്തുക എന്നുള്ള
താണ്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കുന്നില്ല. സംശയമുണ്ടെങ്കിൽ
ഞാൻ ഒരു ഓറൽ ഭേദഗതി അവതരിപ്പിക്കാം.

The Amendment (No. 331) moved by Shri M. Ramunni was, by leave, withdrawn.

Smt. K. R. Gouri : I move the following oral amendment :

In clause 65 (in sub section (1) of section 82 of the principal Act, proposed to be substituted by sub-clause (a) in clause (d) after the words " any other person" the words "other than a Joint Family" shall be inserted.

The amendment was put and carried.

The question that clause 65, as amended, stands part of the Bill was put and carried.

Clause 65 as amended was added to the Bill.

Clause 66

The question that clause 66 stands part of the Bill was put and carried.

Clause 66 was added to the Bill.

Clause 67

Shri Pandalam P. R. Madhavan Pillai : Sir, I move :

(No. 49) In clause 67 (in sub-section (2) of section 84 of the principal Act), in (b), delete the words and figures "after the 1st of July 1969" and insert the words and figures "after the date of publication of the Kerala Land Reforms Bill, 1963".

1969 ജൂലൈ 1-ാം തീയതിക്കുശേഷമുള്ള കൈമാററത്തെപ്പററിയാണ്
ഇതിൽ പറയുന്നത്. കമ്പനികളുടെ കാര്യത്തിലാണെങ്കിൽ അവ പ്രവർത്തി
ക്കുവാൻ തുടങ്ങിയിട്ട് കുറെ നാളായിക്കാണും. പിന്നെ കമ്പനികളുടെ
പേരിൽ പുതിയ വസ്തുക്കൾ സമ്പാദിക്കുകയും കൃഷി ചെയ്യുകയുമെല്ലാം
ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ തീയതി കുറെക്കൂടി മുന്നോട്ടു നീക്കി
വച്ചാൽ കൊള്ളാമെന്നാണ് എൻെറ അഭിപ്രായം. ഒറിജിനൽ ആക്ടിലുള്ള
ഡേററ് തന്നെ അംഗീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഒരു
പക്ഷെ അതംഗീകരിക്കാൻ വയ്യായെങ്കിൽ ഈ ബിൽ പബ്ലിഷ് ചെയ്ത
തീയതി എങ്കിലും അംഗീകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാ
നുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: സർ, അതിൻെറ ആവശ്യമില്ല. സെലക്ട്
കമ്മിററി ചർച്ചയിലാണ് ആദ്യം കമ്പനികൾക്കുംകൂടി ഏർപ്പെടുത്താൻ
തീരുമാനിച്ചത്. അതിനുമുൻപു തീരുമാനിച്ചിട്ടില്ല. കമ്പനികൾ ഏതെ
ങ്കിലും വിധത്തിൽ അങ്ങോട്ടു കൈമാററംചെയ്യുകയല്ല ചെയ്തിരിക്കുന്നത്.
ഈ കാർഷിക പരിഷ്ക്കരണനിയമം വന്നുകഴിഞ്ഞതിനുശേഷം കമ്പനികൾ
അങ്ങോട്ട് കൈമാററം ചെയ്യലല്ല, ഇതുപോലെയുള്ള ഭൂമികൾ കമ്പനി
കളായി ഫോം ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഇത് ആവശ്യമില്ലാതെ
ഇല്ലാത്ത ഒരു പ്രൊവിഷനെച്ചൊല്ലി പണ്ടൊരു കാലത്തു നടന്നത് നടപ്പിലാ
ക്കാനുള്ളതാണ്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കുന്നില്ല.

The amendment (No. 49) moved by Shri P. R. Madhavan Pillai was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

The question that clause 67 stands part of the Bill was put and carried.

Clause 67 was added to the Bill.

Clauses 68 *to* 71

The question that clauses 68 to 71 stand part of the Bill was put and carried.

Clauses 68 to 71 were added to the Bill.

New clause 71*A*.

Revenue Minister **(Smt. K. R. Gouri):** Sir, I move:

(No. 16) After clause 71, the following sub-clause shall be inserted, namely:

"71A. Omission of section 94:—Section 94 of the Principal Act shall be omitted."

The amendment was put and carried.

The question that New Clause 71A stands part of the Bill was put and carried.

New Clause 71A was added to the Bill.

Clause 72

The question that clause 72 stands part of the Bill was put and carried.

Clause 72 was added to the Bill.

Clause 73

Revenue Minister **(Smt. K. R. Gouri):** Sir, I move:

(No. 17)

In clause 73, for sub-clause (1) the following sub-clause shall be substituted namely:—

(1) in sub-section (1),—

(a) in the opening paragraph, the words and figures "subject to the provisions of section 94" shall be omitted;

(b) in clause (i) the words "as far as possible" shall be omitted;

(c) in clause (ii);

(i) in sub-clause (a) for the words "fifty per cent" the words "eighty-seven and a half per cent" shall be substituted;

(ii) for sub-clauses (b) and (c) the following sub-clause shall be substituted, namely:—

"(b) Twelve and a half per cent shall be assigned to small holders and other landlords who are not entitled to resume any land and who do not possess more than one acre of land in extent;

(d) the proviso shall be omitted;"

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: (സി) ഉള്ളതുകൊണ്ട് എന്താണു അബദ്ധമെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഇതെല്ലാം കർഷകത്തൊഴിലാളികളുടെ എക്സസ് ഭൂമിയിൽനിന്നാണു കൊടുക്കുന്നത്. നേരത്തേ 50 എന്നുള്ളത് 75 ആക്കി. ഇപ്പോഴും എൺപത്തിയേഴര എന്നു വയ്ക്കണമെന്നുള്ളതാണ്. (സി) ഡിലീററു ചെയ്യണമെന്നു പറയുന്നത് ചിലർക്കു കൊടുക്കേണ്ട എന്നുള്ള നിലയിൽ വരുന്നതുകൊണ്ടാണ്.

The following amendment moved by the Minister viz.,

In clause 73, for sub-clause (1), the following sub-clause shall be substituted, namely:—

"(1) In sub-section (1),—

(a) in the opening paragraph, the words and figures "subject to the provisions of section 94" shall be omitted;

(b) in clause (i), the words "as far as possible" shall be omitted;

(c) in clause (ii);

(i) in sub-clause (a) for the words "fifty per cent" the words "eighty-seven and a half per cent" shall be substituted;

(ii) for sub-clauses (b) and (c) the following sub-clause shall be substituted, namely:—

"(b) twelve and a half per cent shall be assigned to small holders and other landlords who are not entitled to resume any land and who do not possess more than one acre of land in extent";

(d) the proviso shall be omitted;"

were put and carried.

The question that clause 73, as amended, stands part of the Bill was put and carried.

Clause 73, as amended, was added to the Bill.

Clause 74

The question that clause 74 stands part of the Bill was put and carried.

Clause 74 was added to the Bill.

Clause 75

Shri E. Ahmed: Sir, I move:

(No. 148) In clause 75 (in section 99(2) of the Principal Act proposed to be substituted), after the words "judicial officer of the rank of a Munsiff", the words "or an officer not below the rank of a Tahsildar" be deleted.

ഇതൊരു ചെറിയ ഭേദഗതി മാത്രമാണ്. ക്ലോസ് 75-ൽ സെക്ഷൻ (99) കോൺസ്റ്റിററ്യൂഷൻ ഓഫ് ലാൻഡ് ട്രിബ്യൂണൽ എന്നു പറയുന്നതിന്റെ സബ് സെക്ഷൻ (2)-ൽ—

LIBRARY ARCHIVES Kerala Legislative Assembly

[Shri E. Ahmed]

The Land Tribunal shall consist of a sole member who shall be a judicial officer of the rank of a Munsiff or an officer not below the rank of a Tahsildar, appointed by the Government—

എന്നുള്ളതു നീക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. കാരണം നമ്മുടെ ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ നിരവധി നിയമപ്രശ്നങ്ങൾ ലാൻഡ് ട്രിബ്യൂണലിന്റെ മുൻപിൽ വരികയും വിധി കൽപ്പിക്കേണ്ടതായി വരികയും ചെയ്യും. നമ്മുടെ തഹസീൽദാരൻമാർക്കു കഴിവില്ലെന്നു ഞാൻ പറയുന്നില്ല. പക്ഷെ, വളരെയധികം നൂലാമാലകൾ പിടിച്ച നിയമപ്രശ്നങ്ങളെ സംബന്ധിച്ച് പരിഹാരം കാണേണ്ടതായ ലാൻഡ് ട്രിബ്യൂണൽ ഒരു ജുഡീഷ്യൽ ഓഫീസർ തന്നെയായിരിക്കണം എന്നാണെന്റെ അഭിപ്രായം. അങ്ങനെ മുൻസിഫിനെ നിയമിക്കുന്നതുകൊണ്ട് എല്ലാ പേർക്കും സാമാന്യം തൃപ്തികരമായ രീതിയിൽ പരിഹരിക്കുന്നതിനും നിയമവശങ്ങൾ പരിചിന്തനം ചെയ്തു കൂടുതൽ തൃപ്തികരമാക്കാൻ ശ്രമിക്കുന്നതിനും കഴിയും. മറ്റൊരു കാര്യം കൂടിയുണ്ട്. അപ്പലേററ് അതോറിട്ടി ഈ നിയമത്തിൽ പ്രൊവൈഡ് ചെയ്തിരിക്കുന്നതനുസരിച്ച് ഒരു സബ് ജഡ്ജായിരിക്കും. അതുകൂടി കണക്കിലെടുത്താലും മുനിസിഫൻമാർതന്നെ ലാൻഡ് ട്രിബ്യൂണലായി നിയമിക്കപ്പെടുന്നതുകൊണ്ട് വളരെ ഉചിതമായിരിക്കും. മാത്രമല്ല കൂടുതൽ ജുഡിഷ്യസ് ആയി തീരുമാനിക്കുന്നതിനും ഒരു മുൻസിഫ് ആണെങ്കിൽ സഹായകമാകും. അതുകൊണ്ട് ലാൻഡ് ട്രിബ്യൂണൽ ഒരു ജുഡിഷ്യൽ ഓഫീസർതന്നെയായിരിക്കണം. തഹസീൽദാർ ആകാമെന്നുള്ള വിധത്തിൽ പറഞ്ഞിരിക്കുന്നത് നീക്കം ചെയ്യണം. മുനിസിഫൻമാർ എന്നു പറയുന്നതിന് പ്രത്യേകമായ കാരണമുണ്ട്. ലാൻഡ് ട്രിബ്യൂണൽ ഇതുവരെയും മുനിസിഫൻമാർ ആയിരുന്നു. ഒരുപക്ഷെ ആരെങ്കിലും പറഞ്ഞേക്കാം വക്കീലൻമാർക്ക് പ്രത്യേകത ഉള്ളതുകൊണ്ടാണെന്ന്. വക്കീലൻമാർക്ക് ഒരു പ്രത്യേകതയുമില്ല. മാത്രമല്ല തഹസീൽദാർ ആണെങ്കിൽ വക്കീലൻമാർക്ക് കുറേക്കൂടി എളുപ്പവുമാണ്. വക്കീലൻമാർ മാത്രമല്ല ലാൻഡ് ട്രിബ്യൂണലിന്റെ മുൻപാകെ ഹാജരാകുന്നത്. വക്കീലൻമാരല്ലാത്ത ആളുകളും ലാൻഡ് ട്രിബ്യൂണലിന്റെ മുൻപാകെ ഹാജരായി വാദിക്കുന്നുണ്ട്. അതുകൊണ്ട് ഇന്നുള്ള നിലയിൽ മുനിസിഫൻമാരെ നിയമിച്ചതുകൊണ്ട് യാതൊരു വിഷമവും ഇല്ല. അങ്ങനെയാണെങ്കിൽ നിയമത്തിന്റെ നടത്തിപ്പിന് വളരെയധികം സഹായകമായിത്തീരുമെന്നു മനസ്സിലാക്കിക്കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതു സ്വീകരിക്കണമെന്നും ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്.

ശ്രീ. കെ. ടി. ജോർജ്ജ്: ബഹുമാനപ്പെട്ട മെമ്പർ അഹമ്മദ് അവതരിപ്പിച്ച ഭേദഗതിക്കു തുല്യമായ ഒരു ഭേദഗതിയാണ് ഞാൻ എഴുതിക്കൊടുത്തിട്ടുള്ളത്. അതായത് ലാൻഡ് ട്രിബ്യൂണൽ കാൺസ്ററിററ്യൂട്ടു ചെയ്യുന്ന അവസരത്തിൽ മുനിസിഫ് അല്ലെങ്കിൽ മുൻസിഫിന്റെ റാങ്കിലുള്ള മററാളുകളായിരിക്കണം. ഏതായാലും 'or an officer not below the rank of a Tahsildar' എന്നു പറഞ്ഞിട്ടുള്ളത് തീർച്ചയായിട്ടും നീക്കം ചെയ്യണം. ഇതു പറയുമ്പോൾ ഒരു കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. തഹശീൽദാർ എന്നുമാത്രമല്ല പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട അഹമ്മദു സംസാരിച്ചപ്പോൾ തഹശീൽദാർ ആകുന്നതുകൊണ്ടുള്ള കുഴപ്പങ്ങളെക്കുറിച്ച് പറഞ്ഞു. തഹശീൽദാർ എന്നുമാത്രമല്ല 'or an officer not below the rank of a Tahsildar, appointed by the Government' എന്നുകൂടി പറഞ്ഞിട്ടുണ്ട്. ബ്ലോക്കാഫീസറാകാം; ലാൻഡ് ട്രിബ്യൂണ

LIBRARY ARCHIVES Kerala Legislative Assembly

ലായിട്ടു വരുന്നത് തഹശീൽദാറുടെ ശമ്പളം പററുന്ന സർക്കാരിൻെറ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനാകാം. വളരെയധികം സംസാരിക്കുന്ന തിനുമുമ്പ് ഇതു നീക്കം ചെയ്യുന്നെങ്കിൽ നീക്കം ചെയ്തുകൊള്ളട്ടെ എന്നു വിചാരിച്ചിട്ടും നടന്നില്ല. ഇന്നലെ റമിഷൻ ഓഫ് റെൻറിൻെറ കാര്യം പറഞ്ഞപ്പോൾ പാട്ടം ഇളവു ചെയ്യുന്നതിനും അപേക്ഷ കൊടുത്തിട്ടുള്ള ആൾ ടെനൻറാണോ അല്ലയോ എന്ന പ്രശ്നം തീരുമാനിക്കാനുമുള്ള അധികാരി തഹശീൽദാർ ആയിരിക്കുമെന്ന പ്രൊവൈസോയെ ഞങ്ങൾ എതിർത്ത അവസരത്തിൽ 'remission of rent by Tahsildar' എന്നുള്ള ഭേദഗതിയെക്കുറിച്ച് സംസാരിച്ച അവസരത്തിൽ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി പറഞ്ഞതെന്താണെന്നറിയാമോ? ഇതു മാററുന്നില്ല, ഇത് അടിയന്തിര മായി തീരുമാനിക്കേണ്ട കാര്യമാണ് എന്നാണ്. റമിഷൻ ഓഫ് റെൻറിൻെറ കാര്യം തഹശീൽദാർതന്നെ തീരുമാനമെടുത്തുകൊള്ളട്ടെ. ആ കൂട്ടത്തിൽ ആ ടെനൻറ് ആരെന്നു തീരുമാനിക്കേണ്ട അവസരത്തിൽ അതും തഹശീൽദാർ തീരുമാനിച്ചുകൊള്ളട്ടെ.' താൽക്കാലിക നടപടിയെന്ന നിലയിൽ തഹശീൽ ദാർ തീരുമാനമെടുക്കുകയാണെന്നാണ് പറഞ്ഞത്. അപ്പോൾ ബഹുമാന പ്പെട്ട റവന്യൂമന്ത്രിയുടെ വാദംതന്നെ ഉയർത്തിപ്പിടിച്ചുകൊണ്ട്, ഇന്നലെ പറഞ്ഞ ആ വാദഗതിയിൽതന്നെ ഉറച്ചുനിന്നുകൊണ്ട് പറയുകയാണ് വളരെ കൂടുതൽ അധികാരങ്ങളോടുകൂടിയുള്ള ട്രൈബ്യൂണൽതന്നെയായിരിക്കണം ഇത്. ഈവക കാര്യങ്ങൾ തീരുമാനിക്കാൻ വരുന്ന ആൾ ഒരു ബ്ലോക്കാഫീസ റാകാം,; ഒരു തഹശീൽദാർക്ക് തുല്യനായ ആളാകാം എന്നൊക്കെ എഴുതി വച്ചിരിക്കുന്നത് തീർച്ചയായും തെററാണ്. വളരെ കൂടുതൽ അധികാരങ്ങൾ ലാൻഡ് ട്രിബ്യൂണലിനുണ്ട്. ജൻമി-കുടിയാൻ ബന്ധത്തെ സംബന്ധി ക്കുന്ന എല്ലാ കാര്യങ്ങളും നിയമങ്ങളും കൈകാര്യം ചെയ്യുന്നത് ലാൻഡ് ട്രിബ്യൂണലായിരിക്കെ തീർച്ചയായും ഈ കാര്യങ്ങളും ജുഡീഷ്യൽ ഉദ്യോഗ സ്ഥൻമാർതന്നെ കൈകാര്യം ചെയ്യണമെന്ന നിർബന്ധം വച്ചുകൊണ്ട്, 'or an officer not below the rank of a Tahsildar' എന്നുള്ളതു നീക്കം ചെയ്യണം. എന്നിട്ട് അത് ജുഡീഷ്യൽ ആഫീസർതന്നെ ആയിരിക്കണമെന്ന് വ്യക്തമായി എഴുതിച്ചേർക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ശ്രീമാൻ അഹമ്മദ് അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. വളരെ വിപുലമായ അധികാരപരിധി യാണ് ലാൻഡ് ട്രിബ്യൂണലിന് ലഭ്യമാകുന്നത്. തഹശീൽദാർക്ക് അതു കൈകാര്യംചെയ്യാൻ കഴിയുമോയെന്ന് സംശയമാണ്. അതുമാത്രമല്ല വളരെ തെററായിട്ടുള്ള ചില നിഗമനങ്ങൾ വന്നാൽ ആ മാതിരി പല വിഷമ ങ്ങൾക്കും ഇടയാക്കും. അതിന് ഒരു പരിഹാരമായി ഒരു മുൻസിഫിനെ വയ്ക്കുകയാണെങ്കിൽ ആ വിഷമതകൾ ഒഴിവാക്കാൻ സാധിക്കുമെന്നാണ് എൻെറ വിശ്വാസം. അതുകൊണ്ട് ഒരു മുൻസിഫ്തന്നെ വേണം. തഹശീൽ ദാർക്ക് മററു വളരെയധികം ജോലികളുള്ളതുകൊണ്ട് ഇതുപോലുള്ള കാര്യ ങ്ങൾ വളരെവേഗം തീരുമാനിക്കാനും കഴിയുകയില്ല. ലാൻഡ് ട്രിബ്യൂണ ലിനാണെങ്കിൽ ഇതുപോലുള്ള നിയമപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവും ഉണ്ടായിരിക്കും. അതുകൊണ്ട് ലാൻഡ് ട്രിബ്യൂണൽ മാതിരിതന്നെ വേണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്.

ശ്രീ. കെ. കരുണാകരൻ: എതിർക്കുന്ന ആവേശം കണ്ടപ്പോൾ ഇത് നിർബന്ധമായും സ്വീകരിക്കണമെന്ന അപേക്ഷ ആവർത്തിക്കാൻ തോന്നു കയാണ്. നമ്മുടെ ഉദ്യോഗസ്ഥൻമാരെ ആക്ഷേപിക്കുന്നതിനുവേണ്ടി യല്ല, ഇപ്പോൾതന്നെ ചില ജുഡീഷ്യൽ ഫംഗ്ഷൻസിൽ എക്സിക്യൂട്ടീവ് ആഫീസേഴ്സ് വരുന്നുണ്ട്. ആർ. ഡി. ഒ. ആണെങ്കിൽ അഡീഷണൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

മജിസ്ട്രേട്ടാണ്. ഇങ്ങനെ ജുഡീഷ്യൽ ലൈനിൽ പരിശീലനം കിട്ടിയിട്ടില്ലാത്ത ആളുകളുടെ പല ജഡ്ജ്മെൻറുകളും വായിച്ചു നോക്കിയാൽ ഈ എക്സിക്യൂട്ടീവ് ആഫീസേഴ്സ് എന്നെഴുതുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടു മനസ്സിലാക്കാൻ സാധിക്കും. അതുപോലെതന്നെ എക്സിക്യൂട്ടീവ് ആഫീസേഴ്സും ജുഡീഷ്യൽ ആഫീസേഴ്സും തമ്മിൽ സ്റേററിൽ നിലനിൽക്കുന്ന അന്തരം നാം മനസ്സിലാക്കണം. ജുഡീഷ്യറിയോട് എത്രതന്നെ അസുഖമുള്ള ആളുകളും കറപ്ഷൻ ഇന്ന് കാര്യമായി ബാധിച്ചിട്ടില്ലാത്ത ഒരു കേന്ദ്രമാണ് ജുഡീഷ്യറിയെന്നു സമ്മതിക്കും. ഈ വകുപ്പ് ഇതേപടി നിലനിൽക്കുകയാണെങ്കിൽ ഈ ജൻമി-കുടിയാൻ ബന്ധം കൈകാര്യം ചെയ്യാൻ നാം ഏൽപിക്കുന്നവർ അത് വളരെ സത്യസന്ധമായി കൈകാര്യം ചെയ്യുന്നില്ലെങ്കിൽ, ആർക്കാണോ സഹായം ചെയ്യണമെന്നുദ്ദേശിച്ച് ബഹുമാനപ്പെട്ട മന്ത്രി വാശി പിടിക്കുന്നത് അവർക്ക് ദ്രോഹകരംകൂടി ആയിത്തീരും ഇതെന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. കാലതാമസത്തെ സംബന്ധിച്ചും മററുമൊക്കെയാണെങ്കിൽ നമുക്കു മനസ്സിലാക്കാൻ സാധിക്കും. ലാൻറു ട്രിബൂണലിനെ സംബന്ധിച്ചിടത്തോളം ഒരു എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനെ നിയമിച്ചു കഴിഞ്ഞാൽ ആ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനെ പല നിലയിലും സ്വാധീനിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട റവന്യൂമന്ത്രി വിചാരിക്കുന്നത്, ഇങ്ങനെയുള്ള ലാൻറു ട്രിബ്യൂണലിനെ നിയമിച്ചുകഴിഞ്ഞാൽ താൻ വിചാരിക്കുന്ന കാര്യങ്ങൾ, അല്ലെങ്കിൽ റവന്യൂ ഡിപ്പാർട്ടുമെൻറ് ഇപ്പോൾ കൈകാര്യം ചെയ്യുന്ന ആളുകൾ വിചാരിക്കുന്ന രീതിയിലുള്ള കാര്യങ്ങൾ, മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്നാണ്. ആ പ്രതീക്ഷ ഒരു നിയമനിർമ്മാണത്തിനു പശ്ചാത്തലമായിരിക്കരുതെന്നുള്ളത് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്.

"കണ്ടുകണ്ടങ്ങിരിക്കും ജനത്തിനെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ;
രണ്ടുനാലു ദിനംകൊണ്ടൊരുത്തനെ
തണ്ടിലേററി നടത്തുന്നതും ഭവാൻ"

എന്നതുപോലെ, ഇന്നിരിക്കുന്ന മന്ത്രിമാർ നാളെ ഉണ്ടായിരിക്കുമോ എന്നു നിശ്ചയമില്ല. ആരാണ് നാളെ ഇവിടെ ഉണ്ടാകാൻ പോകുന്നത്, ആർക്കായിരിക്കും അതിനു കഴിയുക എന്നൊന്നും ഇപ്പോൾ പറയാൻ പററുകയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇതിൻെറ ആശാൻ ആരാണ്?

ശ്രീ. കെ. കരുണാകരൻ : പാടാനുള്ള ചങ്കൂററം ഞാൻ കാണിക്കുന്നില്ല. അപ്പോൾ ഒരു നിയമനിർമ്മാണം വരുമ്പോൾ ശരിയായ കാര്യങ്ങൾ നാം കണക്കിലെടുക്കണം. കുടിയാനെ സഹായിക്കാൻ തയ്യാറാകുന്ന ഒരു ഗവൺമെൻറ് പ്രത്യേകിച്ചും അഴിമതിക്കു വിധേയമാകാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കരുതെന്നാണ് എനിക്കു പറയാനുള്ളത്. നമ്മുടെ രാജ്യത്തെ ജുഡീഷ്യറിയെ സംബന്ധിച്ചിടത്തോളമാണെങ്കിൽ വളരെയധികം അഴിമതി ഇന്ന് ബാധിച്ചിട്ടില്ല. അതുകൊണ്ട്............

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പണ്ട് തിരുവിതാംകൂറിൽ ഇതുപോലുള്ള കാര്യങ്ങൾ റവന്യൂ ഉദ്യോഗസ്ഥൻമാരാണ് ചെയ്തിരുന്നത്. അതുകൊണ്ട് വലിയ അപാകതകളൊന്നും ഉണ്ടായതായി അറിവില്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: തിരുവിതാംകൂറിൽ പഴയകാലത്ത് ചക്രമില്ലെങ്കിൽ ഒന്നും നീങ്ങുകയില്ലെന്നാണ് ഞാൻ പറഞ്ഞു കേട്ടിട്ടുള്ളത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: സർ, ഇത് ആക്ഷേപകരമായ അഭിപ്രായമാണ്.

ശ്രീ. കെ. കരുണാകരൻ: തിരുവിതാംകൂറിനെ ആക്ഷേപിക്കാൻവേണ്ടിയല്ല ഞാൻ ഇതു പറഞ്ഞത്. മുമ്പു കേട്ട കാര്യം പറഞ്ഞു എന്നേയുള്ളു.

അതുകൊണ്ട് ശ്രീമാൻ അഹമ്മദിന്റെ ഭേദഗതി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: സർ, ശ്രീ. അഹമ്മദിന്റെ ഭേദഗതിയെ ഞാൻ പിന്താങ്ങുകയാണ്. ഇന്നത്തെ തഹശീൽദാർമാരുടെ കാര്യമാണെങ്കിൽ അവരിൽ മിക്കവരും ലാ ഗ്രാഡ്വേറ്റല്ല. ലോവർ ഡിവിഷൻ ക്ലാർക്കായിരുന്ന് പ്രമോഷൻ കിട്ടിവരുന്നവരാണ്. അതുപോലെ സപ്ലൈ ആഫീസറും ബ്ലോക്ക് ആഫീസറും ഒക്കെ ജുഡീഷ്യൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് തെറ്റാണ്. അതുകൊണ്ട് മുൻസിഫ് ട്രിബ്യൂണലിൽ വരുന്നത് എല്ലാ നിലയിലും നല്ലതാണ്. ലാൻറ് ട്രിബ്യൂണലിൽ ജുഡീഷ്യൽ ആഫീസർ 'not below the rank of a Munsiff' എന്നുള്ള നിലയിൽ വേണം. നിയമങ്ങൾ അറിയാവുന്നവരായിരിക്കണം. സാധാരണക്കാരന് സഹായകമായ നിലപാട് സ്വീകരിക്കുന്ന ആളുകൾ വേണം. അതുകൊണ്ട് ലാൻറ് ട്രിബ്യൂണലായിട്ട് ജുഡീഷ്യൽ ആഫീസർതന്നെ വേണം.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, ശ്രീമാൻ അഹമ്മദിന്റെ ഭേദഗതിയെ ഞാൻ ഒററവാക്കിൽ എതിർക്കുന്നു.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ഇവിടെ പറഞ്ഞ ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ശ്രീമാൻ കെ. ടി. ജോർജ്ജ് പറഞ്ഞതുപോലെയല്ല ഇന്നലെ ഞാൻ പറഞ്ഞത്. ഞാൻ പറഞ്ഞത് റമിഷൻ ഓഫ് റെൻറിനെ സംബന്ധിച്ച് തഹസീൽദാർ, അല്ലെങ്കിൽ 'not below the rank of a Tahsildar' എന്നാണ് പറഞ്ഞിരുന്നത്. അതിനകത്ത് വേറെ ഒരു വാചകം കൂടി ഉണ്ടായിരുന്നു 'appeal lies to the Revenue Divisional Officer' അതായിരുന്നു അതിലുണ്ടായിരുന്നത്. അതുകൊണ്ടാണ് ഈ ഒരു കാര്യത്തിൽ മാത്രം ഇങ്ങനെ ഉണ്ടാക്കാനുള്ള കാരണം. ഇതു രണ്ടുംകൂടി കൂട്ടിച്ചേർക്കുമ്പോൾ legally constituted court എന്നാകും. തഹശീൽദാരായാലും ബ്ലോക്ക് ഡെവലപ്പ്മെൻറ് ആഫീസറായാലും ഏതു ആഫീസറെ നിയമിച്ചു കഴിഞ്ഞാലും അത് legally constituted court ആണ്. ആ കോടതയിൽ അപ്പീൽ ....

ശ്രീ. കെ. കരുണാകരൻ: ഈ കോർട്ടിൽ ആണെങ്കിൽതന്നെയും അഡ്മിനിസ്ട്രേററീവ് കൺട്രോൾ എവിടെയാണ്?

ശ്രീമതി കെ. ആർ. ഗൗരി: ലാൻഡ് ബോർഡിന് ആയിരിക്കും. ജഡ്ജി വന്നുകഴിഞ്ഞാലും ലാൻറ് ബോർഡിനാണ്. കഴിഞ്ഞ കാലത്ത് ഇവിടെ രണ്ടു നിയമങ്ങൾ നടപ്പാക്കിയിട്ടുണ്ട്. അത് ശ്രീമാൻ കരുണാകരൻ അറിഞ്ഞിരിക്കുകയില്ല. ബാക്കിയുള്ളവരും അറിഞ്ഞിരിക്കുകയില്ല. ഒന്ന് പട്ടാഴി ദേവസ്വം നിയമം. പട്ടാഴി ദേവസ്വം കുടിയാനെ വസ്തു ഉടമസ്ഥരാക്കുന്നത്. ഒരു മനുഷ്യരും അതിൽ ആക്ഷേപം പറഞ്ഞിട്ടില്ല. ഇവർ മാത്രമാണ് ചെയ്തത്. എന്നിട്ട് ഒരു മനുഷ്യൻ കംപ്ലെൻറു പറഞ്ഞിട്ടില്ല. കാമ്പൻസേഷൻ തീരുമാനിച്ചു കൊടുക്കേണ്ട കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

വരെ നടന്നു. ഇനി സെററിൽമെൻറു നടക്കണം. ഇതിൽ ഒരു ജുഡിഷ്യറിയും പ്രവർത്തിച്ചില്ല.

രണ്ടാമത്തേത് ജൻമിക്കരം അബോളിഷൻ നിയമം. പഴയ കാലത്തെ കാണം ഭൂമിയെ സംബന്ധിച്ച്, ജൻമിയുടെ അവകാശം നിറുത്തലാക്കിക്കൊണ്ട് കുടിയാൻ കൊടുക്കേണ്ടതായിട്ടുള്ള തുക എന്തെന്നു നിശ്ചയിച്ചത് ഈ തഹശീൽദാർമാരാണ്. എന്നിട്ട് കാര്യങ്ങൾ ഭംഗിയായി വേഗത്തിൽ നടന്നു. എന്നുവിചാരിച്ച് എല്ലാ തഹശീൽദാരൻമാരും നല്ല മനസ്സുകാരായിരിക്കണമെന്നില്ല. അതുപോലെതന്നെ മുൻസിഫ്മാരിലും യാഥാസ്ഥിതിക മനോഭാവക്കാരുണ്ട്. അതുകൊണ്ട് പ്രായോഗികമായിട്ട് കാര്യങ്ങൾ നടത്താൻ കഴിയുന്നതുപോലെ ചെയ്യണം.

ശ്രീ. ഇ. അഹമ്മദ്: വേണ്ടത്ര മുൻസിഫ്മാരെ കിട്ടാതെ വന്നിട്ടുണ്ടോ, മുൻസിഫ്മാരെ കിട്ടാൻ വല്ല ബുദ്ധിമുട്ടുമുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: കിട്ടാതെയൊന്നുമില്ല, വേണ്ടെന്നു വച്ചതാണ്. ചോദിച്ചിട്ടു തരാഞ്ഞിട്ടല്ല. ഇതു രണ്ടുമല്ല. ലാൻറ് റിഫോംസ് നിയമം നടപ്പാക്കുമ്പോൾ സാധാരണ നിയമത്തിൻെറ തലനാരിഴ കീറുന്നതുപോലെ കീറി തീരുമാനിക്കരുത്. അങ്ങനെയുള്ള പ്രശ്നങ്ങളല്ല ഇതിലുള്ളത്. ഈ നിയമം പാസ്സായി കഴിഞ്ഞാൽ..........

ശ്രീ. കെ. എം. മാണി : ഈ നിയമം നിയമമായി കഴിഞ്ഞാൽ നിയമത്തിൻെറ ഇൻറർപ്രട്ടേഷൻ കോടതിയിൽ നടക്കരുത്. നിയമം അറിയാവുന്നവരെ വച്ചാൽ അതുചെയ്യും. അതുകൊണ്ടല്ലേ തഹശീൽദാരെ വയ്ക്കാൻ തീരുമാനിച്ചത് ?

ശ്രീമതി കെ. ആർ. ഗൗരി: സാധാരണ നിയമങ്ങൾപോലെ, തലനാരിഴ കീറുന്നതുപോലെ, കീറാനുള്ള പ്രശ്നങ്ങളല്ല ഇതിലുള്ളത്. മററു സ്റേററുകളിൽ ലാൻറ് റിഫോംസിൻെറ ഇംപ്ലിമെൻേറഷൻ പരിശോധിച്ചതിനുശേഷം സെൻട്രൽ ഗവൺമെൻറ്, കോൺഗ്രസ് ഗവൺമെൻറ്—ശ്രീ. കരുണാകരൻെറ കോൺഗ്രസ്സല്ല—ഒരു എഴുത്ത് ഞങ്ങൾക്ക് അയച്ചുതന്നിട്ടുണ്ട്. അത് ഞാൻ ഇവിടെ വായിക്കാം.

ഡെ പ്യൂട്ടി സ്പീക്കർ : നാളെ വായിക്കാം.

Announcement

ഡെപ്യൂട്ടി സ്പീക്കർ: സഭ പിരിയുന്നതിനുമുമ്പ് ഒരു കാര്യംകൂടി അറിയിക്കാനുണ്ട്. ഒക്ടോബർ 17-ാം തീയതി വെള്ളിയാഴ്ച നോൺ ഒഫീഷ്യൽ ബിസിനസ്സിനു പകരം ഒഫീഷ്യൽ ബിസിനസ്സു നടത്താൻ ബിസിനസ് അഡൈ്വസറി കമ്മിററി തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് അന്ന് നോൺ ഒഫീഷ്യൽ ഡേ ആയിരിക്കുന്നതല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അപ്പോൾ അന്നത്തെ ബിസിനസ്സോ?

ഡെപ്യൂട്ടി സ്പീക്കർ : അത് പിന്നീട് കമ്മിററി തീരുമാനിച്ചുകൊള്ളും.

Mr. Deputy Speaker : Order, order. The House will now adjourn and meet again tomorrow at 8 a. m.

The Assembly adjourned at 1 p. m. to meet again at 8 a. m. on Wednesday, the 15th October, 1969.

LIBRARY ARCHIVES Kerala Legislative Assembly